മലയാളകാവ്യസംഗ്രഹം

സ്വാതന്ത്ര്യോത്തരഭാരതീയകാവ്യം

മലയാളകാവ്യസംഗ്രഹം

സമ്പാദകൻ :

ജി. ശങ്കരക്കുറുപ്പ്

നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ

ന്യൂ ഡെൽഹി

March, 1973 (Chaitra 1895)

© അവകാശം അതതു കവികൾക്ക്, 1973

വില: രൂപ 4.00

വിതരണം :
നാഷണൽ ബുക്ക് സ്റ്റാൾ
കോട്ടയം

ANTHOLOGY OF INDIAN POETRY
(Malayalam)

PUBLISHED BY THE DIRECTOR; NATIONAL BOOK TRUST, INDIA, A-5, GREEN PARK, NEW DELHI-16 AND PRINTED AT REKHA PRINTERS PVT. LTD., NEW DELHI-15.

ആമുഖം

സ്വാതന്ത്ര്യം അരൂപമായ ഒരാത്മീയമൂല്യമാണ്, ആത്മാവിനെപ്പോലെതന്നെ പലക്കും. ഇരുമ്പഴികൾ കാരാഗൃഹമാവണമെന്നില്ല സ്വതന്ത്രാത്മാക്കൾക്ക് എന്ന് ആ ആദർശവാദികളാണു പറയുന്നതു്. ആത്മാവെന്നപോലെ സ്വാതന്ത്ര്യവും രൂപം പ്രാപിക്കുമ്പോഴേ യാഥാത്ഥ്യമാകുന്നുള്ളു. രാഷ്ട്രത്തിന്റെ ആന്തരവും ബാഹ്യവുമായ, ആത്മീയവും ഭൗതികവുമായ വികാസത്തിനു അനുകൂലമായ അന്തരീക്ഷം എന്ന് അതിനെ വ്യവഹരിക്കാമെന്നു തോന്നുന്നു. ഈ അത്ഥത്തിൽ നമുക്കു സ്വാതന്ത്ര്യം ലഭിച്ചിട്ട് ഒരു കാൽനൂറ്റാണ്ടു കഴിഞ്ഞു. നാം നമ്മുടെ രാഷ്ട്രസ്വാതന്ത്ര്യത്തിന്റെ രജതജൂബിലി ആഘോഷിക്കയാണ്; ഭൗതികവും സാംസ്കാരികവുമായ മണ്ഡലങ്ങളുടെ വികാസപരിണാമങ്ങൾ നോക്കിക്കാണുകയാണ്. സംസ്കാരത്തിന്റെ പരിമളം പരക്കുന്ന, ജീവിതത്തിന്റെ മുഖഭാവവൈചിത്ര്യം പ്രതിഫലിക്കുന്ന, കാലത്തിന്റെ സ്പന്ദം സ്പുരിക്കുന്ന, കവിതയുടെ വികാസപരിണാമങ്ങളും പ്രവണതകളും ഈ സന്ദർഭത്തിൽ നിരീക്ഷിക്കേണ്ടതാണല്ലൊ. ഭാരതീയഭാഷകളിൽ സ്വാതന്ത്ര്യോദയത്തിനുശേഷം സംജാതമായ കവിതകളുടെ ഓരോ സമാഹാരം പ്രസാധനം ചെയ്യുന്നതിനുള്ള ഉദ്യമം സ്വാഗതാർഹമല്ലേ?

സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷം, ഭാരതസംസ്കാരത്തിന്റെ സങ്കീർണ്ണതയിലും നാനാത്വത്തിലും അതിന്റെ ഏകത്വം കാണാനുള്ള ശ്രമം മന്ദീഭവിച്ചിരിക്കയാണ്. ഓളങ്ങളുടെ തിരക്കിൽ ഏകമായ അടിയൊഴുക്ക് അപ്രത്യക്ഷമാകുന്നതുപോലെ തോന്നുന്നു. ഭാരതത്തിന്റെ സാംസ്കാരികസമുദ്ഗ്രഥനത്തിനും ഏകരാഷ്ട്രബോധത്തിനും അനുകൂലമല്ല, ഈ പരിണാമം. സ്വാതന്ത്ര്യത്തിന്റെ രജതജൂബിലിയോടനുബന്ധിച്ചു മൂന്നു ഭാഷകളിൽ പ്രകാശനം ചെയ്യുന്ന ഈ കാവ്യസമാഹാരങ്ങൾ ഭാഷകൾ ഭിന്നങ്ങളാണെങ്കിലും അവയിൽത്തുടിക്കുന്ന ഭാവ

ങ്ങൾക്ക സാജാത്യമുണ്ടെന്നും ഇന്ത്യയുടെ ആത്മാവ്, ഹൃദയം, ഒന്നാണെന്നും അനുഭവഗോചരമാക്കാതിരിക്കയില്ല. പ്രാന്തീയങ്ങളായ സവിശേഷതകൾ വൈചിത്ര്യം നൽകുക മാത്രമേ ചെയ്യുന്നുള്ളു; സമ്പന്നമാക്കുകയും. വികാരാർദ്രവും ഭാവനാദീപ്തവുമായ ഭാവങ്ങളുടെ ലയമധുരമായ ആവിഷ്കാരഭാഷയായ കവിത ഇതരസാഹിത്യശാഖകളേക്കാൾ രാഷ്ട്രത്തിന്റെ ഹൃദയാഗാധതലത്തെ സ്പർശിക്കുന്നു.

സ്വാതന്ത്ര്യോദയത്തിനു ശേഷം വികസിച്ച കവിതകൾക്ക മാത്രമേ ഈ സങ്കലനത്തിൽ ഇടംകൊടുക്കാൻ കഴിഞ്ഞിട്ടുള്ളു. ഈ പരിമിതികൾമൂലം പേരെടുത്ത എല്ലാ കവികളുടെ കൃതികളും ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ലെന്നു ക്ഷമാപണപൂർവ്വം സമ്മതിക്കേണ്ടിവന്നിരിക്കുന്നു. എല്ലാക്കവികളുടെയും അത്യുത്തമ കൃതികളാണ് ചേർത്തിട്ടുള്ളതെന്നും പറയാൻ പററില്ല. എന്നാലും എല്ലാ പ്രവണതകൾക്കും പ്രാതിനിധ്യം നൽകിയിട്ടുണ്ട്; സങ്കലനത്തിൽ വന്നിട്ടുള്ള കവിതകൾ ഒരുവിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിൽ, വിശിഷ്ടങ്ങളെന്നു ഗണിക്കാവുന്നവയുമാണ്.

ഇരുപതാം നൂററാണ്ടിന്റെ ദ്വിതീയദശകാവസാനത്തിൽ ആരംഭിച്ച സ്വാതന്ത്ര്യസമരത്താൽ ഉത്തേജിതമായ രാഷ്ട്രചേതനയാണ്, നമ്മുടെ കവികളുടെ പ്രതിഭയെ ഉണർത്തിയ ഒരു മുഖ്യഘടകം. ഗാന്ധിജിയുടെ ആത്മീയവും ധാർമ്മികവുമായ ദർശനവും ജവഹർലാലിന്റെ ഭൗതികവും ആത്മീകവുമായ വീക്ഷണവും പരസ്പരം പൂരിപ്പിച്ചിരുന്ന ഒരു പ്രസ്ഥാനമായിരുന്നു, ആ ദേശീയസമരം. അംഗിയായ രാഷ്ട്രബോധവും ആനുഷംഗികമായ അന്താരാഷ്ട്രബോധവും അതിൽ ഇണങ്ങിച്ചേർന്നിരുന്നു. ഇതിന്റെ എല്ലാം സ്പന്ദാനുസ്പന്ദങ്ങൾ നമ്മുടെ കവിതയുടെ നവോത്ഥാനത്തിൽ സ്ഫുരിക്കുന്നുണ്ട്. ഇന്ത്യയിലെ ഒന്നാമത്തെ ദേശീയകവിസമ്മേളനം ദില്ലിയിൽവച്ചു നടന്നതു ഞാനിപ്പോളോർമ്മിക്കയാണ്. അന്ന് അവിടെ മുഴങ്ങിയ മിക്ക ഗീതകങ്ങളും ദേശാഭിമാനവും വിജയോല്ലാസവും ഭാവിപ്രതീക്ഷയും അലതല്ലുന്നവയായിരുന്നു;

കവികളുടെ തൂലിക രാഷ്ട്രപുനസ്സംവിധാനത്തിനു സമർപ്പിക്കുന്ന സ്വരം തുടിക്കുന്നവയായിരുന്നു. എന്നാലും ഒരു യാഥാർത്ഥ്യം വിസ്മരിച്ചുകൂടാ. സ്വാതന്ത്ര്യോദയത്തോടുകൂടി ഉണ്ടായ ഇരുണ്ട വർഗ്ഗലഹളയും രക്തവർഷവും ആശങ്കകളേയും അസംതൃപ്തികളേയും അർദ്ധജയബോധത്തിന്റെ ഫലങ്ങളായ വ്യാകുലതകളേയും അതിനു മുൻപുതന്നെ ഉല്പാദിപ്പിച്ചു കഴിഞ്ഞിരുന്നു.

ഈ സമാഹാരത്തിലെ ആദ്യകവിത ആ ഭാവങ്ങളെയാണു് സ്ഫുരിപ്പിക്കുന്നതു്. മഹാകവി ഉള്ളൂരിനു സഹജമായ ശുഭപ്രതീക്ഷാശീലം ഈ കൃതിയിലും നഷ്ടമായിട്ടില്ലെന്നേയുള്ളു.

ഗാന്ധിജിയെ പരമദേശികനായി ആദരിക്കുകയും ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ കാഹളം മുഴക്കുകയും ചെയ്ത മഹാകവി വള്ളത്തോൾ അന്താരാഷ്ട്രബോധത്തിന്റെ ചൈതന്യവും ഉൾക്കൊണ്ടിരുന്നു. 'ലെനിൻ ശവകുടീര'ത്തിൽ നിൽക്കുമ്പോൾ ആ ദേശാഭിമാനി ലെനിനെ സൂര്യനായും ഗാന്ധിജിയെ സോമനായുമാണു് സാമ്യപ്പെടുത്തുന്നതു്. ഗാന്ധിജിയുടെ സൗമ്യതയ്ക്കും കർമ്മസൗന്ദര്യത്തിനും അനുരൂപമാവാം ആ ഔപമ്യം.

ഈ സമാഹാരത്തിലെ എല്ലാ കവിതകളേയും ഇങ്ങനെ പരാമർശിക്കുവാൻ സ്ഥലപരിമിതി സമ്മതിക്കുന്നില്ല. ചങ്ങമ്പുഴയും വൈലോപ്പിള്ളിയും ഭാസ്കരനും മററും 'തന്റെ ഉള്ളിലേയ്ക്കു നോക്കി' ഭാവഗീതികൾ രചിക്കുന്ന വിശിഷ്ടകാല്പനിക കവികളായിട്ടുതന്നെയാണു്, ഇതിലും പ്രത്യക്ഷമാകുന്നതു്. മനോവിജ്ഞാനത്തിന്റെ വെളിച്ചത്തിൽ 'പെരുംതച്ച'ന്റെ സ്വഭാവത്തെ അപഗ്രഥിക്കുവാൻ ഞാൻ ആ ശില്പിയുടേയും പുത്രന്റേയും ഹൃദയത്തിലേക്കു നോക്കുവാനാണു്, ഉദ്യമിച്ചിട്ടുള്ളതെന്നു തോന്നുന്നു. വനോത്സവം നടത്തുകയും പ്രകൃതിസൗന്ദര്യങ്ങളെ വെട്ടിമുറിക്കുകയും ചെയ്യുന്ന ആധുനിക പരിഷ്കാരത്തോടു് അധിക്ഷേപം വ്യഞ്ജിപ്പിക്കുന്ന പ്രതിഷേധമാണു്, വെണ്ണിക്കുളത്തിന്റെ തൂലികയിൽനിന്നു പുറപ്പെട്ടിരിക്കുന്നതു്. വയലാറിന്റെ അശ്വമേധാശ്വം വാമപക്ഷചിന്താ

ഗതിയോടടുത്തുകൊണ്ടു് അഴിച്ചുവിട്ടിരിക്കുന്ന ഭാവന തന്നെയാണു്. അതു് പ്രോലിറേററിയൻ ജനശക്തിയായി ഐക്യം പ്രാപിച്ചിരിക്കുന്നു.

സിംബലിസത്തിൻെറ ഇതരമാതൃകകളാണു്, ഈ സമാഹാരത്തിലെ മററു ചില ഗീതികൾ. പി. കുഞ്ഞിരാമൻ നായരുടെ 'മൺകുടത്തിൻെറ വില' ആധ്യാത്മികഭാവത്തിൻെറ സൗരഭ്യംകൂടി കലന്നതാണു്. സിസ്റ്റർ ബെനീഞ്ഞ സന്യാസിനീജീവിതത്തിൻെറ അന്തരീക്ഷത്തിലിരിക്കുമ്പോൾ, ബാഹ്യലോകജീവിതത്തിലേക്കു് ആർദ്രതയോടും അഭിലാഷത്തോടും എത്തിനോക്കുകയാണു് 'കാററിനോടു്' എന്ന സിംബോളിക് ഗീതിയിലൂടെ. ധന്യമായ ഒരു സാത്വികജീവിതം, തത്വജ്ഞാനത്തിൻെറ ശാന്തഗാംഭീര്യത്തോടെ വാർദ്ധക്യത്തെ സ്വാഗതം ചെയ്കയാണു്, ബാലാമണിയമ്മയുടെ സരളഭാവഗീതിയിൽ. യുദ്ധത്തിൻെറ വൈയർത്ഥ്യത്തെ, അന്തർദ്ദേശീയവീക്ഷണത്തോടെ പ്രകാശിപ്പിക്കയാണു് നാലാങ്കലിൻെറ 'പുല്പകം'.

കല കലയ്ക്കുവേണ്ടി എന്ന പക്ഷം വേഷംമാറി ആധുനികഘട്ടത്തിൽ രംഗപ്രവേശം ചെയ്യാൻ ആരംഭിച്ചിട്ടുണ്ടു്. എൻ. വി. കൃഷ്ണവാര്യർ സാഹിത്യത്തിലെ ഏതു പരിവർത്തനത്തെയും പരീക്ഷണത്തെയും സ്വാഗതം ചെയ്യുന്ന നിരൂപകനാണെങ്കിലും, 'കവിത ജീവിതത്തിൽനിന്നു് ജീവിതത്തിനുവേണ്ടി' എന്നു വിശ്വസിക്കുന്ന കവിയാണു്. ബംഗാൾക്ഷാമത്തിൻെറ ദാരുണവും ദയനീയവുമായ പ്രതികരണമാണു് 'എലികൾ' എന്ന റിയലിസ്റ്റ് കവിതയിൽ. ഇടശ്ശേരി ലക്ഷ്യവും മാർഗ്ഗവും അക്രമരഹിതമായിരിക്കണമെന്ന ഗാന്ധിയൻ ദേശീയാദർശത്തെ ഭംഗ്യന്തരേണ ചോദ്യം ചെയ്കയാണു്, 'ബുദ്ധനും ഞാനും നരിയും' എന്ന ഉപഹാസചതുരവും ശക്തിവ്യഞ്ജകവുമായ കൃതികൊണ്ടു്. ബുദ്ധൻെറ നിശ്ചലവിഗ്രഹത്തെ ചെങ്കനൽക്കണ്ണൻപുലിയുടെ ഉടലിലേയ്ക്കു മറിക്കുന്നു, ഇടശ്ശേരി. എളുപ്പത്തിൽ ആശാസ്യപരിവർത്തനം വരുത്തുന്ന മാർഗമാണു്, ഹിംസാത്രുഷിതമായാലും ആദരണീയ

മെന്നു്, ഭാരതീയസമുദായത്തിന്റെ അലസപുരോഗമനം കാണുമ്പോഠം അഹിംസാവാദികഠംക്കും തോന്നിപ്പോകും, ചിലപ്പോളെങ്കിലും.

ജീവിതം വ്യർത്ഥമാണു്; മരണത്തിലേയ്ക്കാണു് എല്ലാററിന്റേറയും ഗതി; അതു ദുസ്സഹവും ദുരന്തവും തന്നെ; ഈ ചിന്താഗതി, ഈ തത്ത്വജ്ഞാനാഭാസം നവീനദശയിൽ മുഖമുയർത്താൻ തുടങ്ങിയിട്ടുണ്ടു്, കേരളഭാഷയിലും. വൃത്തത്തിൽ ആകർഷകമായ ചെറിയ ലയപരീക്ഷണത്തിനു് ഉദ്യുക്തനായ ഒ. എൻ. വി. സകല അപൂർണ്ണതയോടും കൂടിത്തന്നെ ജീവിതത്തെ സ്വാഗതം ചെയ്കയാണു്; ജീവിതത്തിനോടു നന്ദി പറയുകയാണു്. മാനസികാരോഗ്യം സ്ഫുരിക്കുന്ന ഒരു ഭാവഗീതിയാണു് 'ജീവിതമേ, നന്ദി'. ജീവിതത്തിൽ, സംഘടനകളുടെയും സംഘടിതപ്രസ്ഥാനങ്ങളുടേയും പ്രഭാവത്തിൽ 'വ്യക്തിയുടെ മുഖം' ഇല്ലാതാകുന്നതിനെ വിഷ്ണുനാരായണൻ ഉപഹസിക്കുന്നു. എം. ഗോവിന്ദൻ വികാസത്തിന്റേറയും പരിവർത്തനത്തിന്റേറയും കവിയാണു്. അയ്യപ്പപ്പണിക്കരും കക്കാടും മാധവൻ അയ്യപ്പത്തും സച്ചിദാനന്ദനും കവിതയുടെ ഭാവരൂപങ്ങളിൽ ഗണ്യമായ പരിവർത്തനം വരുത്തുകയും പരീക്ഷണം നടത്തുകയും ചെയ്യുന്ന അത്യാധുനികന്മാരുമത്രെ. കവനം സ്വന്തം വ്യക്തിത്വത്തിന്റെ പ്രകാശനത്തിനുള്ള ഒരു സാധനയായിട്ടേ അവരും അനുയായികളും മുഖ്യമായി സങ്കല്പിക്കുന്നുള്ളു. സ്വപ്നത്തിന്റെ ഉള്ളിലെ സ്വപ്നത്തിൽപ്പോലും പലപ്പോഴും അവരുടെ പ്രതീക്ഷ അങ്ങുമിങ്ങും വെട്ടിത്തിളങ്ങിക്കൊണ്ടു സഞ്ചലിക്കുന്നു.

ഈ ആന്തോളജിയുടെ പരിമിതിയും അതേസമയത്തുതന്നെ ഇതിന്റെ സമഗ്രപ്രാതിനിധ്യസ്വഭാവവും സമ്പന്നതയും വൈചിത്ര്യവും ദ്യോതിപ്പിക്കാൻ ഇതിലധികം വിസ്തരിക്കേണ്ടതില്ലെന്നു തോന്നുന്നു.

5—7—'72. **ജി. ശങ്കരക്കുറുപ്പ്**

വിഷയവിവരം

ആമുഖം		v
വിജയപ്രാർത്ഥന	ഉള്ളൂർ	1
മനസ്വിനി	ചങ്ങമ്പുഴ	3
എലികൾ	എൻ. വി. കൃഷ്ണവാരിയർ	8
ഓർക്കുക വല്ലപ്പോഴും	പി. ഭാസ്കരൻ	12
ലെനിൻ ശവകുടീരം	വള്ളത്തോൾ	19
ആശുപത്രിയിൽ	വൈലോപ്പിള്ളി ശ്രീധരമേനോൻ	23
അശ്വമേധം	വയലാർ രാമവർമ്മ	29
ചിത്രവധം	വെണ്ണിക്കുളം ഗോപാലക്കുറുപ്പ്	31
പെരുന്തച്ചൻ	ജി. ശങ്കരക്കുറുപ്പ്	35
ബുദ്ധനും ഞാനും നരിയും	ഇടശ്ശേരി	44
പ്രകൃതിയും കവിയും	എം. പി. അപ്പൻ	47
മൺകുടത്തിന്റെ വില	പി. കുഞ്ഞിരാമൻ നായർ	48
ജൈത്രയാത്ര	കെ. കെ. രാജാ	50
കണ്ണീരിന്റെ വികാസം	ഒ. എം. അനുജൻ	51
അമൃതകല	പാലാ നാരായണൻ നായർ	54
നാനാഴിപ്പൂക്കൾ	കടത്തനാട്ട് മാധവിഅമ്മ	59
ഊട്ടിയിലെ മാവ്	സി. എ. ജോസഫ്	61

അഗ്നിപൂജ	അയ്യപ്പപ്പണിക്കർ	64
സ്വാഗതം കുഞ്ഞിക്കാറേ	സിസ്റ്റർ ബെനീഞ്ഞ	67
കരതലാമലകം	അക്കിത്തം അച്യുതൻ നമ്പൂതിരി	73
പുല്ലിന്റെ പാട്ട്	നാലാങ്കൽ	76
ഈശ്വരൻ നമസ്കരിക്കുന്നു	ഒളപ്പമണ്ണ	78
പാവം മാനവഹൃദയം	സുഗതകുമാരി	82
മുഖമെവിടെ?	വിഷ്ണുനാരായണൻ നമ്പൂതിരി	84
ദേവദൂതി	ബാലാമണി അമ്മ	86
നന്ദി	ഒ. എൻ. വി. കുറുപ്പ്	87
മോഷ്ടിക്കപ്പെട്ടത്ത ഒരു രാത്രി	എൻ. എൻ. കക്കാട്	89
ആ വിളി	കൃഷ്ണൻ പറപ്പിള്ളി	91
മൗലികം	എം. ഗോവിന്ദൻ	92
മൂകസംഗീതം	പി. നാരായണക്കുറുപ്പ്	93
ചുവപ്പിന്റെ ലോകം	ജി. കുമാരപ്പിള്ള	95
പ്രഭാതവന്ദനം	എൻ. എൻ. പാലൂര്	98
അമാവാസി രാത്രിയിൽ	ടി. ആർ. ശ്രീനിവാസ്	102
ഓണപ്പുടവ	കെ. വി. രാമകൃഷ്ണൻ	105
അമൃതം കടയുന്നു	കെ. ജി. മേനോൻ	107
ആത്മാഹുതി	സച്ചിദാനന്ദൻ	108
കവിപരിചയം		110

വിജയപ്രാർത്ഥന

ഉള്ളൂർ

കുടുംബത്തെ രണ്ടായ്പ്പിരിക്കിലി ശ്ശല്യ-
　　　　മൊടുങ്ങു മെന്നല്ലീ നിനച്ചിരുന്നുനാം?
ജനനിതൻ പൂമെയ് പിളക്കിലും, കൂടി-
　　　　യിണങ്ങുമെന്നല്ലീ കരുതിവാണു നാം?
പകുത്തിട്ടെന്തായീ ഫലം? പിരിഞ്ഞോർ തൻ-
　　　　പക ചെന്തീ വീണ്ടും പടർന്നു കത്തുന്നു.
മറകൾ കണ്ടൊരു മഹർഷിമാരിരു-
　　　　ന്നരുളിന പഞ്ചനദത്തിലിദ്ദിനം
ഇടതടവററു നടന്നീടുന്നല്ലോ
　　　　ചുടലക്കാട്ടിലെ പ്പിശാചതാണ്ഡവം!
എവിടെയും കൂട്ടക്കൊലയും, കൊള്ളയു-
　　　　മെവിടെയും ബലാദ്രതവും, തീവെപ്പും.
ജനിച്ചദേശവും, ഗൃഹവും, സമ്പത്തും,
　　　　തനിക്കുവാച്ചിടും സമസ്തബന്ധവും
ത്യജിച്ചുയിർമാത്രം പുലർത്തുവാൻ കൊതി-
　　　　ച്ചജസ്രമൊട്ടുപേർ പരക്കം പായുന്നു.
അശാന്ത മാഞ്ഞെത്തി പ്പിടിച്ചവരെയും
　　　　കശാപ്പു ചെയ്യുന്നു പരർ മതഭ്രാന്തർ.
പ്രപഞ്ചധാതാവേ! വളരെ നീണ്ടുപോയ്
　　　　സ്വപ്നമങ്ങേ,യ്ക്കൊന്നു ണരണേ വേഗം
ഇവിടത്തെ സ്ഥിതിഗതികൾ നോക്കണേ
　　　　രവിയു മിന്ദുവും മിഴികളാവോനേ!
ഭുവനങ്ങളങ്ങു ചമച്ചതാണെങ്കി-
　　　　ലവനിയുമതിൽ പ്പെടുകയില്ലയോ?
ജനയിതാവിനു തനതപത്യത്തെ-
　　　　ക്കനിഞ്ഞു കാക്കേണ്ടും കടമയില്ലയോ?

അതോ ധരണിയെ ച്ചെകിത്താനായ് ശ്ലല്യ-
മൊത്തുങ്ങുവാനങ്ങു മുഴിഞ്ഞു തള്ളിയോ?
ഹൃദയവും കണ്ണുമുടയോരേ! കേൾപ്പി-
നുദയം ചെയ്തുപോയ് നവീനമാം യുഗം
അതിനിണങ്ങാത്ത പഴമയൊക്കെയും
പതിക്കട്ടേ ചെന്നു പടുകുഴിയ്ക്കുള്ളിൽ.
ഒരു മതം മതിയിനി-പ്പരസ്നേഹ,
മൊരുവർഗ്ഗം മതി-മനുഷ്യസംജ്ഞകം;
ഒരു രാഷ്ട്രം മതി—ധരാതലം—നമു-
ക്കൊരു ദൈവം മതി-ഹൃദിസ്ഥിതം ദീപം.
കിഴക്കു വങ്ഗത്തിൽ ക്കൊടുമ്പിരിക്കൊണ്ടു
വഴക്കും വാശിയും വധൈകവാഞ്ഛയും
ഭരതഭൂമിയിൽ സ്വാതന്ത്ര്യതാസ്വര-
സരിത്തൊഴുക്കിന നവഭഗീരഥൻ
ശുഭവ്രതനസ്സദ് ഗ്ഗുരു ദിനങ്ങൾ മൂ-
ന്നുപവസിക്കവേ മറഞ്ഞുമാഞ്ഞുപോയ്;
അതിന്നു മേലതാ! തിരിക്കയായ് പഞ്ച-
നദത്തിലേയ്ക്കു മഗ്ഗമപ്രവാചകൻ
അവിടെയും ജയമവിടുന്നാർജ്ജിച്ചു
ഭേരികമുഴക്കു പരക്കെ നൽകട്ടെ.

മനസ്വിനി

ചങ്ങമ്പുഴ

മഞ്ഞത്തെച്ചിപ്പൂങ്കുല പോലെ
മഞ്ജിമ വിടരും പുലർകാലേ,
നിന്നൂ ലളിതേ, നീയെൻ മുന്നിൽ
നിർവൃതി തൻ പൊൻകതിർ പോലെ!

ദേവനികേത ഹിരൺമയ മകുടം
മേവീ ദൂരെ ദ്യുതി വിതറി.
പൊന്നിൻ കൊടിമരമുകളിൽ ശബളിത-
സന്നോജ്ജ്വലമൊരു കൊടി പാറീ!

നീലാരണ്യ നിചോളനിവേഷ്ടിത-
നീഹാരാർദ്ര മഹാദ്രികളിൽ,
കല്യലസജ്ജലകന്യക കനക-
ക്കതിരുകൾ കൊണ്ടൊരു കണിവെയ്ക്കേ,
കതിരുതിരുകിലു മദൃശ്യശരീരികൾ,
കാമദ കാനന ദേവതകൾ,
കലയുടെ കമ്പികൾ മീട്ടും മട്ടിൽ
കളകള മിളകീ കാടുകളിൽ!
മഞ്ഞല മാഞ്ഞിളവെയ്‌ലൊളിയിൽ, ദല-
മർമ്മരമൊഴുകീ മരനിരയിൽ.

ഈറൻ തുകിലിൽ മറഞ്ഞൊരു പൊന്നല
പാറിമിനുങ്ങിയ തവഗാത്രം,
മിത്ഥ്യാവലയിത സത്യോപമരുചി
തത്തി ലസിച്ചൂ മമ മുന്നിൽ.
ദേവദയാമയ മലയജ ശകലം
താവിയ നിൻ കുളിർ നിടിലത്തിൽ,

കരിവരി വണ്ടിൻ നിരകൾ കണക്കെ-
ക്കാണായ്‌ പരിചൊടു കുറുനിരകൾ!
സത്വ ഗുണശ്രീ ചെന്താമരമലർ
സസ്മിത മഴകിൽ വിടർത്തിയപോൽ,
ചടുലോല്ലല ദളയുഗളം ചൂടി-
ച്ചന്ദ്രിക പെയ്തു നിൻ വദനം.

ഒറ്റപ്പത്തിയൊടായിര മുടലുകൾ
ചുറ്റു പിണഞ്ഞൊരു മണിനാഗം
ചന്ദനലതയി ലധോമുഖശയനം
ചന്തമൊടങ്ങിനെ ചെയ്യും പോൽ,
വിലസീ, വിമലേ, ചെറിയൊരു പനിനീ-
രലർ ചൂടിയ നിൻ ചികുരഭരം!
ഗാനം പോൽ, ഗുണകാവ്യം പോൽ, മമ
മാനസമോർത്തു, സഖി, നിന്നെ!...

തുടുതുടെയൊരു ചെറുകവിത വിടർന്നു
തുഷ്ടിതുടിക്കും മമഹൃത്തിൽ!
ചൊകചൊകയൊരു ചെറുകവിത വിടർന്നു
ചോര തുളുമ്പിയ മമഹൃത്തിൽ!

മലരൊളി തിരളും മധുചന്ദ്രികയിൽ
മഴവിൽക്കൊടിയുടെ മുനമുക്കി,
എഴുതാനുഴറീ കല്പന ദിവ്യമൊ-
രഴകിനെ—എന്നെ മറന്നു ഞാൻ!
മധുരസ്വപ്ന ശതാവലി പൂത്തൊരു
മായാലോകത്തെത്തീ ഞാൻ
അദ്വൈതാമല ഭാവ സ്പന്ദിത-
വിദ്യുന്മേഖല പൂകീ ഞാൻ!!
രംഗം മാറീ—കാലം പോയീ;
ഭംഗം വന്നൂ ഭാഗ്യത്തിൽ.
കൊടിയ വസൂരിയിലുഗ്രവിരൂപത
കോമരമാടീ നിന്നുടലിൽ.

കോമളരൂപിണി, ശാലിനി, നീയൊരു
കോലംകെട്ടിയ മട്ടായി.
മുകിലൊളി മാഞ്ഞു, മുടികൾ കൊഴിഞ്ഞു,
മുഖമതി വികൃത കലാവൃതമായ്
പൊന്നൊളി പോയി കാളിമയായി;
നിന്നുടൽ വെറുമൊരു തൊണ്ടായി.
കാണാൻ കഴിയാ-കണ്ണുകൾ പോയി;
കാതുകൾ പോയി കേൾക്കാനും!
നവനീതത്തിനു നാണമണയ്ക്കും
തവതനുലതതൻ മൃദുലതയെ,
കഠിനം! —ചീന്തിയെറിഞ്ഞൊരടിമുടി
കടുതലരാകിന വടുനിരകൾ!

ജാതകദോഷം! വന്നെന്തിന്നെൻ
ജായാ പദവി വരിച്ചു നീ?
പല പല രമണികൾ വന്നു, വന്നവർ
പണമെന്നോതി—നടുങ്ങീ ഞാൻ;
പല പല കമനികൾ വന്നു, വന്നവർ
പദവികൾ വാഴ്ത്തി—നടുങ്ങീ ഞാൻ;
കിന്നര കന്യകപോലെ ചിരിച്ചെൻ
മുന്നിൽ വിളങ്ങിയ നീ മാത്രം,
എന്നോടരുളി: ''യെനിക്കവിടുത്തെ
പ്പൊന്നോടക്കുഴൽ മതിയല്ലോ;
നിന്നുടെ പുല്ലാംകുഴലിതെനിക്കൊരു
പൊന്നോടക്കുഴലാണല്ലോ!...''

പുളകമണിഞ്ഞി ട്ടുടനടി ഞാനൊരു
പുതുലോകത്തിലെ യുവനൃപനായ്
ഇന്നോ, ഞാനാ നാടുഭരിക്കും
മന്നവനല്ലോ, മമ നാഥേ!
നീയോ, നിഹതേ, നീയോ? നിത്യം
നീറുകയാണയി മമഹൃദയം.

കണ്ണുകളില്ല, കാതുകളില്ല—
തിണ്ണയിൽ ഞാൻ കാൽ കുത്തുമ്പോഴും,
എങ്ങനെ, പക്ഷേ വിരിവൂ ചുണ്ടിൽ
ഭംഗിയിണങ്ങിയ പുഞ്ചിരികൾ?
അപ്പൊൻതിരികൾ പൊഴിപ്പൂ വെളിച്ചം;
തപ്പുന്നോ പിന്നിരുളിതിൽ ഞാൻ?...

ദുർവ്വാസനകളിടയ്ക്കിടെ യെത്തി-
ന്നുർവ്വകരുത്തു മെടുക്കുകിലും,
അടിയറവരുളുകയാണവയെന്നോ-
ടൊടുവിൽ-ശക്തി തരുന്നു നീ!

എങ്കിലുമേതോ വിഷമ വിഷാദം
തങ്ങുവതില്ലേ നിൻ കരളിൽ?
ഭാവവ്യാപകശക്തി നശിച്ചോ-
രാവദനത്തിൻ ചുളിവുകളിൽ

ചില ചില നിമിഷം ചായാറില്ലേ
ചിന്ത വരട്ടിയ വീർപ്പലകൾ?
നിൻകവി, ഉമലേ, നനയുന്നീലേ
നീ കുടികൊള്ളും വിജനതയിൽ?

കൊടുകാറ്റലറി പ്പേമഴ പെയ്തിടു-
മിടവപ്പാതി പ്പാതിരയിൽ
ശാരദരജനിയിലെന്നതു പോൽ, നീ
ശാലിനി, നിദ്രയിലമരുമ്പോഴും,

അകലത്തറിയാത്തലയാഴികൾ ത-
ന്നക ഗുഹകളിൽ നിന്നൊരു നിനദം,
പെരുകിപ്പെരുകി വരുമ്പോലെന്തോ
സിരകളെയൊരു വിറ യറിയിക്കേ,

കാട്ടാളൻ കണയെയ്തൊരു പൈങ്കിളി
കാതരമായി പിടയും പോൽ,
പിടയാറില്ലേ നിൻ ഹത ചേതന
പിടികിട്ടാത്തൊരു വേദനയിൽ?

വർണ്ണം, നിഴല്, വെളിച്ചം, നാദം
വന്നെത്താത്തൊരു തവലോകം,

അട്ടിയി, ലട്ടിയി, ലിരുളിരുളിന്മേൽ
കട്ട പിടിച്ചൊരു പാതാളം!
ഇല്ലൊരു തൈജസകീടം കൂടിയു-
മെല്ലാ, മിരുളാണിരുളാം മാത്രം!
മമതയിലങ്ങനെ നിന്നരികേ ഞാൻ
മരുവും വേളയി, ലൊരുപക്ഷേ,
നീല നിലാവിലെ വനമേഖലപോൽ
നിഴലുകളാടാ മവിടത്തിൽ!
തെല്ലിട മാത്രം,—പിന്നീടെല്ലാ-
മല്ലാ,ണെന്തൊരു ഹതഭാഗ്യം!

നിൻ കഥ യോർത്തോർത്തെൻ കരളുരുകി-
സ്സങ്കല്പത്തിൽ വിലയിക്കേ,
ഏതോ നിർവൃതി യിക്കിളികൂട്ടി
ചേതനയണിവൂ പുളകങ്ങൾ!
വേദന, വേദന, ലഹരി പിടിക്കും
വേദന—ഞാനിതിൽ മുഴുകട്ടെ!
മുഴുകട്ടേ, മമ ജീവനിൽ നിന്നൊരു
മുരളീ മുദ്രരവ മൊഴുകട്ടെ.

എലികൾ

എൻ. വി. കൃഷ്ണവാരിയർ

‘‘ആട്ടമനക്ക മടങ്ങി, തെരുവുകൾ
പെട്ടെന്നിരുളിൽ മുഴുകുകയായ്
തട്ടിൻപുറം വിട്ടിറങ്ങാം നമുക്കിനി
തീറ്റയ്ക്കു വല്ലതും തേടേണ്ടയോ?
പൊട്ടി യിളകി പ്പൊളിഞ്ഞൊരീ ക്കോവണി-
ച്ചോട്ടിലിറങ്ങുവി നൊച്ചയെന്യേ
എട്ടുകാലി വലനീർത്തിയ മൂലയിൽ
കഷ്ടം കുടുങ്ങിയോ കുട്ടികളേ?
ചപ്പും ചവറും നിറഞ്ഞ തറയിൽ നി-
ശ്ശബ്ദ മിഴഞ്ഞിഴഞ്ഞെത്തിക്കൊൾവിൻ.

‘‘അപ്പുറ,ത്താഹാ! ദ്രവിച്ചിടും മാംസത്തി-
ന്നുൽബണ ഗന്ധമുയരുന്നില്ലേ?
അങ്ങോട്ടു നീങ്ങുവിൻ മെല്ലെ; നാമീരാവി-
ലങ്ങു വിരുന്നിനു പോകയത്രെ.

‘‘റോട്ടിൽ ക്കലമ്പിയോടുന്നൂ വലിയൊരു
മോട്ടോർ; പരിഭ്രമിക്കായ്ക നിങ്ങൾ
എത്തിയ പാടേ കടിച്ചു വലിക്കായ്ക;
ചത്തുവോ ജന്തു? വനങ്ങിയാലോ?
നക്കുവിൻ മെല്ലെ, നഖങ്ങളൊട്ടാഴ്ത്തുവിൻ
ചിക്കെന്നു പല്ലൊന്നിറുക്കിക്കൊൾവിൻ.

‘‘ശ്വാസം, ചലനം! അമർന്നിളകാതെ നി-
ശ്ശേഷം കിടക്കുവിൻ—വേണ്ട, വേണ്ട,
ഭിത്തിപ്പഴുതിൽ നുഴഞ്ഞിഴഞ്ഞെത്തുന്ന
കാറ്റിൽ ച്ചുവരിളകുന്ന തത്രേ.

‘‘എന്തു്? പുളിപ്പോ? നനയുന്നുവോ നാവിൻ
തുമ്പു്? നിണം കിനിയുന്നുവെന്നോ?
ഇത്രയും നേരം മരിച്ചുകിടന്നിട്ടും
ചത്തില ജീവിത മോഹമെന്നോ?
ഇല്ലെ,ഴുന്നേല്ക്കി,ല്ലനങ്ങിയാലും കൈകൾ
തല്ലില്ല; കാർന്നു കരണ്ടുകൊൾവിൻ.

‘അത്ഭുതം’ ഓർത്തേക്കാം നിങ്ങൾ; ചിലനാൾ മു-
മ്പി‘പ്പണ്ട’വു മുയിരാർന്നിരുന്നു.
അന്നിതിൻ നെഞ്ചും തുടയു മരക്കെട്ടു-
മിന്നേതിൽ മാംസളമായിരുന്നു.
നിങ്ങടെ യച്ഛനൊത്ത — ന്നു പിറന്നില
നിങ്ങൾ—ഞാനീ യിരുൾപ്പാഴ്മുറിയിൽ
എത്രയോ മർത്ത്യരിരവിലുറങ്ങുവാ-
നെത്തുന്നതെത്രനാൾ കണ്ടുവെന്നോ?
കത്തും വിളക്കിന്നൊളി,യിലിരുട്ടിലു-
മെത്ര തവണ ഞാൻ കണ്ടുവെന്നോ,
ഇപ്പൊഴീ നിങ്ങൾ കടിക്കും ചൊടികളി-
ലെത്ര ചൊടിക ളണയുവതായ്.
നിങ്ങൾ കറുകറെ കണ്ടിക്കു മിക്കുന്ത-
ലന്നെന്തു വാസനയാർന്നിരുന്നു!
അന്നു ചിരിയും കരച്ചിലും രാത്രിയിൽ
ഞങ്ങളെ യെത്ര യലട്ടിയെന്നോ?
ഇപ്പിണത്തോടൊത്തൊരു രാവുറങ്ങിയ
‘ശിപ്പായി’—ഈയാളും മർത്ത്യനത്രെ—
തൊപ്പി കടിച്ചുമുറിച്ചതിൻ ശിക്ഷയായ്
തച്ചുകൊന്നല്ലീ മരിച്ചതച്ഛൻ?

‘‘എല്ലിൽക്കടിച്ചു മുറിഞ്ഞുവോ പല്ലുകൾ?
ഇല്ല നിങ്ങൾക്കു വിവേകമൊട്ടും
പാരം ചുരുണ്ട തൊലിയിതിൻ താഴത്തു
വാരിയെല്ലുണ്ടെ ന്നറിഞ്ഞുകൂടേ?

''അന്നു തുണിയിൽപ്പൊതിഞ്ഞൊരീ മാറിടം
പൊങ്ങി, യുരുണ്ട്, മിനുത്തിരുന്നു.
നിങ്ങൾ ചവയ്ക്കും മുലക്കണ്ണൊരുപൈതൽ
കുഞ്ഞിളം ചുണ്ടാൽ നുകർന്നിരുന്നു.
മുക്കാലും നാം തിന്നാ മുക്കിൽ ക്കിടക്കുന്നി-
തക്കിടാവിന്റെയിളം ശരീരം.

''പട്ടണം തന്നിൽ—പ്പലരും പറയുന്ന
കേട്ടു ഞാൻ—ക്ഷാമം മുറുകിപോലും.
തട്ടിൻപുറത്തും നിലവറയ്ക്കുള്ളിലും
പെട്ടെന്നു കൂടിക്കമിയുകയായ്,
നെല്ലുമരിയും പരിപ്പു ഗോതമ്പവും,
തെല്ലും കടകളിൽ ക്കണ്ടിടാതായ്
റോട്ടിൽക്കരഞ്ഞു നടക്കുകയായ് ജന-
ക്കൂട്ടം പകലു മിരവുമൊപ്പം

''ഈ മുറിയ്ക്കുള്ളിൽ കുറേശ്ശെയായാളുകൾ
രാവിലുറങ്ങുവാൻ വന്നിടാതായ്
മാറും തുടയു മരക്കെട്ടു മൊട്ടിപ്പോയ്
മേലാതെയായീ പുറത്തുപോകാൻ
ഇല്ലാതെയായീ ചിരിയും വെളിച്ചവും
മെല്ലെ ക്കരച്ചിലും കേട്ടിടാതായ്
കണ്ടു ഞാനന്നൊരു രാവിൽ! ഇക്കുഞ്ഞിനു
മിണ്ടുവാനും വയ്യിളകുവാനും
വന്നീലയോ നമ്മൾ? അന്നി'ത്തു'നമ്മളെ-
ത്തിന്നാനയയ്ക്കാ തുണർന്നിരുന്നു.
ഇന്നനങ്ങുന്നില്ലിതി,ക്കിടാവോ നമ്മൾ
തി,ന്നെല്ലു മാത്രമേ ബാക്കിയുള്ളു.
'' —തുള്ളിക്കളിക്കുവാൻ പിന്നെയാവാം, തൊലി-
യുള്ളതു തിന്നു വയർനിറയ്ക്കിൻ! —

''ഇന്നലെ രാത്രി നാം വന്നു കടിച്ചവാ-
റൊന്നു ഞരങ്ങി വിറച്ചതില്ലേ?

ഇന്നനമ്മുന്നില്ല,നമ്മുകയില്ലിനി
തിന്നു വയറു നിറച്ചുകൊാംവിൻ!

''വെട്ടുവഴിയിലും—ചൊല്ലിയാരോ—മർത്ത്യർ
ചത്തിട്ടുപോലെ കിടക്കുന്നത്രെ.
പക്ഷെ,യെടുത്തു കുഴിച്ചുമൂടുന്നു പോൽ
പട്ടിയും കാക്കയും നോക്കിനിൽക്കെ!
എന്നാലിവിടെ യിരുട്ടിൽ നിർബ്ബാധമായ്
തിന്നിടാം നമ്മാംക്ക വേണ്ടുവോളം.
—ആര ന്ധകാരത്തെ സൃഷ്ടിച്ചവൻ, ദയാ-
വാരാംശിയദ്ദേഹം വാഴ്ത്തപ്പെട്ടോൻ!—
നാളേയ്ക്കു വെയ്ക്കായ്‌വി,നെത്രപേരിന്നിയും
നാളെ യിമ്മട്ടു മരിക്കാനുണ്ടാം!
അല്ലെങ്കിൽത്തന്നെയും തിന്നുവാനില്ലാതെ-
യിന്നോളവു മെലി ചത്തതുണ്ടോ?
—ഇല്ല സാമ്രാജ്യവു,മില്ലടിമത്തവു,—
മില്ല മാത്സര്യവും മൂഷികരിൽ!—

''നിങ്ങാംക്കിതൊന്നും മനസ്സിലാകുന്നില്ല,
നിങ്ങളെലികളോ, മാനുഷരോ?''

ഓർക്കുക വല്ലപ്പോഴും

പി. ഭാസ്കരൻ

യാത്രയാകുന്നു സഖി,
          നിന്നെ ഞാൻ മൗനത്തിന്റെ
നേർത്ത പട്ടുനൂൽ പൊട്ടി-
          ച്ചിതറും പദങ്ങളാൽ!
കരയാനുഴറീടും കണ്ണുകൾ
          താഴ്ത്തിക്കൊണ്ടു
വരനോടൊപ്പം നീയാ-
          വണ്ടിയിലിരിക്കുമ്പോൾ—
വാക്കിനു വിലപ്പിടി-
          പ്പേറുമീസ്സന്ദർഭത്തിൽ
'ഓർക്കുക വല്ലപ്പോഴു'-
          മെന്നല്ലാതെന്തോതും ഞാൻ!
യാത്രയ്ക്കു തിടുക്കുന്നു
          തീവണ്ടി; തൻ വെൺപുക-
ച്ചാർത്തിനാൽ പ്പത
          ളുപ്പി യുരുക്കിൻ കുതിരകൾ
മുട്ടുന്നു മണിയൊന്നു
          ദൂരവേ, മണിക്കൂറിൽ-
ത്തട്ടുമ്പോൾ തകർന്നുപോം
          നിമിഷത്തിരപോലെ.
എത്തുന്നു കിതച്ചുകൊ-
          ണ്ടാളുകൾ നാനാ യാത്രോ-
ദ്യുക്തരായ് തീവണ്ടിയിൽ;
          എത്തുവതെങ്ങോട്ടാവോ?

ടിക്കററു വാങ്ങിപ്പാഞ്ഞു-
കേറുന്നു ജനം നീളെ-
ത്തിക്കിയും തിരക്കിയു-
മോരോരോ മുറിയ്ക്കുള്ളിൽ.
പെട്ടിയും കിടക്കയും
ഭാണ്ഡവും വാരിക്കൂട്ടി-
യൊട്ടൊട്ടു കയററുന്നി-
തങ്ങിങ്ങായഖിലരും.
ആകവേ യിരമ്പിടും
സാഗരപ്പരപ്പിതിൽ
ശോകമൂകമാം ശില-
പോലെഴു മെന്നാത്മാവോ?
പോകവാനൊരേടവു-
മില്ലാതെ വഹിച്ചീടും
ഭീകരഭാരം തെല്ലൊ-
ന്നിറക്കാനിടമെന്യേ
നിൻെറ യീ മൗനസ്വപ്ന-
നൗകയിലേററിടുന്നു
രണ്ടു വാക്കുകൾ മാത്രം:
'ഓർക്കുക വല്ലപ്പോഴും!'
നവദമ്പതികൾക്കു
ഭാവുകമാശംസിപ്പാൻ
കവിയും മോദം പൂണ്ടു
മിത്രങ്ങൾ ചുററും നില്പൂ.
നിരഘം സമ്പത്തിൻെറ
മച്ചിലേയ്ക്കാ,ണെന്നാലും,
പിരിയും നിന്നെക്കാൺകെ-
ക്കുണ്ഠിതഭാരത്താലെ
കൺപീലി നനയുന്നു
യാത്രോക്തിയുരച്ചീടും

നിൻ പ്രിയ മാതാവിന്നു-
മച്ഛനും സഹജക്കും.
വാടിയ മലർമാല്യ-
സൗരഭ്യമവ്യക്തമാം
വേദന കണക്കല-
തല്പമാ മുറിയ്ക്കുള്ളിൽ,
ചിരിയാൽ സ്നേഹംവീശും
നിൻ യുവഭർത്താവിന്റെ-
യരികിൽ വ്രീളാഭാര-
നമ്രയായ്, നിശ്ശബ്ദയായ്
കയ്യിലെ കളിച്ചെണ്ടിൽ
നഖത്താൽ നുള്ളിക്കൊണ്ടു
നിയ്യിരിക്കുന്നു പുത്തൻ-
വെണ്ണക്കൽ പ്രതിമപോൽ.
എന്തൊക്കെയാവാം സഖി,
നീ ഹൃദി താലോലിക്കും
ചിന്തകളെന്തൊക്കെയോ
നീ കാണും കിനാവുകൾ?
'ആദ്യത്തെ രജനി' തൻ
മോഹനസ്മരണയോ,
കാത്തു നില്പമാ നവ്യ-
ജീവിത പ്പൊലിമയോ
എന്താവാം, മിന്നീയാത്രാ-
വേളയിൽ ത്തോഴീ നിന്റെ-
യന്തരംഗത്തിൽ വന്നു
വീണിടു മാച്ചിത്രങ്ങൾ?
എന്തുമാകട്ടെ—പക്ഷെ-
യവിടേയ്ക്കെറിയുന്നു
രണ്ടു വാക്കുകൾ ഞാനും:
''ഓർക്കുക വല്ലപ്പോഴും!''

ദുയിരം വികാരങ്ങ,
ളായിരം സങ്കല്പങ്ങ,-
ളായിരം വ്യാമോഹങ്ങ,-
ളിവയിൽ മുങ്ങിത്തപ്പി
പണ്ടത്തെ കളിത്തോഴൻ
കാഴ്ചവെയ്ക്കുന്നു മുന്നിൽ
രണ്ടു വാക്കുകൾ മാത്രം:
'ഓർക്കുക വല്ലപ്പോഴും!'
മരിക്കും സ്മൃതികളിൽ
ജീവിച്ചുപോരും ലോകം
മറക്കാൻ പഠിച്ചതു
നേട്ടമാ,ണെന്നാകിലും-
ഹസിക്കും പൂക്കൾപൊഴി-
ഞ്ഞില്ലെങ്കിലൊരുനാളും
വസന്തം വസുധയിൽ
വന്നിറങ്ങി,ല്ലെന്നാലും...
വ്യർത്ഥമായാവർത്തിപ്പൂ
പ്രണീതപ്രതീക്ഷയാൽ
മർത്ത്യനിപ്പദം രണ്ടും:
''ഓർക്കുക വല്ലപ്പോഴും!''
നിഷ്ഫലം, നിരാലംബം,
നിരർത്ഥം മറവിതൻ
പുഷ്പവീഥിയിൽ രണ്ടു
മുള്ളുപാവുന്നു മൂഢൻ
മൊട്ടിനെ ക്കെട്ടിപ്പിടി,-
ച്ചുമ്മവെ,ച്ചുണത്തിയ-
പ്പാട്ടിലും ചെവികളില-
രപ്പൂ മണിത്തെന്നൽ
'മറക്കില്ലുഞാ'നെന്ന
മന്ത്രത്തെ—ഞൊടിയുള്ളിൽ

പ്പറന്നു മായുന്നേരം
വിസ്മരിക്കുവാൻ മാത്രം
പുണരാൻ പാഞ്ഞെത്തീട-
മോരോരോ തിരയേയു-
മണച്ചു മാറിൽച്ചേർക്കേ-
മന്ത്രിപ്പൂ മണൽത്തീരം:
‘‘മറക്കില്ലൊരു നാളും’’
കഷ്ടമക്കള്ളംകേട്ടു
ചിരിപ്പൂ കടൽക്കാറ്റു,
കണ്ണുപൊത്തുന്നു താരം.
എങ്കിലും പിരിയുമ്പോ-
ളർത്ഥിപ്പൂ സകലരും
സങ്കട സമന്വിതം:
‘ഓർക്കുക വല്ലപ്പോഴും!’
ലോലമിക്കടലാസു-
തോണികളൊഴുക്കുന്നു
കാലത്തിൻ നൂലെത്താത്ത
കയത്തിൽ ഞാനും തോഴീ,
വേദന വിറങ്ങലി-
പ്പിച്ചൊരെൻ കയ്യാ,ലിന്നു
വേർപെടും സന്ദർഭത്തിൽ
നിനക്കു ചിരിപ്പാനായ്!
ഓർക്കുക വല്ലപ്പോഴും
പണ്ടത്തെ ക്കാടുംമേടും
പൂക്കാലം വിതാനിച്ചു-
മാക്കുന്നിൻ പുറങ്ങളും
രണ്ടു കൊച്ചാത്മാവുക-
ളവിടങ്ങളിൽ വെച്ചു
‘പണ്ടത്തെ രാജാവി’ന്റെ
കഥകൾ പറഞ്ഞതും;

പിന്നെയും കാലംപോകെ-
യവരെങ്ങെങ്ങോവെച്ച
സുന്ദര വാഗ്ദത്തങ്ങൾ
കൈമാറിക്കളിച്ചതും;
ആയിരം സ്വപ്നങ്ങളെ-
പ്പിഴിഞ്ഞ ചായംകൊണ്ട്
മായാത്ത സങ്കല്പങ്ങൾ
മനസ്സിൽ വരച്ചതും;
വാകപ്പൂമണം കന്നി-
ത്തെന്നലിലലിയുമ്പോൾ,
മൂകമാം മാവിൻതോപ്പിൽ
മദ്ധ്യാഹ്നമുറങ്ങുമ്പോൾ,
ആ മണിമച്ചിൻകോണി-
ലിരുന്നിട്ടവരേതോ
പ്രേമകാവ്യത്തിൽക്കൂടി-
യൊന്നായിച്ചരിച്ചതും;
ഇടയിൽ പരസ്പരം
മൂകരായ് നോക്കിക്കൊണ്ട്
ചുടുവീർപ്പുകൾ വിട്ടു
സമയം കഴിച്ചതും;
അറിയാ,തന്യോന്യമ-
ങ്ങറിഞ്ഞും കണ്ടെത്തിയു-
മവർതൻ വികാരങ്ങ-
ളൊന്നായിച്ചമഞ്ഞതും...
ഭാസുരദാമ്പത്യത്തിൻ
മണിമേടയിൽ സ്വൈരം
നീ സഖി, യമരുമ്പോ-
ളോർക്കുക വല്ലപ്പോഴും!
വണ്ടി നീങ്ങുന്നു മെല്ലെ;
വൈകിയ പാന്ഥന്മാരോ

മണ്ടുന്നു കുതിച്ചേറി-
വീഴുന്നു മുറികളിൽ.

ചൂളത്താൽ ച്ചിരിച്ചാർത്തു,
ജീവിതതുല്യം മുന്നിൽ

നീളമപ്പാളത്തിങ്കൽ-
സ്സർവ്വവും മാഞ്ഞീടവേ

ഏകനായ്, നിഷ്പന്ദനാ,-
യവ്യക്ത ചിന്താഭാര-

ദൂനനായുരപ്പൂ ഞാൻ
വായുവോടത്തു മാത്രം.

അകലെ പ്പുറപ്പെട്ട
മണിനാദത്താൽക്കാലം

വികലം ചിരിക്കുന്നു-
വെങ്കിലു മെൻ വാക്കുകൾ,

ഇടറും തെക്കൻ കാററിൻ
കണ്ഠത്തിലിരിപ്പതു-

ണ്ടടർന്നു പാറും രണ്ടു-
പനിനീർ ദലങ്ങൾ പോൽ.

ലെനിൻ ശവകുടീരം

വള്ളത്തോൾ

പാരീസ്സിൻ പൊലിമയും,
ലണ്ടന്റെ പെരുമയും,
ഭൂരിയാം ന്യൂയോർക്കിന്റെ
വിഭവസമൃദ്ധിയും
ഒരുമിച്ചിണങ്ങിയി-
ട്ടുള്ള മോസ്കോ വാരാരെ-
പ്പെരുതമ്പരപ്പിക്കി-
ല്ലെ, ഞെങ്ങുകൺവെക്കും ഞാൻ?
മോടിയും മിടുക്കമു-
ള്ളാളുകൾ മേളിക്കുന്ന
മോഹനവിശാലമാം
മോസ്കോവിൻ നടുത്തട്ടിൽ,
ചരണം വഴുതിപ്പോ-
മാറത്ര മയം താവും
കറുത്ത വെണ്ണക്കല്ലിൻ
പടവുകളിലൂടേ
ഇറങ്ങിപ്പോയാൽ ച്ചെല്ലും
ഭൂഗർഭായതനത്തിൻ
തറമേൽ ശ്ശയിക്കയാ-
ണനഘാത്മാവാം ലെനിൻ.
ഉജ്ജ്വലിപ്പിതീ വെണ്മ
വൈദ്യുതദീപശ്രീയാൽ,-
സ്വച്ഛമാമുഷസ്സിന്റെ
പൂരുഷാകാരം പോലെ-
'പോലെ യെന്തിനു? റഷ്യ-
ക്കിരുൾ നീക്കിയ പുലർ-

കാലം താനു, ണർവാക്ക-
മേകമിക്കളേബരം!
ഇതൊരു പുണ്യക്ഷേത്രം
നാട്ടാർക്കും വരുത്തർക്കും,
മുതനാം ഗുരുവിൻെറ
ദേഹസാന്നിദ്ധ്യം മൂലം:
പൂക്കൾ വെച്ചതി ഭക്ത്യാ
താനു വന്ദിച്ചു, മുക്തി-
മാർഗ്ഗൈക ചരങ്ങളാം
തൽപ്പദങ്ങളിൽ ഞങ്ങൾ.
ഇപ്പൊഴു മിരുപത്തി-
യേഴുവർഷത്തിൻമുമ്പാ
സ്വപ്രാണങ്ങളെ സ്വർഗ്ഗ-
ത്തേയ്ക്കയച്ചതിൽ പിമ്പും,
ധീരനു ജഗൽ ക്ഷേമ-
ചിന്താനുബന്ധത്താലോ
ദൂരദർശനമാർന്ന
കണ്ണടഞ്ഞിരിയ്ക്കുന്നു!
സ്സാറെന്ന സാമ്രാട്ടിൻെറ
തോന്നിവാസത്താലന്ന-
ന്നേറിയ നരകദുഃ-
ഖത്തിൽ നിന്നീ രാജ്യത്തെ
വീറോടേ പിടിച്ചുകേ-
റ്റീടിന കരംരണ്ടും
വീതചേഷ്ടമായ് ക്കിട-
ക്കുന്നു ഹാ പാർശ്വങ്ങളിൽ!
സമഭാവനൻ ലെനിൻ
സമഗ്രോൽഷ്മളമായ
സമരതേജസ്സാലീ
റഷ്യയെ പ്പുതപ്പിച്ചു;

ഗാന്ധിജി സത്യഗ്രഹ-
നിലാവാലിന്ത്യയെയും;
ആന്ധ്യമോചകർ, നമു-
ക്കാദിത്യചന്ദ്രരി, വർ.
പാരിന്റെ മുറികെട്ടാൻ
പള്ളിപ്പൊൻ തിരശ്ശീല
കീറി നാ നൊരാളന്യൻ
ശാന്തിയെ ത്തുന്നിച്ചേർത്തു:
കർമ്മയോഗികളൊരു
പോലിവരിരുപേരും
കല്മഷാപഹർ, കെട്ട-
നീതിതൻ തടവുകാർ!
മരുന്നാൽ സ്സംരക്ഷിയ്ക്കു-
പ്പെട്ടമാ മൃതദേഹം
മരുവും ഗ്ഗുഹയുടെ
പുറത്തൊട്ടരികത്തായ്,
അരക്കോലുയരത്തിൽ
നെടുതാമൊരു പൈംപുൽ-
ത്തറയുണ്ടുദ്ഭാസിപ്പൂ.
വെണ്ണക്കൽച്ചുമരോടേ;
അതിന്റെ കീഴ്ഭാഗത്തോ
പൂണ്ടുവിശ്രമം കൊൾവൂ
സ്വാതന്ത്ര്യസ്ഥിതിനേടാൻ
പോർ ചെയ്ത ശ്ശൂരാഗ്ര്യന്മാർ.
നിങ്ങളിങ്ങുറങ്ങുന്നു,
പച്ചപ്പുൽച്ചകലാസ്സാ-
ലംഗമൊക്കെയും മൂടി-
പ്പുതച്ചു മൺകീഴ്മച്ചിൽ
നിദ്രയിൽ നിശ്ചേഷ്ടമായ്,
നെടുനാളം കിടന്നതാം

നിങ്ങൾ തൻ നാടോ പേർത്തു-
പേർത്തുണർന്നെഴുന്നേററു;
ജന്മഭൂശ്രേയസ്സിന്നായ്-
ജ്ജീവനെയുഴിഞ്ഞിട്ട-
ധർമ്മയോദ്ധാക്കൾക്കേണോ
മരണം മാന്യന്മാരേ?
നിന്നുടെ യൈനാങ്കഞ്ചു
കോടി മക്കളിലൊരു
ഖിന്നനില്ല, ലസനി-
ല്ല, ജ്ഞാതാക്ഷരനില്ല;
സ്ത്രീകളും പുമാന്മാരും,
സർവ്വരും സമത്വത്തി-
ലേകചിത്തരായ് നില്പൂ;
നിൻജയം, ജയം രാഷ്ട്ര!

ആശുപത്രിയിൽ

വൈലോപ്പിള്ളി ശ്രീധരമേനോൻ

ഓർമ്മയുണ്ടെനിക്കിന്നും
എന്റെ പൂക്കാലത്തിന്റെ
ശുമയിലവശം ഞാ-
നാശുപത്രിയിൽ വാഴ്കെ,
ഏറ്റവുമിറക്കവും
ത്തുടരും ജ്വരവേഗ-
മേറ്റൊരു കടൽച്ചണ്ടി
പോലെ ഞാൻ ജീർണ്ണിക്കവേ.
ഉലകത്തിനെപ്പറ്റി-
യുയരും വെറുപ്പിന്റെ-
യുലയിൽ കത്തിക്കാളി
നീറി നിന്നിതെൻ ബോധം.
മേൽവരി സ്വർണ്ണപ്പല്ലാൽ
ച്ചിരിക്കും വൈദ്യൻ യന്ത്ര-
പ്പാവപോൽ പഥ്യം ചെയ്യും
പരിചാരികമാർകൾ;
പുല്ലണി മുറ്റത്തേതോ
കപ്പയിൽനിന്നും ഞര-
മ്പെല്ലുകൾ വലിച്ചാർത്തു
ചിലയ്ക്കും വൻകാക്കകൾ;
പിറവിക്കുരവയാം
മരണക്കുരലാകാം,
ഇരവിൻ മരവിപ്പിൽ
കരയും തൈക്കുഞ്ഞുങ്ങൾ;
തണുത്ത തൻമോന്തയാൽ
മുറിയാം മുറിതോറും.

മണത്തു മണത്തെത്തും
മൃദുപാദനാം മൃത്യു;
ഹാ, വെറുത്തീലേ, ഞാനീ-
യാശുപത്രിയെ ജ്ജീർണ്ണ-
ജീവിതഗന്ധം ചിന്തു-
മൂലകാ മാസ്പത്രിയെ?
സ്വാസ്ഥതയുണ്ടോ പൂർവ്വ-
പൈതൃക രോഗാണുക്കൾ
മെത്തിടും ദേഹങ്ങൾക്കീ-
നിസ്സഹായമാം മന്നിൽ?
ദുരിത വ്രണങ്ങളെ
ചിത്രചേലത്താൽ മൂടി,
ദുരതന്നപസ്മാര-
മുദ്ര മുഞ്ഞിയിലേന്തി,
ഉൾപ്പെട്ടമാദർശത്തിൻ
കണ്ണുകൾ പൊട്ടി, സ്സുഖ-
സ്വപ്ന ജല്പനം ചെയ്തു
പോവതെങ്ങോട്ടീ ലോകം?
എൻഗദമാരാഞ്ഞെത്തി-
പ്പരിചാരികമാരെ-
ക്കൺകളാൽ ബലാൽസംഗം
ചെയ്യുമെൻ തോഴന്മാരേ,
എന്തു മഞ്ഞതട്ടക്കിനാൽ,
മരുന്നാൽ, മാറും ഭവേ-
ദിന്ദ്രിയ ദാഹത്തിന്റെ
കഠിന ജ്വരാവേശം?
ജീവിതച്ചെറുചൂടും-
പനിയാലാകാം, ഇതിൽ
കേവലം ഭിഷഗ്വര-
നൊരുവൻ, മൃതിമാത്രം!

അപ്പടി മമ നാഡി
നിന്നു പോവതിൻ മുമ്പേ
കണ്ണിനാൽ മരിച്ചെൻെറ
ഹൃദയം മരവിച്ചു!

II

ആതുരാലയമുററ-
ത്തുണ്ടൊരു മരം, ജാല-
വാതിലിലൂടെ നോക്കി-
ക്കാണുമാ മിത്രത്തെ ഞാൻ
മണ്ണുപുണ്ണുകൾ പൊട്ടി-
യൊലിക്കും പാദം, വക്രി-
ച്ചുന്തിന വിടപങ്ങൾ
തോലൂർന്ന വികൃതങ്ങൾ;
തെന്നൽ വന്നതിൻ കൊച്ചു
പട്ടില വിരലോരോ-
ന്നെണ്ണിയെണ്ണിയേ കനി-
ഞ്ഞുമ്മ വെയ്ക്കുമാറുള്ള.
പുലരിക്കതിരാലേ
പൂചൂടി യാടുന്നോരാ-
പ്പുതുചില്ലകൾ കാണ്മാൻ
വെമ്പൽ കൊള്ളുമെൻ കൺകൾ.
ഉച്ചവെയ്ലിലുമതി-
ന്നാത്മികളുടേ കാണായ്
സ്വച്ഛശീതള നീല-
വാനത്തിൻ നറുങ്ങുകൾ.
അന്തിയാ, യിരുളിൻെറ
കാക്കകൾ ചേക്കേറിച്ചേ-
ന്നന്തരീക്ഷത്തിൽ ക്കുമ്പി-
യാമരമലിഞ്ഞാലും.

അന്തരാ കാണും ഞാനാ
വിസ്മയം, ഇടതോറും
സുന്ദരതാരാ മിന്നാ-
മിനുങ്ങു തിളങ്ങവേ!
കിളി കൂവീടും മാവും,
പൊന്നശോകവും, കുന്നിൻ
കിളിരങ്ങളിൽ കൊണ്ട-
ലിണ്ടയോം വനങ്ങളും,
സുസ്ഥിരമാ യാത്രയ്ക്കു
ശാന്തസുന്ദരമായി
മെത്തിയിട്ടില്ലെൻ കണ്ണി-
ലീയൊരു മരംപോലെ!
വൻപനിവിത്തെൻ മെയ്യിൽ
പാകിയതാകും പ്രകൃ-
ത്യംബതാൻ വാത്സല്യത്താൽ
മറെറാരു കരത്താലേ
ജ്വരവൈശസമററാ-
നാപ്പടപ്പിലൂടെന്നിൽ
ഹരിതൌഷധവീര്യ-
മെത്രമേൽ പകർത്തീലാ!

III

പ്രാന്തയിൽ ക്കാണാം പാതി-
രാത്രിയിൽ വിളക്കിൻെറ
കാന്തിചക്രത്തിൽ താനേ
ഭവ്യമാമൊരുരൂപം,
സ്വർഗ്ഗരാജ്യത്തിൻ പേരിൽ
മർത്ത്യ, രൂഴിയിൽ വേണ്ടും
സ്വർഗ്ഗരാജ്യത്തിൻ പേരിൽ
നരകം ചമയ്ക്കവേ,

രമ്യമാമിററാലിയൻ
തീരവാടിയിൽ നിന്നും
വെൺ പിറാവുകൾ പോലെ
വിരയെപ്പറന്നെത്തി,
കീറി നാറിയ മർത്ത്യ-
ജീവിതങ്ങളെ, തുന്നി
പ്പോരുമാ ശുശ്രൂഷിക-
മാരിലേകതൻ രൂപം!

തുന്നുകയാണബ്ഭദ്ര,
നിശ്ശബ്ദ നിമിഷങ്ങ-
ളൊന്നിനൊന്നൊഴിഞ്ഞൊഴി-
ഞ്ഞങ്ങിനെ പോയീടവേ
ഇരുളിൻ പൈശാചിക-
ച്ചിറകിൻ പുടങ്ങൾപോൽ
ത്തിരളും നിഴലുകൾ
നീളവേ, വെളിച്ചത്താൽ.

പുരളും തുടുപ്പാർന്നു
മഞ്ഞുപോൽ സംശുദ്ധയാ-
യരുളുന്നോരാ നിത്യ-
കന്യതൻ മുഖഭാവം.
—ശാന്തിയും മാധുര്യവും
സൈഥര്യവും വിശ്വാസവും
കാന്തിരശ്മികൾ ചിന്നി-
ക്കാണുമാ മുഖഭാവം.

ചിത്രണം ചെയ്തിട്ടുണ്ട്
ധന്യനാം 'റാഫേൽ' മുന്നം
ശുദ്ധമാമഗ്നിജ്വാല
പോലെയാം തൻതൂവലാൽ.
എന്തിനെക്കുറിച്ചാം തൻ
ച്ചിന്ത? പൈനണിക്കുന്നിൽ

മുന്തിരി യൊലീവുകൾ
പടരും തൻ രാജ്യത്തിൽ
അനുരാഗത്താൽ വേട്ട
കുഞ്ഞിനെ ത്താലോലിയ്ക്കു-
മനുജാതയെപ്പററി?
മാതൃഗേഹത്തെപ്പററി?
പലനേരത്തും പല
തീരത്തും താൻ കണ്ടോരാ-
നരലോകത്തിൻ ഖേദ-
മൂഢതകളെപ്പററി?
അവയാൽ ക്ഷോഭം കൊൾവീ-
ലിന്നൊരു മഹത്താകു-
മലിവാൽ മാത്രം സ്പന്ദി-
യ്ക്കുന്ന തൻ മനഃശാന്തി
പേലവ മസൃണമായ്
കരുണാർദ്രമായ്, മുല
പ്പാലിൽ മുക്കിയ വെള്ള-
ശ്ശീലപോൽ തൻകൈപ്പടം
ജ്വര തപ്തമാം ലോക-
ത്തിൻെറ നെററിമേൽച്ചേർന്നു
പരമാം സ്വാസ്ഥ്യത്തിൻെറ
വാഗ്ദത്ത മാവീലല്ലീ!
ആ മരത്തിനെ ക്കണ്ടു,-
മാമഹിളയെക്കണ്ടും
മാമകാത്മാവൊന്നാശ-
യ്വാക്കൊണ്ടു, ഞാൻ ജീവിച്ചു.

അശ്വമേധം

വയലാർ രാമവർമ്മ

ആരൊരാളെൻ കുതിരയെക്കെട്ടുവാൻ
ആരൊരാളതിൻ മാർഗ്ഗം മുടക്കുവാൻ?
ദിഗ്വിജയത്തിനെൻ സർഗ്ഗശക്തിയാ-
മിക്കുതിരയെ വിട്ടയയ്ക്കുന്നു ഞാൻ!
വിശ്വസംസ്കാര വേദിയിൽ പുത്തനാ-
മശ്വമേധം നടത്തുകയാണു ഞാൻ!

നിങ്ങൾകണ്ടോ ശിരസ്സുയർത്തിപ്പായു-
മെൻകുതിരയെ, ചെമ്പൻകുതിരയെ?
എന്തൊരുന്മേഷമാണതിൻ കൺകളിൽ
എന്തൊരുത്സാഹമാണതിൻ കാൽകളിൽ!
കോടി കോടി പുരുഷാന്തരങ്ങളിൽ
കൂടി നേടിയതാണതിൻ ശക്തികൾ.
വെട്ടി വെട്ടി പ്രകൃതിയെ മല്ലിട്ടു
വെററി നേടിയതാണതിൻ സിദ്ധികൾ!
മന്ത്രമായൂരപിഞ്ഛികാ ചാലന-
തന്ത്രമല്ലതിൻ സംസ്കാരമണ്ഡലം!
കോടി കോടി ശതാബ്ദങ്ങൾ മുമ്പൊരു
കാടിനുള്ളിൽ വച്ചെൻ പ്രപിതാമഹർ
കണ്ടതാണീക്കുതിരയെ, കാട്ടുപുൽ-
ത്തണ്ടു നൽകി വളർത്തി മുത്തശ്ശിമാർ;
കാട്ടുചോലകൾ പാടിയ പാട്ടുക-
ളേററു പാടി പ്പഠിച്ചു മുത്തശ്ശിമാർ
ഇന്നലത്തെച്ചരിത്രം മയങ്ങുന്ന
മണ്ണിലൂടെ കുതിച്ചു പാഞ്ഞീടവേ
എത്രയെത്ര ശവകുടീരങ്ങളിൽ
നൃത്തമാടിയതാണാക്കുളമ്പുകൾ!

ദൃപ്തരാഷ്ട്രപ്രതാപങ്ങൾ തൻ കോട്ട
കൊത്തളങ്ങളെപ്പിന്നിട്ടും യാത്രയിൽ,
എത്ര കൊററക്കുടകൾ, യുഗങ്ങളിൽ
കുത്തിനിർത്തിയ മുത്തണിക്കൂണുകൾ,
അക്കളമ്പടിയേററററു വീണുപോയ്;
അത്രയേറെ ബ് ഭരണകൂടങ്ങളും!
കുഞ്ചിരോമങ്ങൾ തുള്ളിച്ചു തുള്ളിച്ചു
സഞ്ചരിച്ചൊരി ച്ചെമ്പൻ കുതിരയെ,
പണ്ടുദൈവം കടിഞ്ഞാണുമായ് വന്നു
കൊണ്ടുപോയീ സവാരിക്കിറങ്ങുവാൻ.
പിന്നെ രാജകീയോന്മത്ത സേനകൾ
വന്നു നിന്നൂ പടപ്പാളയങ്ങളിൽ!
ആഗമതത്വ വേദികൾ വന്നുപോൽ
യോഗദണ്ഡിലിതിനെ ത്തളയ്ക്കുവാൻ!

എൻെറ പൂർവ്വികരശ്വഹൃദയജ്ഞ-
രെൻെറ പൂർവ്വികർ വിശ്വവിജയികൾ,
അങ്കമാടിക്കുതിരയെ വീണ്ടെടു-
ത്തന്നണഞ്ഞൂ യുഗങ്ങൾതൻ നായകർ!
മണ്ണിൽനിന്നു പിറന്നവർ മണ്ണിനെ
പ്പൊന്നണിയിച്ച സംസ്കാര ശില്പികൾ!
നേടിയതാണവരോടു ഞാ,—നെന്നിൽ
നാടുണർന്നൊരു നാളിക്കുതിരയെ!
ഈയുഗത്തിൻെറ സാമൂഹ്യശക്തി ഞാൻ
മായുകില്ലെൻെറ ചൈതന്യവീചികൾ
ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ
പച്ച മണ്ണിൻ മനുഷ്യത്വമാണു ഞാൻ.
ആരൊരാളിക്കുതിരയെക്കെട്ടുവാൻ
ആരൊരാളിതിൻ മാർഗ്ഗം മുടക്കുവാൻ?

ചിത്രവധം

വെണ്ണിക്കുളം ഗോപാലക്കുറുപ്പ്

എന്തനശ്വരയ, മില്ലതിൽ കൗതുക;-
മെന്തവിഹിതം ചായും മനസ്സതിൽ;
കേമമല്ലയോ കെങ്കേമം നമ്മുടെ
വാമവാസനാ വൈഭവം, ലോകരേ!

''ഉദ്ധരിക്കുക നന്മരം നട്ടുനാ-
മിദ്ധരിത്രിയെ വീണ്ടു;''—മീവാചികം-
ഭാവനാധനന്മാരുടെ നിസ്തുല-
ശ്രീവനോത്സവ കാഹളം—കേൾക്കവേ,
ഭാരത സുഖാന്വേഷണ ലാലസ-
സ്സാരുരസ്സാതിരുന്നില്ല മംഗളം?

ഇണ്ടൽ കൊണ്ടു തളർന്ന മിഴിയുമായ്
കണ്ടു ഞാനൊരു കാഴ്ചയന്നേദ്ദിനം.
നാട്ടുകാരുടെ വിശ്രമസ്ഥാനമായ്
നാൽക്കവലയ്ക്കലങ്കാര ശില്പമായ്
നല്ലൊരാൽ മരം, സൗന്ദര്യബീജമുൽ-
ഫുല്ലമായ കണക്കു മിന്നീ ചിരം;
അന്തരീക്ഷ മഹാജലരാശിയിൽ-
പ്പൊന്തിയ കൊച്ചു പച്ചത്തുരുത്തുപോൽ.

എന്നെവിടെ നിന്നാരുകൊണ്ടു,ന്നതം-
ണൊന്നുമാർക്കുമറിവില്ലതിൻ കഥ;
ഇന്നു ജീവിച്ചിരുന്നിടും വൃദ്ധർക്കു-
മിന്നിലയിലേ കണ്ണിൻ പരിചയം.
അന്നുമപ്പെരും പാതയിലൂടെ ഞാ-
നൊന്നു ലാത്തുവാൻ പോയിതേകാകിയായ്;

തൻ കരങ്ങളാൽ ഭ്രമുഖത്തംശുമാൻ
കുങ്കുമച്ഛായമിട്ടു മിനുക്കവേ.

ഒട്ടുദൂരെ പ്പുരോഭുവി ലൂക്കനായ്-
വെട്ടമൊച്ച്ച യലച്ചു കണ്ണുങ്ങളിൽ,
ഞാനടുത്തടുത്തെത്തിടുന്തോറു മ-
ത്താനമേറെ ത്തെളിഞ്ഞുകേറക്കായിമേ.

അങ്ങു നാൽക്കൂട്ടമാഗ്ഗത്തിലെത്തവേ
രംഗമാകെ പ്പകർന്നു കാണുന്നു ഹാ!
ആക്രമിക്കയാണഞ്ചെട്ടു മല്ലന്മാ-
രാത്തബന്ധുവാ മശ്വത്ഥ വൃദ്ധനെ.

വമ്പിയന്നു പടർന്ന പരശ്ശതം
കൊമ്പിറുക്കി നിറുത്തിയോരാമരം,
കാൽ ക്ഷണം കൊണ്ടു ബാഹുക്കരം പൊയ്പോയ-
കാർത്തവീര്യാജ്ജുനനു സമമായി.

വാശി പൂണ്ടു വരിഞ്ഞിതോ, വണ്ണിച്ച
പാശമൊന്നിനാൽ കണ്ടനാളത്തെയും!
ശ്രീല നീല ശിലാഫലകോജ്ജ്വല-
മാലവാല മിടിച്ചു തകർത്തതാ-
ആലു വെട്ടിയരിഞ്ഞു തള്ളീടുവാൻ
നാലുപാടും കഴിച്ചതു കണ്ടുഞാൻ.
നാലു കോടാലി യേകതാളത്തില-
ച്ചോലമാമരച്ചോട്ടിൽ തറയ്ക്കയോ?
ഉച്ചലദ്ദല മാലയാൽ ശോഭിച്ചോ-
രച്ചതുഷ്പഥ, മാനന്ദമന്ദിരം,
ഹന്ത! ശൂന്യമായ്ത്തീരുമെന്നുള്ളൊരു
ചിന്തയാലേ മരംപോലെ നിന്നു ഞാൻ.

ആഞ്ഞു വെട്ടുന്നു വെട്ടുകാ,രെന്മനം
കാഞ്ഞു ഞെട്ടിപ്പിടയ്ക്കയാണെന്തിനോ?
ദൃഷ്ടിയിൽ പെട്ടു തൈയായെടുത്തിങ്ങു
നട്ടു പണ്ടൊരു ലോകസേവാരതൻ:

കാവൽ നിന്നില്ല. മററാരു,മാകയാൽ
കാലമപ്പണി കൈയേററിരിക്കണം;
ആതപത്തിൻെറ പൂപ്പുഞ്ചിരികളും
ശീതളാനില നമ്മസല്ലാപവും
താരകാളിതൻ ചാരുകടാക്ഷവു-
മാരമിപ്പിച്ചിത കട്ടിയാലിനെ-
തിങ്കളിററിററു വീഴ്ത്തീ നവാമൃതം
വൻ കരിങ്കാറലിഞ്ഞു ശുദ്ധാംബുവും.

ശീല നൂർന്നു വരുന്ന പച്ചക്കട-
പോലെ കാന്തിവിരിച്ച വൃത്തത്തൊടും,
നാളിൽ നാളിലുയൻറ വിഹംഗമ-
പാളിതൻ മൃദു ഗീത മേളത്തൊടും
ദേശ ചൈതന്യമെന്നപോൽ ശാഖകാം
വീശി വീശി പ്പടർന്നു തഴയ്ക്കവേ
ഏറെ യേറെ ജ്ജനങ്ങാംക്ക വിശ്രമ-
മേക മാൽമര മംശാവിതാനമായ്.

ആഞ്ഞു വെട്ടുന്നു വെട്ടുകാ, രെന്മനം
കാഞ്ഞു ഞെട്ടിപ്പിടയ്ക്കയാണെന്നിനോ?

എത്ര നൂററാണ്ടു കാലങ്ങാം നീങ്ങണ-
മിത്തരമൊരു മാമരം കാണുവാൻ!
എങ്കിലെന്തു കാണാതെയാക്കുവാൻ
ശങ്കയില്ലൊരു നാം തന്നെ വേണമോ?

നന്നുനിൻ തപശ്ചര്യയശാത്ഥമേ,
നന്ദിയില്ലാത്ത ലോകത്തിലായി നീ.
ഉത്തമോത്തമന്മാരെയും മൂഢന്മാർ
ചിത്രഹത്യക്കിരയാക്ക മുഴിയിൽ!
രണ്ടു കററം ചുമത്തിയാം നിന്നെ നിഷ്-
കണ്ടകന്മാർ തുലയ്ക്കുന്നതീ വിധം;
വാനിടം മുട്ടി നില്ക്കയാണെപ്പൊഴും
വാഹനങ്ങാംക്ക ഭീഷണിപോലെ നീ.

നീ നിരന്തരം ചപ്പില വീഴ്ത്തുന്ന
യാനമാഗ്ഗ മലങ്കോല മാക്കവാൻ.
ഹാ! പരിഷ്കൃതി പ്പന്തംജ്വലിക്കവേ
ശോഭ നന്ന തിൻ ചൂടാണ ദുസ്സഹം!
സൽഫലമൊന്ന മില്ലെന്ന സമ്മതം
ക്ഷുൽ പരിഹൃതിയ്ക്കായി നിൻ കൈവശം;
ഈ വിശപ്പിന്ന പററാത്തതൊക്കെയും
ജീവിതാഗ്നിയ്ക്ക കാഷ്ഠമാകേണമോ?

ആഞ്ഞു വെട്ടുന്ന വെട്ടുകാ,രെന്മനം
കാഞ്ഞു ഞെട്ടിപ്പിടയ്ക്കയാണെന്തിനോ?
''ദൂരെ മാറുവിൻ, മാറുവി, നാൽമരം
പാരിൽ വീഴുവാനില്ലിനി ത്താമസം;
ആരുമിങ്ങോട്ടടുക്കരു, ''—തെന്നൊരു-
താരനാദം ചെവിയ്ക്കകം പൂകവേ
ഭീകരക്രൂര സംഹാര വാഴ്ചയ്ക്ക
മൂകസാക്ഷിയായ് പ്പിൻവാങ്ങിനിന്ന ഞാൻ.

കെട്ടിയിട്ട കയറിൻെറ തുമ്പിന്മേ-
ലൊട്ടുപേരങ്ങു തൂങ്ങി സഗൗരവം.
വെട്ട കോടാലി, പാദപത്തിൻ കട
തട്ടുവാനയന്നാഞ്ഞു വീണ്ടു തദാ.
സാന്ധ്യകാന്തിയിൽ മുങ്ങിയ വാനിൻെറ
ശാന്തിഭഞ്ജിക മാത്തസ്വരത്തൊടെ,
താൻ പിറന്നൊരു മണ്ണിൻെറ മാറിലാ-
മാൺപെഴും മരം വീണിതെന്നേക്കമായ്!
ഖേദമോടൊരു ദീർഘനിശ്വാസമ-
പ്പാദമൂലത്തിലർപ്പിക്കയായി ഞാൻ,
ദോഷമെല്ലാമകന്ന തെളിഞ്ഞുപോൽ
ഭാഷ മാററിക്കഴിഞ്ഞ ശൃംഗാടകം!

ഏട്ടുനോക്കിയാൽ കാണുന്നതപ്പടി
ചോട്ടുതെററി പ്പയററുന്നതിപ്പടി;
നാട്ട നന്നാക വേണമെന്നാകിലും-
ക്കാട്ട വെട്ടി ത്തെളിക്ക നാമാദ്യമായ്.

പെരുംതച്ചൻ

ജി. ശങ്കരക്കുറുപ്പ്

ഇത്തിരിയില്ലൊരു സുഖം
            തോന്നുന്നുണ്ടെനിക്കിന്നെൻ-
പൊത്തിലെത്രനാളായ് ഞാൻ
            ചുരുണ്ടു കിടക്കുന്നു!
വാത മെന്നെലുമ്പിലെ
            മജ്ജയൊക്കെയും കാർന്നു,
പ്രേതമായ്ത്തീർന്നു ഞാനെ-
            ന്നാകിലും ശ്വസിക്കുന്നു-
ഉളി വെയ്ക്കുമ്പോൾ കട്ട-
            പ്പൊന്നുപോൽ മിന്നും പ്ലാവും
കളിവഞ്ചി വെട്ടിടാൻ
            കാതലാർന്ന തേന്മാവും
നിറയെ പ്പൂത്തും കായ്ച്ചും
            നില്ക്കുമീ മീനക്കാല-
ത്തിറയത്തു ചെന്നൊന്നു
            നോക്കുവാൻ കഴിഞ്ഞെങ്കിൽ!
എൻ പറമ്പിലില്ലൊറ്റ-
            ക്കുറ്റിവാഴയു,മെനി-
ക്കിമ്പമാ ണെവിടെയാ-
            ണെങ്കിലും മരം കണ്ടാൽ.
ഒൻപതാം പിടിച്ചാലും
            പിടികൂടാത്തുണ്ടൊറ്റ-
ത്തമ്പക ‘മുളിയന്നൂ-
            ര’മ്പലമൈതാനത്തിൽ
വളവും പോടും കേടു-
            മില്ല, ഞാനെൻ കൺകൊണ്ടോ-

ന്നളന്നിട്ടൊരെൺപത്തു
കോലിനപ്പുറം പോവും.
മുറിച്ചാലത്തു മതി
നാട്ടിലെപ്പുരയ്ക്കെല്ലാം
മുളമോന്തായം മാററാ,
മുത്തരത്തിനും കിട്ടും.
അല്ലെങ്കിലൂരാണ്മക്കാർ
മോഹിക്കുംപോലേ ചെത്തി,
യില്ലമാളികകൾക്ക
'ചീലാന്തി'ക്കുതൊപ്പിക്കാം.
പൂതലിച്ചു പോയെൻെറ-
യിത്തടി; കൊതിച്ചാലാ-
ക്കാതലിലുളി നട-
ത്തീടുവാനാവില്ലല്ലോ!
കരിവെററിലത്തുണ്ടും
കൊട്ടടയ്ക്കയും നൂറിൻ-
തരിയും പുകയില-
ഞെട്ടിയും തപ്പിത്തപ്പി
—വെടി വെയ്ക്കിലും കൂടി
കേറക്കില്ലാ—കുനിക്കൂടി-
പ്പടിമേലിരിക്കുന്നു,
'നാനിയും' വയർ ചുങ്ങി.
അവളും കെളവിയായ്!
—പൂത്ത ചമ്പകത്തെയ് പോൽ
നിവർന്നും, കടഞ്ഞെടു-
ത്തതുപോലുടമ്പാർന്നും,
ചിരിച്ചു മൂന്നും കൂട്ടി-
പ്പൂത്ത വെള്ളിലപോലെ-
ന്നരികത്തിവൾ നിന്ന-
നാളുകൾ ഞാനോർക്കുന്നു!

[പുരികം നരച്ചൊരാ-
കണ്ണുകളം, ചിതൽ തിന്ന
പുറവാതിലിൽക്കൂടി-
യലഞ്ഞു കുറേ നേരം]
പൊങ്ങുവാൻ കഴിഞ്ഞെങ്കിൽ
നിരങ്ങാം; കിഴവനെ-
ത്താങ്ങുമായിരുന്നാക്കെ...
—വിതുമ്പീ പെരുന്തച്ചൻ.
[വീണ്ടുമാ സ്മരണയെ
മാച്ചാനോ, ചുളിവേറെ
വീണ നെററിമേൽ മെല്ലെ-
ത്തടവീ ചുണ്ടും കൈയാൽ]
പണി ചെയ്യുവാൻ
മേലാതാകിലും തൊങ്കിത്തേങ്ങി-
പ്പണിയാലയിൽ പ്പുക്കൊ-
ന്നിരിക്കാൻ കഴിഞ്ഞെങ്കിൽ!
—എങ്കിൽ, ഞാൻ മുഴക്കോലു-
മുളിയും പണിക്കൂറിൽ
പ്പങ്കിടാറുള്ളാപ്പൊട-
മിന്നും ഹാ! നുണഞ്ഞേനെ!
കരിവീട്ടിതൻ കാതൽ
കടഞ്ഞു കുഴിച്ച വ-
ന്മരിക കമഴ്ത്തിയ-
പോലെഴും വിണ്ണിൻ താഴെ,
അകലെക്കാണും ചെമ്പു-
താഴികക്കുടം ചൂടം
മികവാർന്ന തൃക്കോവിൽ
തീർത്തതിക്കൈ കൊണ്ടത്രെ.
ഉളി ഞാൻ പിടിപ്പിച്ച
കൈകളാലെൻ കുഞ്ഞ,പ്പൊ-

ന്നൊളി ചിന്നിടും ക്ഷേത്ര-
ധ്വജത്തിൻ തുംഗാഗ്രത്തിൽ,
പറന്നങ്ങിരിക്കുമ്പോഴം
ചെത്തിയ ഗരുഡൻെറ
ചിറകു ചലിക്കുന്നി-
ണ്ടിപ്പൊഴുമെന്നേ തോന്നു!
ഞാനതിലസൂയാലു-
വായിപോ,ലേതച്ഛന്ന
മാനമല്ലാ, മറ്റൊക്കെ
മകനെപ്പുകഴ്ത്തുമ്പോഴം?
ആയിരം മണിയുടെ
നാവുപൊത്തീടാ,മൊററ-
വായിലെ നാവാക്ഠാനും
കെട്ടുവാൻ കഴിയുമോ?
രണ്ടു ഗോപുരത്തിൻെറ
തട്ടിലും വെച്ചു, തേക്കു-
കൊണ്ടു കൊത്തിയൊരഷ്ട-
ദിക്പാലരൂപം ഞങ്ങൾ,
ഒന്നെൻെറ യിക്കൈയ് തീർത്ത-
തൊന്നവൻേറതും; ജീവൻ
വന്നിട്ടുണ്ടവൻേറതി-
ലെൻേറതിനേക്കാളത്രെ!
എൻ കരം തോററാലെന്താ-
ണെന്മകൻ ജയിക്കുമ്പോൾ
എൻ കണ്ണിലുണ്ണിയ്ക്കുലും
പുകളെൻ പുകളല്ലേ?
കൊച്ചനെ സ്തുതിക്കുമ്പോ-
ളെന്മുഖം മങ്ങീപോലും
തച്ചനായാലും ഞാനൊ-
രച്ഛനല്ലാതായ്പോമോ?

''കണക്കും കോപ്പും മൂത്താ-
ശാരിക്ക കൂട്ടം, ശില്പ-
ഗ്ഗുണമാ ച്ചെക്കന്നേറും''-
നാട്ടുകാർക്കെന്തൊണാവോ!
ആലയിലടുത്തട-
ത്തിരുന്നു ഞാനും മോനും
വേല ചെയ്യുമ്പോഴും തമ്മിൽ
മിണ്ടാതായ് പിന്നെപ്പിന്നെ.
ഞാനവന്നപമൃത്യു
നേരിടാനാ,രെന്തൊക്കെ-
താനധിക്ഷേപിച്ചാലു-
മച്ഛനാണിച്ഛിക്കുമോ!
ആ മകൻ ഗ്രഹിച്ചതു-
മഭ്യസിച്ചതു, മെത്ര
കേമനായാലും, തന്റെ-
യച്ഛനിൽ നിന്നാണല്ലോ.
''ഞായറു മറഞ്ഞേക്കാം
തിങ്കളാലല്ലേ?'' മൂത്ത-
നായർ, ഞാൻ വീട്ടിൽ ച്ചെൽകെ-
യെന്തിനിങ്ങനെ ചൊല്ലീ?
കേവലം നേരം പോക്കി-
നന്നു ഞാനൊരു യന്ത്ര-
പ്പാവയെ പ്പാലത്തിന്റെ
ചുവടേ ഘടിപ്പിച്ചു.
കാലുവെയ്ക്കുമ്പോഴും പാല-
ത്തിന്റെയററത്താരാനും,
ചേലുലാവുമാപ്പാവ
ജലദേവത പോലെ
നീർ നിരപ്പിൽ നിന്നാരാ-
ലുയരും, പൊങ്ങിപ്പൊങ്ങി

നീട്ടററ പാലത്തിൻെറ
മദ്ധ്യത്തിലാളെത്തുമ്പോൾ.
വാ തുറന്നൊരു തുപ്പു
തുപ്പു,മാ വഴിക്കാരെ-
ന്നേതുമേ കരുതിടാ-
തരികെക്കൂടിപ്പോകെ!
ഈ വിചിത്രമാം വിദ്യ
കാണുവാനത്യാശ്ചര്യം
താവിന മിഴികൾ തൻ
തിരക്കായാററിൻ വക്കിൽ.
ചന്ദനത്തയ്യാണെങ്കി-
ലുരഞ്ഞാൽ മണംപൊങ്ങും;
നിന്ദയാലല്ലെൻ കുഞ്ഞും
തൻ മിടുക്കുടൻ കാട്ടി.
നാലുനാൾ ചെല്ലും മുൻപു
പൊങ്ങി മറെറാരു പാവ
നാട്ടുകാരുടെ നാവി-
ലവൻെറ പേരൊടൊപ്പം
തുപ്പുവാൻ ഭാവിച്ചും കൊ-
ണ്ടെൻ പാവ പൊങ്ങുമ്പൊഴേ
ക്കുപ്പുറത്തവൻേറതിൻ
കൈ നീളും പതുക്കനെ.
വാ തുറക്കുമ്പോഴേക്കും
ചെകിടത്തടിവീഴും;
വാശിയാലടിയെനി-
ക്കേററതുപോലെ തോന്നി!
ഇടമില്ലാകാശത്തും
രണ്ടു തിങ്കളിന്നെന്നും;
കുടി വിട്ടവൻ പോയീ
'നന്ദി' കണ്ണീരായ് നില്ക്കേ.

ഉമി നീറും പോൽ നീറി-
യെന്മനം! എന്നാലും ഞാ-
നരിയാടിയില്ലൊററ-
യക്ഷരം പിരിയുമ്പോഠം
കോവിലിലാനപ്പന്തൽ
പുത്തനായ്‌ പണിയുമ്പോഠം-
ഞാൻ വിളിച്ചതെന്തിന്നം-
ക്കേമനാം മകനെപ്പോയ്‌?
''മകനോടാലോചിച്ചു
ഭംഗിയാക്കണം പന്തൽ''
മതിലിന്നകം പൂകെ-
ത്തമ്പുരാനരുഠം ചെയ്തു.
പോരുവാൻ തോന്നീ, പക്ഷേ
പോന്നില്ല;—കാലത്തോള-
മാരുമോതാറില്ലെന്നോ-
ടന്യനോടാലോചിക്കാൻ.
ഞാനതിലസൂയാലു-
വായിപോൽ; മകനുള്ള
മാനമച്ഛനമല്ലേ?
മരമോ മരാശാരി?
പന്ത,ലൂരാണ്മക്കാർ തൻ
കൗതുകത്തോടെ,പൊങ്ങീ
ചന്തമായ്‌; മുകപ്പിന്ന
കൊത്തുവേലകഠം വേണം.
''ഞാനതുനോക്കാം, മച്ഛൻ
മോന്തായം കേററിക്കോളൂ''
—മോനനവദിക്കണോ
മോന്തായം മോളിൽക്കേററാൻ?
ചന്ദനപ്പലകമേൽ
കൊത്തുകയാണാക്കൈകഠം

സുന്ദരം മഹാലക്ഷ്മീ-
ദേവിതൻ കേളീപത്മം.
വാളിന്റെ വായ് പോൽ മിന്നും
വീതുളിയാലെ, നേരേ
മോളിലാ മോന്തായത്തി-
ന്നാണി ചീവുകയാം ഞാൻ.
ഊർന്നു കൈയറിയാതെ,
യറിയാതെയാ,ണുളി
നേർന്നു ഞാൻ മകന്റെ മേ-
ലിതുപോയി വീഴൊല്ലേ!
കണ്ണിമച്ചു ഞാൻ മിഴി-
ച്ചൂമ്പോഴേ,ച്ചുവ്വോ! കണ്ടു
മണ്ണിലക്കഴുത്തററം-
രെന്മകൻ പിടയുന്നു?
ആളുകാം ചുററും വന്നു-
കൂടുന്നു, തുശിത്തുമ്പു
നീളും പോലോരോ കണ്ണു-
മെന്മുഖത്തേററിടുന്നു
കോണിതൻ പടിയിലെൻ
കാലുറച്ചുമോ? താഴേ
വീണു ഞാൻ; മകൻ 'മാപ്പെ'-
ന്നോതിപോൽ; കേട്ടില്ലാ ഞാൻ,
ഉതിരം തളം കെട്ടി
വേറിട്ട കണ്ണുത്തിങ്കൽ
പതിയും ചുരുളാം മുടി
കട്ടച്ചു രക്തം മുററി.
വേദന വിഴുങ്ങിയ
കൺമിഴിഞ്ഞൊരാ രൂപം
വേറിടുന്നില്ലാക്കണ്ണിൽ-
നിന്നെനിയ്ക്കെന്തായാലും.

ചിരിച്ചു കണ്ടിട്ടില്ല
'നാനി'യെപ്പിന്നീടാരു-
മെരി കണ്ണീരും വാർന്നു-
വാർന്നതോടൊപ്പം വററി,
ആരു വിശ്വസിക്കും കൈ-
പ്പിഴയല്ലതെ,ന്നെത്ര-
പേരുരച്ചാലും? തന്ത-
യിതു ചെയ്യുമോ നാനീ?
ആ മക നെന്നിയ്ക്കുന്നു-
വടിയായിരുന്നേനേ,
ഭീമ മാമപമൃതി
പിണയാതിരുന്നെങ്കിൽ!
''പിണയ്ക്കാതിരുന്നെങ്കി''-
ലെന്നു ഹാ, തിരുത്തുന്നു-
, ണ്ടുണരുന്നൊരെന്നന്തഃ-
കരണം കൂടക്കൂടെ.
. ആരു വിശ്വസിക്കും കൈ-
പ്പിഴയല്ലതെ,ന്നെത്ര-
പേരുരച്ചാലും, തന്ത-
യ്ക്കിതു ചെയ്യുവാനാമോ?
അടിയ്ക്കുന്നുണ്ടെന്നോലു-
മെൻ നെഞ്ചിലാരോ കൊട്ടു-
വടി കൊണ്ടിപ്പോളേതോ
ക്കുരാണിയിളക്കുവാൻ.
''പൊടിയോ മറേറാ വീണോ
കണ്ണി? —ലിന്നെന്താ വെള്ളം
പൊടിയാൻ? ചൂൽ കാണിച്ചി-
ട്ടേറെനാളായീ മച്ചിൽ!''
മുറുക്കാൻ ചതകല്ലിൽ
വെച്ചിടിക്കുമ്പോഴും 'നാനി'
മുറിച്ചു പെരുംതച്ചൻ-
തൻെറയീ മനോരാജ്യം.

ബുദ്ധനും ഞാനും നരിയും

ഇടശ്ശേരി

അറിയില്ല, തിരിയില്ല, ദുരിതമാണെന്നാലും
നരിതിന്നാൽ നന്നോ മനുഷ്യന്മാരേ!
ഒരു കാട്ടുപാതയി,ലരമൈൽ നടന്നാല-
ക്കരെയായീ നമ്മുടെ ചെററമാടം.
കരയുന്നുമുണ്ടാവാം പൊരിയുന്നുമുണ്ടാവാം
ദുരിതമേ നാലഞ്ചു മക്കളിപ്പോഠം
വലയും കുടുംബിനി തലതല്ലിക്കൊണ്ടെൻെറ
വരവും പ്രതീക്ഷിച്ചിരിപ്പുമുണ്ടാം.
ചുമലിലൊരിത്തിരി റേഷനരിക്കിഴി
ചുടുചിന്താ ഭാരങ്ങഠം നെഞ്ചറയിൽ
വിരവിലാ രാജപഥത്തുടെ യെങ്കിലോ
ഇരുകാതം പോകണം ലക്ഷ്യമെത്താൻ!
കഴൽ നീങ്ങി കാട്ടിലേ,യ്ക്കന്തിയാ,ണമ്പിളി-
ക്കലയുണ്ടേ മാനത്തിൻ ദംഷ്ട്രം പോലെ
ഉരസിപ്പോം കുന്നിൻെറ ചരിവുമ ക്കണ്ടകേ-
നിരയും മെതിച്ചു നടക്കയായ്‌ ഞാൻ.

നരിവന്നാൽ—വന്നോട്ടെ, സുപരീക്ഷിതങ്ങളെൻ
ചരണങ്ങഠം, ഞാനൊരു പെണ്ണല്ലല്ലോ.
നരി കണ്ടാലോടിടും നായാട്ടുനായ്ക്കളെ;
ശ്ശരി, ഞാനോ വാറണ്ടശിപ്പായ്‌മാരേ.
പകുതിയും പിന്നിട്ട പഥമിപ്പോളെത്തീ ഞാൻ
സുഗതനാം ബുദ്ധൻ തൻ സന്നിധിയിൽ
പഴയൊരു പ്പാറക്കൽപ്രതിമ യുണ്ടപ്പോഴും
പരിശുദ്ധി ചുററും പൊഴിച്ചു നില്പൂ.
ഒരു കാലത്തുൽകൃഷ്ടർ ബുദ്ധഭിക്ഷുക്കളി-
ത്തരുനീലത്തണൽകളിൽ വാണിരിക്കാം:

ഒരു കാലം നിഷ്കൃഷ്ടാഹിംസയെപ്പററിയും
കരുണയെപ്പററിയും ചൊല്ലി ച്ചൊല്ലി-
കരയിച്ചിട്ടുണ്ടാവാം കഠിനാമർഷത്താലേ
കരാം തിന്നാനന്നും വിരോധിമാരെ!

തനതു സന്ദേശത്തിൻ സഫലപ്രയോഗത്താ-
ലനഘമാം പാരിനെ ക്കണ്ടു കണ്ടേ,
ചരിതാർത്ഥനായ് ധ്യാനനിരതനായ് വാഴ്കയാ-
മിരുപത്തു നൂററാണ്ടായ് മുനിയിവിടെ,
ഇരതേടും ക്രൗര്യങ്ങാം നഖമങ്ങുരപ്പതു-
മറിയാതാം ധ്യാന പരതയോടെ!

ഇരുളുന്നു ചുററില്ല, മറിയാതായ് വെവ്വേറെ-
ത്തളിരും മലരും കരിയിലയും
അറിയാറായൊ,ന്നതാ ചൊകെ ചൊകെ മിന്നുന്ന-
നരിയുടെ നിർദ്ദയക്കൺകറം മാത്രം!

ഒരു ഞൊടി, ഒരു ഞൊടി പോരു,മന്നരകമെൻ
പിരടിയ്ക്കു ചാടുവാനെന്നായിട്ടും
കഴൽ പിന്തിരിഞ്ഞീല, നീണ്ടൊരിരുകാതം
വഴിവളഞ്ഞിട്ടെൻെറ കടിലിലെത്താൻ.
അവിടെ യെന്നും കണ്ണാൽ കാണുന്നു ഞാനേറെ
വിവശിതമാമെൻ കുടുംബചിത്രം:
സുമധുരപ്പാലററ മുലയിൽ നിന്നമ്മ ത-
ന്നുയിർ നിണം തന്നെ വലിച്ചിറക്കി
വികൃതമെലിമ്പുന്നും മാറത്തമരുമാ-
ദുരിതത്തിൻ ദുർമുഖത്തിന്നു നേരെ
മിഴിതുറിച്ചാർത്തിയാൽ രോഷത്താലായിരം
കഠിന ശാപങ്ങളെറിയുവോളെ;
അവളുടെ മുമ്പിൽ നിന്നാർത്തലച്ചന്ധത്തം
നില തെററി ക്കേഴുന്ന മൂത്തവരെ.
'വരു, നല്ല മാർഗ്ഗത്തുടിരുകാത'മെന്നാരു-
പറയു മായാക്കില്ല ഹൃദയലേശം!

നരിയെൻെറ നേക്ക നിരങ്ങി നിരങ്ങിക്കൊ-
ണ്ടരികത്തടുക്കയാണെന്തു ചെയ്യും?
ഇരയായ് ഞാൻ വീഴണോ, മടയിൽ നിന്മക്കൾതൻ
പൊരിയും വയററിലേക്കെത്തണോ ഞാൻ?
ഇരയായി പണ്ടേതോ ജന്മത്തിൽ നിന്നെപ്പോ-
ലൊരു ഹിംസ്രജന്തുവിന്നി സ്സുഗതൻ
കരുണയാലത്യാഗം; കരുണതൻ പേരിൽത്താ-
നൊരു വാക്ക ക്കുറട്ടെ നരിയമ്മാനെ!
ചുമലി ലൊരിത്തിരി റേഷനരിക്കിഴി;
ചുടു നെടുവീർപ്പിതും കണ്ടില്ലേ നീ?

തരമം,യടുത്തവൻ ചാടാറായ്-ഞാനാക്കൽ-
പ്രതിമയാ ക്രൂരൻെറ മുതുകിൽത്തള്ളി.
അറിയില്ല, തിരിയില്ല, ദുരിതമാണെന്നാലും
നരി തിന്നാൽ നന്നോ മനുഷ്യന്മാരേ!

വയറൊട്ടു വീർത്തപ്പോൾ കളിചിരിപൂണ്ടൊട്ടെ-
ന്നുയിരൊത്ത മക്കളുറക്കമായീ
മധുരമൊരുമ്മ കൊടുത്തെൻ കുഡുംബിനി
മുതു നിവർത്തീടുന്നുണ്ടവർ തൻ ചാരെ
പരമമീ ലക്ഷ്യത്തിൽ സ്സമസ്പൃഷ്ടച്ചെഞ്ചോര
പുരളാനിടയാ, യെൻ തെററുതന്നെ!
ഇരുകാതം താണ്ടി ഞാൻ വരുവോള മെന്മക്കൾ
പൊരിയുകിൽ ച്ചാവുകിൽ ത്തെററല്ലെന്നോ?
ഇടയുള്ളോർ വാദിപ്പിൻ—മാർഗ്ഗവും ലക്ഷ്യവു-
മിടറിയോ, ഞാനൊന്നു തലചായ്ക്കട്ടെ.

പ്രകൃതിയും കവിയും

എം. പി. അപ്പൻ

മണ്ണിൽ നിന്നൊരു പൂവു
നിർമ്മിച്ചു പ്രകൃതിയാൾ
കണ്ണിനും കരളിനും
കുളിർമ്മ യരുളുവാൻ.
രാമണീയകമേറു-
മാ നവസൂനം കണ്ടു
കോൾമയിർ ക്കൊണ്ടു കവി
വിസ്മയ വിവശനായ്
ചന്തമാന്നൊരു പുഷ്പം
സൃഷ്ടിച്ചു, കവി, യുള്ളിൽ
പൊന്തിടും നവോന്മേഷം
തിര തല്ലുകയാലേ
തേജസ്സു വീശി രണ്ടും
രണ്ടു രീതിയി, ലേതി-
ന്നോജസ്സു കൂടീടുമെ-
ന്നോതുവാൻ കഴിഞ്ഞീലാ.
കാമനീയകമെല്ലാം
രണ്ടു പൂവിനും മീതെ
കാലത്തിൻ തരംഗങ്ങൾ
പാഞ്ഞുപോയധൃഷ്യമായ്
പാഴ്മണ്ണിൽ പ്പിറന്നതാം
സുമത്തിൻ പ്രഭാപൂരം
ഹാ! മങ്ങിമറഞ്ഞുപോയ്
ചെന്തീതൻ ജ്വാലയ്ക്കൊപ്പം.
ഭാവനാ സന്താനമാം
സുന്ദര പ്രസൂനമോ
ഭാസുരതരമായി
വിളങ്ങീ വെൺതാരപോൽ.

മൺകുടത്തിന്റെ വില

പി. കുഞ്ഞിരാമൻ നായർ

തുടർന്നിതു ജനനിയാൾ സുതയോടു ''കടംകൊണ്ട
കുടത്തിന്റെ വിലയിന്നും കൊടുത്തില്ലേ നീ!''
മണി ഭൃംഗമനം തേടിയണഞ്ഞിവരുറുതിയിൽ
പുണരുന്ന ധനുമാസ മധുമാവിന്മേൽ
മുരളിയുമൂതി നവ മകരന്ദകിസലയം
ചൊരിയുമാതിരക്കുയിൽ പറന്നുവല്ലോ!
അണി നിലാവൊളി തേവി നനയ്ക്കുന്ന മകരത്തിൽ-
ക്കണിപ്പൂഞ്ച മണി മാലയണിഞ്ഞുവല്ലോ!
പുഴയിൽ നിന്നൊരു കററക്കഴ കെട്ടിത്തിരിച്ചൊരീ-
ക്കുഴിയിലെ ജ്ജലം വററിക്കഴിഞ്ഞുവല്ലോ!
ചെറുപള്ളം പടർന്നൊളി വിടർന്നതിൻ തലയിലെ
മരതക മണി മുടി യുറച്ചുവല്ലോ!
വടിവൊത്ത ചെറു ചേനത്തുടരണിപ്പൂത്തുമങ്ക-
ക്കൊടിയുടെ യടിവയർ കനത്തുവല്ലോ!
മുളകിന്റെ വിരലുകൾ പവിഴച്ചാത്തണിഞ്ഞല്ലോ
വഴുതിനപ്പൂവൽ കൊഴുത്തുരുണ്ടുവല്ലോ!
തളിരിളം വെള്ളരിയിൽ, തെളിമഞ്ഞക്കുറിതൊടു-
മിളവനിൽ, ഞെറിവെച്ച കുളിർമത്തയിൽ,
മണിയറയിലു മണിത്തളത്തിലും തൊഴുത്തിലും
കണിവെയ്ക്കും തനിത്തങ്കക്കുടങ്ങൾ പൊങ്ങീ;
ചെറുനിറക്കുടമിതിൻ കുറും കരൾക്കകത്തല്ലോ
പിറന്നതീ മരതകഭുവനമെല്ലാം!
തുടർന്നിതു ജനനിയാൾ മനം ചുട്ടു: ''കടംകൊണ്ട
കുടത്തിന്റെ വിലയിന്നും കൊടുത്തില്ലേ നീ?''
പൊരുളറിയാതെ കരിം ചളിമണ്ണു പുരട്ടിയും
മറവിയാൽ പതനങ്ങളനുഭവിച്ചും,

ഉടയാത്ത കുടമിടക്കുടമിഴികളിൽ നീരാൽ
അടിമുടി നനച്ചു പെൺകൊടിയാൾ ചൊല്ലി:
കൊടുപ്പതെങ്ങനെ യന്തിനനകഴിഞ്ഞിവളെന്നും
കടവിനിക്കരെ നിന്നു വിളിച്ചുനോക്കും
മറുവിളിയില്ലെന്നല്ല പുറത്തു കാണുകയില്ലാ
തിരഞ്ഞു ചെന്നാലും മായക്കുശവനാരെ!
മറന്നുവോ കിഴവനെന്തിനിയും തൻവരശില്പ-
വിരുതിന്റെ വില വാങ്ങാൻ വാരാത്തതമ്മേ!''
''മറക്കയോ, പരമോരോ കുടത്തിന്റാ കണക്കുമാ-
മുത്തുമുത്തൻ കുശവന്റെ മനസ്സിലുണ്ടാം!
പരമൊരു പരീക്ഷണക്കെണിയിതെന്നറിഞ്ഞു നാം
നെറിവൊത്തിങ്ങിതിൻ വില കൊടുത്തില്ലെങ്കിൽ,
കനിവേറും കുശവനാരറിയാതെയവസാനം,
കരിങ്കാളി— മകൾ—നമ്മെത്തടുത്തുനിർത്തും!''
തുടർന്നിതു ജനനിയാൾ മനംവെന്തു: ''കുടംകൊണ്ടു
കുടത്തിന്റെ വിലയിന്നു കൊടുക്കണം നീ
ഞൊടിയിടകൊണ്ടു, നമ്മളറിയാതെയൊരു ദിനം
ഉടഞ്ഞുപോം കുടം: കുടമവശേഷിക്കും.''

ജൈത്രയാത്ര

കെ. കെ. രാജാ

ധരയുടയ ഭൂതികാംക്ഷാസ്ഥയോടേ
സുരനഗരിയേയും സമാക്രമിപ്പാൻ
വരമരുളി നിൽക്കയാണീശ്വരന്റെ
വരമഹിഷി ശാശ്വതിയായ ശക്തി!
നിറമുടയ താരാമലർപ്പറയാ-
യുരപെരിയവാനം തെളിഞ്ഞു കാൺമൂ,
നലമൊടവിടത്തിലുയർന്നിടുന്നു
നരകുശലകാഹള മന്ദ്രനാദം.
കലിതരസഭൂതി പ്രയാണമേത്തും
സ്ഖലിത പദവിന്യാസമായിടാതെ
വലമഥന നാട്ടിൽ വെന്നിക്കൊടിയാ-
ന്നലഘുരുചി മിന്നുമുഷസ്സിൽ നാളെ!
മറകളുടെ മംഗളാശംസ കേൾപ്പാൻ
മറവിലൊരിടത്തു ഞാനെത്തുമപ്പോൾ!

കണ്ണീരിന്റെ വികാസം

ഒ. എം. അനുജൻ

അറിയുക, ഞാനീയുലകി-
ന്നവിരത ബാഷ്പവികാസം,
വിശാലവാനിൽ ഗാഢാലിംഗന-
നിലീനമങ്ങു കിടക്കെ,
എന്നിലൊതുങ്ങാദ്ദുഃഖം
മിന്നൽപ്പിണരുകളായി;
ഉരുക്കളഭിത്തി തകർക്കും രോദന-
മുഗ്രമൊരിടിരവമായി
തകർന്നു നിന്നേൻ തെല്ലിടയേവം;
ക്ഷണികം സ്വർഗ്ഗാഭോഗം!
മലതൻ കുളിർ ചുംബനമേ-
റ്റലിയും കണ്ണീർച്ചാലായ് ഞാ-
നൊഴുകി വാനിൻ കവിളിൽക്കൂടി-
പ്പൊള്ളും ധരയുടെ മാറിൽ

കരഞ്ഞു വീർത്തൊരു വിൺ കണ്ണിൽ
കലങ്ങിനിന്നു ചെങ്കതിരോൻ.
പരുത്ത പാറക്കല്ലുകളപ്പോൾ
സ്നേഹോഷ്മളമാം ഹൃദയം
തുറന്നു തന്നു സദയം;
കണ്ടേനെങ്ങെ ന്നഭയം,
അകമേ യെന്നെയുറക്കി—ശ്ശീല
ശിശിരിത നിദ്രയിൽ മുങ്ങി;—ഉടൽ
വെള്ളത്തുണിയാൽ മൂടി—ഒരു
കന്യക വന്നു തലോടി—ഞാ-
നവളുടെ പാണിതലത്തിൻ കുളിരിൽ മ-

യങ്ങിയുറങ്ങി പല മാസം; ബീജം
മണ്ണിന്നടിയിൽപ്പോലെ.
അദമ്യമാമെന്നുടലാവാഹി-
ച്ചുള്ളിലുറക്കിയ ശിലയോടകമേ,
നുന്ദി വിജൃംഭിതമായ് മേ—പൊട്ടി-
ത്തകരുകയായീ ശിലയും
കല്ലുമുടങ്ങും കണ്ണീരിൽ
കാഠിന്യത്തെത്തഴുകുകയായ്
സ്നേഹച്ചൂടാൽ പ്പുകലോ, നപ്പോഠം
വീണ്ടുമുണന്നേൻ കുതി കൊണ്ടേൻ
പൂവിരി തോട്ടം കാലിൽ
കണ്ടകമേല്പിക്കാനോ
സ്വാഗതമോതീ താഴ്മയൊടപ്പോഠം
കാനനസാനുതലങ്ങൾ!
സമതലമെത്തിയ നേരം
സമാശ്വസിച്ചേൻ പാരം; ഇ-
ത്തടിനിയൊലിച്ചണ്ടുത്തും—ഇനി
തടവിയലാതലകടലിൽ
അവിടെ ജനിച്ചവളല്ലേ, പക്ഷേ
മുടക്കി നിന്നൂ വഴി നീളെ,
ജീവിത മൂല്യ മുരണ്ടും
നികഷോപല മെന്നോണം.
ഉലകിൻ കണ്ണീർ മുഴവൻ—തൻ
ഹൃദയാന്തത്തിലൊതുക്കം—അല-
കടലിൻ കരളിലൊളിച്ചേൻ ഞാൻ
നിരതൻ കൈവിരലേൽക്കെ—ച്ചിര-
രുജയുടെ തന്ത്രി മുറിഞ്ഞു;
എവിടെയുമലിയാത്തുള്ളെൻ-
മിഴിനീരവിടെ യലിഞ്ഞു.
എങ്ങുമടങ്ങാത്തുള്ളെൻ-
തിങ്ങലുമവിടെയടങ്ങി; പക്ഷേ

എന്നിലെ വേദന, യെന്നിലെ മിഴിനീ-
രെല്ലാം മുറംക്കൊണ്ടതുപോലെ,
എന്നിലെ വിങ്ങലുമെന്നിലെ വീർപ്പും
തന്നിലൊതുക്കിയപോലെ
കടലിതു പാടുകയല്ലോ
കണ്ണീരിന്റെ വികാസം.

അമൃതകല

പാലാ നാരായണൻനായർ

1

ആകാശത്തിൻ കോണിലൊരേട-
ത്തിരുളിൻ പായലിനുള്ളിലുയർന്നിട്ട-
മനുപമ കൈരവ കോരകമേ, നിൻ
കരളിന്റിതളിൽ നിറന്ന നിലാവിൽ
അഖിലചരാചര ഭൂതധരിത്രിയു-
മതിനുടയാടകൾ നെയ്ത സമുദ്രവു-
മഴകൊഴുകും നവ കവിതാമൃതരസ-
ലഹരി നുകർന്നു മയങ്ങുകയല്ലീ?

2

ലഹരി പിടിച്ചു മദിച്ചു വലാഹക-
നടികളിറങ്ങിയ ഗഗനതലങ്ങളി-
ലഹമഹമികയാ മൃദുഹസിതദ്യുതി
പൊഴിയുമുഡുക്കൾ കടാക്ഷിക്കുമ്പോൾ
പദമിടറുംപടി പരിഭവലജ്ജാ-
ഭരിതമുഖത്തൊടു ഭൂവലയത്തി-
ന്നഭിമുഖഗതിയായ് ശശികലികേ, നീ-
യണിയറപൂകുകിലനുചിതമല്ലോ!

3

ആനന്ദാമൃതജലധി കടഞ്ഞി-
ട്ടഴകിനുമഴകായ് വന്നുപിറന്നോ-
രഭിനവ പുണ്യപ്പൊരുളേ, നിന്നുടെ
കലകളിലൊന്നോ രണ്ടോ കാൺകെ,

തൊഴുകൈയായിരമായിര മുദധിയി-
ലുയരുന്നതിനൊത്തുജ്ജ്വല ഗീതിക-
ളൊഴുകുകയാണതി ശീതള മാരുത-
തരളിത മുരളീനാളിയിലൂടെ

4

മുഴുമതിയായില്ല, തിന്നടെ കലികാ-
കലിതലസൻമൃദുകലയായ് വിലസു-
ന്നഴകേ, നീയെൻ പ്രതിഭയിലൊരു നവ-
കവിതാങ്കുരമായ് വന്നു പുലർന്നു;
കവിയും കൗതുകഭരിതമുണന്നൊരു
ഗാനലയത്തിന്നിരടിപോൽ മൃദു-
ചരണം വെച്ചു വിലയത്തിലുമെൻ-
ഹൃദയത്തിലുമങ്ങനെ നീ, വിഹരിക്കേ,

5

അതിൽ നിന്നിത്തിരി വെട്ടംവീണു
വിളങ്ങിയ മാമക ഭൂതചരിത്രം
സദയം കാട്ടിയ ചിത്രപരമ്പര
ചിതറും താരക മണിമേഖലയിൽ
ചിറകുവിരുത്തി വരുന്നുണ്ടോടി-
ക്കരിമുകിലിരവിന്നന്ത്യമുഹൂർത്ത-
പ്പടവുകൾ കയറി പ്പശ്ചിമ ജലനിധി
നെടുവീർപ്പിട്ടു കിടന്നുരുളുമ്പോൾ!

6

ചാരുനഭസ്ഥല ഗംഗാലഹരിയിൽ
മുങ്ങിയ രജനീ പരിവേഷംപോൽ
നീരദമറകളിലൂർന്നു കളിക്കും
നിരുപമ കോമള പനിമതിലേഖേ,

നിതരാം നീ നവയൗവനസുഷമാ-
ശിഖരയിൽ വിടരാൻ പകലുകളോരോ-
ന്നിതളിതളായി ക്കൊഴിയണ്മൊരു ശുഭ-
സന്ധ്യാപാടല രുചിപടലത്തിൽ.

7

പടരും പാടല സന്ധ്യയിലംബര-
മണിഗോപുരനട പൂകും നിന്നെ-
ത്താരകാം താലപ്പൊലിയൊടുമെതിരേ-
റ്റണികോവിലിലേക്കെഴുന്നള്ളിക്കെ
താഴെ ബ്ഭൌതിക സീമയിലൊരിട-
ത്തൊരു പുൽക്കൊടിഞാൻ പുളകംചൂടി-
ത്താവക ഭാഗ്യപ്പൊലിമയിലാശീർ-
വചനമുരച്ചും കൊണ്ടേ നിൽക്കാം

8

നിൽക്കാം ഞാനെൻ ജീവിതമഴലും
നിഴലുംകൊണ്ടു കറുത്തിരുളുമ്പോഴും
താൽക്കാരുണ്യ നിലാവു പുരണ്ടു-
തെളിഞ്ഞിടുമെന്നൊരു നിഗമനമോടെ,
നിഖില ചരാചര വടിവിലിടയ്ക്കിടെ
നിരവധി ജന്മം കേറിയിറങ്ങി-
പ്പലയുഗപരിധി കടന്നും ഞാനൊരു
പതിത ജഗത്തിൻ സന്തതിയിന്നും.

9

സുകൃതിനി നീയോ മേഘവിരിപ്പിൽ
താരാഖചിത വിതാനങ്ങളുമായ്
സുരപഥ സീമയിലവിരത മമൃതിൻ-
നിറകതിരായി വിളങ്ങുകയല്ലീ?

സതതവിനോദം നൽകാനൈരാ-
വതവു മുദഞ്ചിത മുച്ചൈശ്ശ്രവസ്സും
സുരഭിയു മുരുതരസുരഭില കല്പക-
തരുനിരയും തവ ഭാഗ്യം ഭാഗ്യം.

10

ഭാഗ്യവിപര്യയ മകലെച്ചെററ
കുടിലിൽ പുഴിയിലൂഴിയിലിരുളിൽ
പാർക്കും ഞാനൊരു പുഴുവിന മന്ദ-
കമ്പാർദ്രത തോന്നുംപടി നഴയുന്നു!
സുകൃതം പാപം സുഖദുഃഖങ്ങൾ
ജാതകഫലമായ് പേറിയ മാമക-
ജനിമൃതി വീഥിയിൽ നിൽക്കും നീയൊരു-
സൗരജ്യോതിർദ്ദേവതയല്ലോ!

11

ദേവതയാം നിൻ നാടിൻനന്മകൾ
മഴയിൽ മഞ്ജുളമഴവില്ലൊളിയിൽ
ശ്രീമൽജ്യോത്സ്നാലഹരിയിൽ വിദ്യു-
ല്ലതികയി ലന്തിപ്പുലർകാന്തികളിൽ
നിതരാം പാരിന കാണാകുന്നു;
നിർവൃതിമേഖല വെടിയാതമലേ!
നിലകൊണ്ടാലും ചെളിപുരളും മമ
ജീവിത മിവിടെത്താണടിയട്ടേ!

12

താണടിയട്ടേ ഭൗതികസത്തക-
ളമര മരാളിക ചുണ്ടിൽ ചൂടിയ
താമരവളയം നീയേ ശൈവല-
നീല സരോവര സൈകതമെത്തി,

കവികളിലോരോ യുവമിഥുനങ്ങളി-
ലവിരളകൗതുക കൗമാരങ്ങളി-
ലവികല കവിതാകാന്തി വിടർത്തണ-
മമൃത ജ്യോതിസ്ഫുരിത നിലാവേ!

നാനാഴിപ്പൂക്കൾ

കടത്തനാട്ട മാധവിഅമ്മ

നാലുപറമ്പിലെ നാനാഴിപ്പൂക്കളെ
നാളത്തെപ്പൂക്കളും തീർക്കു—
തങ്കച്ചിലങ്ക കിലുങ്ങും ചരണങ്ങൾ
നിങ്ങളെത്തേടി വലഞ്ഞു
കങ്കണകാണം മുഴങ്ങും കരങ്ങള-
ങ്ങാരുമോരാതെ വിരിഞ്ഞു!
സുന്ദരസങ്കല്പസീമ മുകരുന്ന
നിങ്ങൾതൻ മംഗളരൂപം
സ്വായത്തമാക്കുവാൻ, ആയത്തുകൊണ്ടൊരു
മായാത്തചിത്രം പടക്കാൻ
ആശിച്ചു മോഹിച്ചു ഞങ്ങളീ പൂക്കുട
ഭേസി നടന്നു വലഞ്ഞു!
പല്ലവ പേലവ പാദതലങ്ങളീ-
ക്കല്ലിലും മുള്ളിലും മുട്ടി,
വള്ളിപ്പടർപ്പിൽത്തടഞ്ഞു വിരൽത്തുമ്പിൽ
മുള്ളും മുരടും തറഞ്ഞു,
എന്നാലു, മെന്നാലുമില്ലാ പുറകോട്ടു്
മുന്നോട്ടു മുന്നോട്ടുതന്നെ.
ഞങ്ങൾ തൻ പൂക്കുട തിങ്ങിനിറഞ്ഞല്ലോ
ഞങ്ങൾ തന്നിംഗിതം പോലെ!
കാണാത്ത നിങ്ങളെ, കേൾക്കാത്ത നിങ്ങളെ
എത്താത്ത നിങ്ങളെ, യെല്ലാം.
കമ്പും കവരു, മിട്ടേണിയുമായു് ഞങ്ങൾ
മുമ്പു പിമ്പായിപ്പറിക്കും
നോവാതെ, നുള്ളാതെ, വേദനിപ്പിക്കാതെ
ഭാവനാ ദേവതമാരെ!

ആകൃതിയിങ്കൽ, പ്രകൃതിയിങ്കൽ, വർണ്ണ-
സൗരഭത്തിങ്കലുമന്യർ-
എന്നാലും ഞങ്ങളീ നിങ്ങളെ നാളെതൻ
സൗന്ദര്യശില്പമായ് മാറ്റും!
പച്ചയും ചോപ്പും വെളുപ്പും കറുപ്പുമീ
യച്ചിലൊരുമിച്ചു വാർക്കും!
ഞങ്ങൾ, തരളഹൃദയർ, അതിൽ ചൂടും
ഭംഗിയിൽ നർത്തനമാടും!
ചക്കരപ്പൂവിളി പൊങ്ങും, മുഴങ്ങും ഇ-
ച്ചക്രവാളാന്തരമെങ്ങും!
പൊൽത്തിരുവോണം പുലരുന്ന നേരത്ത്
പൂക്കളും പുഞ്ചിരിതൂകും!
തൃക്കാക്കരപ്പനെഴുന്നള്ളും നേരത്ത്
സൽക്കരിക്കാൻ ഞങ്ങളെത്തും!
ഇന്നത്തെ കൂരിരുൾ കുമ്പാരത്തിൽനിന്ന്
പൊങ്ങുമൊരുതിരുവോണം!
നാലുപറമ്പിലെ നാനാഴിപ്പൂക്കളെ!
നാളത്തെപ്പൂക്കളും തീർക്കൂ.

ഊട്ടിയിലെ മാവ്

സി. എ. ജോസഫ്

എന്തു സങ്കടം! വർഷ-
മെത്രയായ് തുടിക്കുന്നി-
തന്തരംഗത്തിൻ തൃഷ്ണ
തേനൂറും പഴമാവാൻ!
മഞ്ഞലയണിക്കുന്നിൻ-
മുടിയിലല്ലോ ജീവൻ
വന്നുണർന്നുയർന്നത്ര
ഹാരിയാം തൈമാവായ് നീ.
ചേണെഴും നിന്നെക്കാൺകെ-
പ്പച്ചമൂടിയ കുന്നിൻ-
ശ്രേണിയും പുതിയൊരു
പുളകമണിഞ്ഞുപോയ്
അന്നോളമവിടത്തിൽ
കിനിയാമകരന്ദം
നിന്നിൽ നിന്നൊഴുകുമെ-
ന്നെവനും പ്രതീക്ഷിച്ചു.
അത്രമേലന്യാദൃശ-
ലാവണ്യത്തികവു നിൻ-
പത്രസഞ്ചയങ്ങളി-
ലന്നെല്ലാം കളിയാടി.
യൗവനാരംഭത്തിങ്ക-,
ലാദ്യത്തെപ്പൂക്കാലത്തിൽ,
അവ്വണ്ണം തന്നെ നീയും
കൊതിച്ചു തെയ്യാറായി.

ജീവശക്തികളെല്ലാം
സംഭരിച്ചാത്താറ്റാദം
പൂവുകൾ തെറുത്തു നീ-
എവിടെ വിരിയുന്നു?
മുന്നോട്ടു തള്ളും ജീവ-
ശക്തികൾ മന്ദിക്കുന്നു;
മഞ്ഞിലാണവ യമ്പി-
നിശ്ശേഷം നിലയ്ക്കുന്നു.
നരിയും കരങ്ങനും
വിറയ്ക്കും മഞ്ഞത്തുനിൻ-
കരളിൻ തുടിപ്പെല്ലാം
കരിഞ്ഞു മറഞ്ഞുപോയ്.
ഉണ്ണിയായില്ലെന്നല്ല,
പൂവുമായില്ലാ കഷ്ടം
നിന്നുടെ കിനാവുകൾ,
കരിമാത്രമായ് നിന്നു!
മഞ്ഞൊന്നു വൈകി വന്നാൽ
നിനക്കു മെളുതല്ലോ
മർത്ത്യനാനന്ദം നൽകും
മധുരക്കനിയേകാൻ.
എങ്കിലും പൂക്കാലത്തിൽ
കട്ടിമഞ്ഞെത്തും കൊത്തി-
യെത്തുന്നു, സർഗ്ഗാവേശം
വേരിലേ കല്ലിക്കുന്നു.
എന്തു സങ്കടം! കര-
ളിന്റെ തൃഷ്ണകളിമ്മ-
ട്ടെത്ര വഷ്മായല്ലോ
കരിഞ്ഞു കൊഴിയുന്നു!
തൻ പ്രതീക്ഷയും ലോകം
പാലിക്കും പ്രതീക്ഷയും

ചാമ്പലായ്ക്കാണും ദുഃഖം
ജീവിയെങ്ങനെ താങ്ങും?
മറ്റൊരു മണ്ണിൽപ്പോയി
വളരാൻ കഴിവീലാ;
പെറ്റുവീണൊരീ മണ്ണിൽ
കാച്ചുവാനാകുന്നീല.
ചിന്തയീവണ്ണം സദാ
മർദ്ദിക്കും മാകന്ദമേ,
സന്തതം നിനക്കെഴും
ദുഃഖമെങ്ങനെ തീരാൻ?

അഗ്നിപൂജ

അയ്യപ്പപ്പണിക്കർ

ആദിരാവിന്റെ യനാദിപ്രകൃതിയി-
ലാരംഭമിട്ടോരസംസ്കൃതചിന്തയിൽ
നീറിയുറഞ്ഞു മുടഞ്ഞു മുരുകിയും
ഭൂതപ്രപഞ്ചമൊരുക്കം സനാതന-
കാലമതിന്റെ ചിതമ്പലെരിഞ്ഞൊരു
നാളമുയർന്നു തെളിഞ്ഞതാണഗ്നി നീ.

2

സൂരചക്രത്തിലൊതുങ്ങി വിളങ്ങിയ
വീരരസത്തെപ്പകർന്നു കൊടുക്കയാൽ
തൻ കരം കൊത്തിവിഴുങ്ങുവാനെത്തുന്ന
വൻ കഴുകന്റെ ചിറകടിയേൽക്കിലും
ഞെട്ടാത്തദമ്യമായ്, തൻ സിരാചക്രത്തി-
ലത്ഭുതവീര്യമായ് നിന്നതാണഗ്നി നീ.

3

അഗ്നിസ്ഫുലിംഗമേ, നിന്നെ പ്രതീക്ഷിച്ചു
നിൽക്കുമീക്കാട്ടിലെ വന്മരക്കൊമ്പുകൾ
തങ്ങളിലുള്ള ജലാംശമൊരു ചൂട-
കണ്ണു നീരാവിയായ് വിണ്ണിനു നൽകിലും
പിന്നെയും പിന്നെയും പച്ചപ്പൊടിപ്പുകൾ
തുന്നിവെയ്ക്കുന്നതും നിൻ കരുണാമൃതം.

4

പഞ്ചേന്ദ്രിയങ്ങളറുത്തു ഹോമിച്ചതാം
വൻ ചിതാജ്വാലതൻ ഗ്രീഷ്മാന്തരത്തിലും

നന്മയും തിന്മയും സ്നേഹമോഹങ്ങളു-
മൊന്നായുറയുന്ന മഞ്ഞുകാലത്തിലും
വൻതപം ചെയ്യുമരത്വം ലഭിക്കുന്ന
സഞ്ചിതപുണ്യപരിപാകമഗ്നി നീ.

5

എന്നയലത്തെ പ്പടിപ്പുര കാത്തിട്ട-
മെണ്ണവിളക്കിൻ തിരിയുടെ നാമ്പിലായ്
മഞ്ഞിൻ കുളിർമ്മയു മോർമ്മതൻ തുമ്പിലെ
മന്ദസ്മിതവുമായ് നിൽക്കും വെളിച്ചമേ,
ആ വെളിച്ചത്തിന്റെ നേരിയ സൗഹൃദ-
മാധുരിയൂറി വരുന്നതു മഗ്നി നീ.

6

കണ്ണുനീർ ദീർഘനിശ്വാസമായ് മാററിയും
കാളമേഘത്തെ കടലാക്കി മാററിയും
കല്ലും മലകളും കല്ലോലമാക്കിയും
കാലപ്രവാഹ കളഗീതി പാടിയും
ഉഗ്രസമാസ്മര വിദ്യുല്ലതികപോൽ
കത്തിനിൽക്കുന്ന മഹാശക്തിയാണു നീ

7

പണ്ടുകാലത്തു മറന്നിട്ടു പോന്നൊരു
സംഹാരരാക്ഷസശക്തി ശാപങ്ങളെ
ഒന്നിച്ചുകൂട്ടി ജ്വലിപ്പിച്ചു മാനവ-
ജന്മത്തിനഗ്രവിപത്തായ് വരുന്ന നീ
കണ്ണിമയ്ക്കുന്നതിൻ മുന്നിലീവിശ്വങ്ങൾ
വെണ്ണീറിടു മണുസ്ഫോടനമായിടാം.

8

ഖാണ്ഡവമെത്ര ദഹിച്ചു നീ, കൗരവ
പാണ്ഡവ രാജ്യങ്ങളെത്ര ദാഹിച്ചു നീ!

സൂര്യാന്വയങ്ങളും ചന്ദ്രാന്വയങ്ങളു-
മാര്യ പുരാതനത്വത്തിൽ ഹോമിച്ചു നീ
മായാവിവശതമായവേ, പിന്നെയു-
മോരോവിധം പുനഃസൃഷ്ടി മോഹിക്കയാം.

9

ആൺമയിൽപ്പീലിയിൽ മാരിവിൽ ചാർത്തി നീ
ആൺകുയിൽക്കണ്ഠം പ്രണയാർദ്രമാക്കി നീ
അന്തിവിൺമുറ്റത്തൊരായിരം കൈത്തിരി-
ത്തുമ്പും നനച്ചു കൊളുത്തി നിരത്തി നീ
ഇന്നെനിക്കോജസ്സു തന്നു നീ,യെൻ്റെയീ-
പ്പെണ്ണിനൊരോമനച്ചന്തം വരുത്തി നീ

10

പുറ്റിനകത്തെ രസതന്ത്രവിദ്യയാൽ
ദുഷ്ടനാം കാട്ടാളനെക്കവിയാക്കിയും
ദൃഷ്ടപൂർവ്വങ്ങളല്ലാത്തൊരനുഭവ-
സിദ്ധികൾ മുക്കുവക്ടാത്തനു നൽകിയും
സൃഷ്ടിയും സംഹാരവുമൊരുപ്പിച്ചു
വൃഷ്ടിയും വേനലും കൂട്ടിക്കൊരുത്തു നീ

11

ആദിരേതസ്സാ,യനാദ്യന്തവീചിയായ്
പ്രാചിപ്രതീചിപ്രണയപ്രതീകമായ്
ഈറ്ററതൊട്ടു ചുടലക്കളംവരെ-
ക്കൂട്ടു മറക്കാതെയെന്നിഷ്ടതോഴനായ്
എന്നെയും നിന്നെയുമൊപ്പം ഭരിക്കുന്ന
ദിവ്യപ്രപഞ്ചവിധാനമാണഗ്നി നീ.

സ്വാഗതം കുഞ്ഞിക്കാറ്റേ

സിസ്റ്റർ ബെനീഞ്ഞ

സ്വാഗതം കുഞ്ഞിക്കാറ്റേ,
    പൊന്നിളങ്കാറ്റേ, നിന്റെ-
യാഗമം പ്രതീക്ഷിച്ചു
    തന്നെ ഞാനിരിക്കുന്നു.
വന്നിടാമകത്തേയ്ക്കു
    സംശയം വേണ്ടാ, നല്ല
സന്ദേശമെന്തൊക്കെയോ
    കൊണ്ടുവന്നിട്ടുണ്ടാവാം.
ചന്ദനക്കുന്നിൽനിന്നോ
    വന്നിടുന്നതു? സുധാ-
സ്യന്ദിയാണല്ലോ ഭവാൻ
    ചിന്തുന്ന പരിമളം.
അല്ലെങ്കിലാരാമങ്ങൾ
    പലതും, വാസന്തശ്രീ-
യുല്ലസിച്ചീടുന്നവ
    തടവിപ്പോന്നിട്ടുണ്ടാം.
നല്ലവരോടു വേണ്ടും
    സമ്പർക്കം പുലർത്തുന്ന
നല്ലവൻ ഭവാനെന്നു
    ഞാനറിഞ്ഞിരിക്കുന്നു
കണ്ടില്ലേ മദ്ധ്യേമാർഗ്ഗം
    നല്ല പത്മാകരങ്ങൾ?
വേണ്ടുമ്പോൾ വികസിച്ചു
    നില്ക്കുന്ന പൂക്കളെല്ലാം?

സുന്ദരനളിനങ്ങൾ
കുണുങ്ങിച്ചാഞ്ചാടുന്ന-
തെങ്ങനെയെന്നു ഭവാ-
നൊന്നു വർണ്ണിച്ചീടാമോ?
പറക്കും മധുപങ്ങൾ-
ക്കിരയേകുവാനായി
തുറന്ന ഭണ്ഡാരങ്ങ-
ളവയിൽ കാണുന്നില്ലേ?
ഇരമ്പിപ്പാടിപ്പാടി-
പ്പാറയിൽ തട്ടിത്തട്ടി
യൊഴുകും സ്രവന്തിക-
ളങ്ങയെക്കണ്ടനേരം
എങ്ങനെ സല്ക്കാരങ്ങൾ
നല്കിയെന്നതും ഭവാൻ
ഭംഗിയായ് പറഞ്ഞെന്നെ-
യൊന്നു കേൾപ്പിക്കില്ലയോ?
പറയുന്നില്ലെങ്കിലോ
ഭാവനാമുകുരത്തി-
ലറിയാം; ജലകണ-
മണിമാലകളാലേ
ഭൂഷിതനാക്കിയങ്ങേ
സ്വീകരിച്ചിരിക്കണം,
ശേഷി പോലന്തരംഗം
കുളുർപ്പിച്ചിരിക്കണം.
ആവന സ്ഥലികളും
പച്ചിലച്ചാർത്തിനുള്ളിൽ
പൂവുകൾ കൂട്ടിച്ചേർത്തു
മഞ്ജരിയർപ്പിച്ചില്ലേ?
ഫുല്ലമാം സൂനങ്ങളേ-
യുച്ചിയിൽ ചാർത്തിക്കൊണ്ടു

വല്ലികരം മനോഹര
നൃത്തങ്ങളാടിയില്ലേ?
സഹ്യന്റെ സാനുക്കളിൽ
പ്രകൃതീശ്വരിയേററം
ലോഹ്യമായ് നിലകൊള്ളും
രംഗമെപ്പോഴും കാണ്മാൻ
എത്ര ഞാനാശിക്കുന്നു!
കുഞ്ഞിളങ്കാററെ, നിന്നോ-
ടൊത്തു ഞാൻ വരട്ടെയോ?
കൊണ്ടുപോകുമോ, എന്നെ.
നീയൊരു സൗഭാഗ്യവാൻ
എത്തിടത്തിലും പോവാൻ
വാഹനമൊന്നും വേണ്ടാ
മററൊരുക്കങ്ങളും വേണ്ടാ.
കാണുകില്ലാരും നിന്നെ
സാന്നിദ്ധ്യമറിഞ്ഞീടും
പ്രീണിതരായെല്ലാരും
സ്വാഗതമരുളീടും
മഞ്ഞണി മല മുകരം
—വിശ്വമോഹനരംഗം—
ഒന്നു കാണിച്ചീടാമോ
എന്നെയെൻ കുഞ്ഞിക്കാററേ?
സമ്മാനമാശിക്കുന്നു-
ണ്ടെങ്കിലോ തരുവൻ ഞാൻ
ഉമ്മറത്തു നിൽക്കുന്നോ-
രിലഞ്ഞി കാണുന്നില്ലേ?
ഞാനെന്റെ കൈകരംകൊണ്ടു
നട്ടതാണതു, പൂത്താ-
ലാനന്ദം വളർത്തുന്ന
സൗരഭ്യമെന്തു ചൊല്ലാം!

അല്ല, ഞാൻ നോക്കിയില്ല
　　　　—മൊട്ടിട്ടു കഴിഞ്ഞല്ലൊ
നല്ല സൗരഭ്യം നിന-
　　　　ക്കൊന്നാകെ സ്സമർപ്പിക്കാം.
പൂമണത്തേക്കാളെന്തു
　　　　കാമ്യമായ് നിനക്കുള്ളു?
നാമിരുവരും തമ്മിൽ
　　　　സൗഹൃദമുറപ്പിക്കാം.
മുല്ലയും മന്ദാരവും
　　　　പിച്ചിയുമെല്ലാം സൂന-
തല്ലജങ്ങളെന്നാലും
　　　　വാടിയാൽ നിർഗ്ഗന്ധങ്ങൾ.
ഇലഞ്ഞിയോമൽ ച്ചെറു-
　　　　സൂനമാമട്ടിലല്ല
നിലനിന്നീടും ഗന്ധ-
　　　　മുണങ്ങിക്കരിഞ്ഞാലും.
ആ നല്ല പുഷ്പത്തിന്റെ
　　　　സൗരഭ്യസാകല്യത്താൽ
ഹാ! നിന്റെ സൗഹിത്യവും
　　　　സമ്പൂർണ്ണമാവില്ലയോ?
പോകല്ലേ സുഹൃത്തേ, എൻ
　　　　കുഞ്ഞിളങ്കാറ്റേ, ഇനി
നാകലോകത്തേക്കാണോ
　　　　യാത്ര, യൊന്നറിഞ്ഞോട്ടെ!
വിസ്തൃത ജലാശയം
　　　　—സാഗരം—കാണാറില്ലേ?
വിസ്തരിച്ചൊന്നു പാട്ടു
　　　　കേൾക്കട്ടെയതിൻ ഗീതം.
സൂര്യനസ്തമിക്കുമ്പോൾ
　　　　പതുക്കെപ്പതുക്കെയാ

വാരിധിപ്പരപ്പിൽ നീ
സഞ്ചരിക്കാറുണ്ടല്ലൊ.
നിന്നെ യൊന്നെത്തിപ്പിടി-
ച്ചൊന്നിച്ചു കളിക്കുവാൻ
തന്നെയ കല്ലോലങ്ങ-
ളിളകിച്ചാടുന്നതും
കണ്ടു ഞാൻ ഗ്രഹിച്ചിട്ടു-
ണ്ടെത്രയോവട്ടം, നിന്നെ-
ക്കൊണ്ടുപോരുവാൻ വേണ്ടി-
യെത്ര ഞാൻ ശ്രമിച്ചീലാ?
എത്ര പേരെന്നെപ്പോലെ
നിന്നിരുന്നിട്ടും ചാരേ-
യെത്തി നീ സമാശ്ലേഷി-
ച്ചെന്നെയുമെല്ലാരേയും.
ആരെയുമാശ്ലേഷിക്കും
വിശ്വപ്രേമിയാണു നീ
യാരിലുമസ്വാസ്ഥ്യമു-
ണ്ടാക്കുകില്ലൊരിക്കലും.
പൊയ്കയിൽ പൊൽത്താമര-
പ്പൂക്കളെക്കളിപ്പിക്കും
പോകുന്ന വഴിനീളെ-
ക്കാട്ടു പുഷ്പങ്ങളേയും.
മണിമേടപോൽത്തന്നേ
ചെററമാടവും നിനക്ക,-
ണയും നീ രണ്ടിലും
നടത്തും സന്ദർശനം,
നിഷ്പക്ഷ മനസ്കനാം
ലോകോപകാരി നീയെ-
ന്നെപ്പൊഴും മഹാജനം
നിന്നെയാദരിക്കുന്നു.

സാവധാനത്തിലങ്ങു
പോവുകയാണോ? എനി-
ക്കാവതില്ലല്ലോ നിന്നെ-
ത്തടഞ്ഞുവെച്ചീടുവാൻ,
നാളെയു മീനേരത്തു
വന്നിടേണമേ വഴി-
നീളെയുള്ള പൂക്കളെ-
ത്തടവിക്കളിയാട്ടി.
സൗരഭ്യവാഹിയായ
നിൻ സമാഗമം മൂലം
ചേരട്ടേ പരിശുദ്ധി,
നിത്യമെൻ നികേതത്തിൽ,
അല്ലയോ കുളിർകാറേ,
തെന്നലേ, മഹാശയ-
നല്ലയോ വരേണമേ,
കൂപ്പുകൈ നമോവാകം!

കരതലാമലകം

അക്കിത്തം അച്യുതൻ നമ്പൂതിരി

ഈയുഗത്തിൻെറ പൊട്ടിക്കരച്ചിലെൻ
വായിൽ നിന്നു നീ കേട്ടുവെന്നോ സഖീ?
ഈയുഗത്തിൻെറ വൈരൂപ്യദാരുണ-
ഛായയെൻ കണ്ണിൽ കണ്ടുവെന്നോ സഖീ?
ഈയുഗത്തിൻെറ ദുർഗ്ഗന്ധ മെൻശ്വാസ-
വായുവിങ്കൽ നിന്നുംകൊണ്ടു നീയെന്നോ?
ഈ യുഗത്തിൻെറ ഞെട്ടിത്തെറിക്കലെൻ-
സ്നായുവിൽ നിന്നു നിൻ നെഞ്ചറിഞ്ഞെന്നോ?
നീയഹോ രുചിച്ചാളെൻെറ ചുണ്ടിൽനി-
ന്നീയുഗത്തിൻെറ കയ്പുമെന്നോ സഖീ?

എങ്കിൽ ഞാനാബ്ഭയങ്കര യാഥാർത്ഥ്യ-
മെന്തിനിന്നിയും മിണ്ടാതിരിക്കുന്നു?
ഹന്ത 'ഗൃദ്ധ്രാമിതേ സൗഭഗത്വായ
ഹസ്ത'മെന്നു ഞാൻ പണ്ടു ജപിച്ചപ്പോഠം
നിൻെറ കയ്യെൻെറകയ്യാൽ ഗ്രഹിച്ചപ്പോ-
ളെൻെറ ദേഹം വിയർത്തുപോയോമനേ!
പൂവുപോലെ പരിശുദ്ധമായ നിൻ
ജീവിതത്തിൻ മൃദുലദലങ്ങളിൽ
ഞാനറിയാതെ യെൻ ചളിക്കൈനഖ-
പ്രീണനം കൊണ്ടു പോറിക്കളഞ്ഞാലോ?
ആവിയപ്പിൻെറ തുള്ളിയുണ്ടിന്നുമെൻ
ആത്മശക്തി തൻ മുത്തുക്കിരീടമായ്
ഉജ്ജ്വലപ്രഭ തൂകി ത്തിളങ്ങുന്നി-
തുഗ്രമാം മെന്നബോധാന്ധകാരത്തിൽ.

ഈയനുഗ്രഹമില്ലായിരുന്നെങ്കി-
ലീഷലെന്നിയേ ചൊല്ലേണ്ടി വന്നേനേ,
പണ്ടു 'ഗൃദ്ണാമി' ചൊല്ലി നിൻ കൈമലർ-
ച്ചെണ്ടു കയ്യിലടക്കിയ പൂരുഷൻ
ഏതമൂല്യ സ്യമന്തകരത്നവു-
മേതപൂവ്വ് സൗഗന്ധിക പുഷ്പവും
നേടുമെന്നു പെരുമ്പറ താക്കുന്ന
മൂഢതയാൽ കവചിത പ്രത്യയൻ
ആറുവട്ടം ദഹിച്ചു കഴിഞ്ഞതിൻ
ചാരമാണിന്നു നിൻ മുന്നിൽ നില്പവൻ.
അന്നു പാടിയ പാട്ടുകാം പാടുവാ-
നന്നു ചൊല്ലിയ നമ്മങ്ങാം ചെല്ലുവാൻ,
അന്നുതുകിയ പുഞ്ചിരി തൂകാനു-
മിന്നെനിക്കു പടുത്വമില്ലോമനേ!
ഇന്നു കണ്ണീരിൽ നിഷ്പന്ദവൃത്തിയാം
കണ്ണുകൊണ്ടറിയുന്നു ഞാൻ സുസ്പഷ്ടം
തന്റെ കയ്യിലിരിക്കുന്ന നെല്ലിക്കു-
യെന്നപോലീപ്രപഞ്ചം മുഴവനും.
ഇച്ചെറുഫലം കുത്തിച്ചതയ്ക്കാനോ
ഇച്ചെറുഫലം വെട്ടിപ്പൊളിയ്ക്കാനോ,
ഇല്ലെനിക്കു കരുത്തീ ഫലത്തിന്മേൽ
പല്ലുകൊണ്ടൊന്നു പോറുവാൻ പോലുമേ.
നേരുതാനൊററ ക്കാലടി വെപ്പിൽ ഞാൻ
പാരിതൊട്ടുക്കളന്നിട്ടുമുണ്ടാവാം.
ആഴി യൊട്ടുക്കൊരൊററക്കുടന്നയി-
ലാക്കി ഞാനാ ചമിച്ചിട്ടുമുണ്ടാവാം.
എങ്കിലും സഖി, രാത്രികളില്ലാത്ത,
ചെങ്കനലു ചൊരിയും മിഹിരനിൽ,
രിക്തവാതമാമിബ്ബഹിരാകാശ-
വിപ്രവാസ ദുഃഖത്തിൽ വെന്തെൻ ജഡം.

എത്രമാത്രം വിലക്ഷണമായിട്ടു-
ണ്ടെന്നറിയുന്നു ഞാൻ മാത്രമോമനേ!
ചാരമാമെന്നെ കർമ്മകാണ്ഡങ്ങളിൽ
ധീരനാക്കുന്നതെന്തൊക്കെയാണെന്നോ?
നിന്റെ രൂപവും വർണ്ണവും നാദവും
നിന്റെ പൂഞ്ചായൽ തൂകും സുഗന്ധവും.
നിന്നിലെന്നും വിടരു മനാദ്യന്ത-
ധന്യ ചൈതന്യ നവ്യപ്രഭാതവും.
നിൻ തളർച്ചയും നിന്നശ്രു ബിന്ദുവും
നിന്റെ നിർമ്മല പ്രാർത്ഥനാ ഭാവവും!

പുല്ലിൻെറ പാട്ട്

നാലാങ്കൽ

'ആസ്റ്റർലിററ്സി'ലും 'വാട്ടർലൂ'തന്നിലും
യുദ്ധവാദ്യ യിരമ്പിയടിച്ചപ്പോഴും,
എത്രജീവിത പുഷ്പം കൊഴിഞ്ഞുപോയ്
എത്ര മോഹനസ്വപ്നം തകർന്നുപോയ്......
ചോരയേകിനാർ സാമ്രാജ്യവന്മരം
വേരുറയ്ക്കു വാനപ്പടയാളികൾ;
പാഴ്ത്തൃണങ്ങളാം ഞങ്ങളേയിന്നുള്ള
പാടുവാനവർ, തൻവീരഗാഥകൾ......
      അരിമുല്ലക്കാടുകളോ,
            തൂവെണ്ണശ്ശിലകളോ,
      അറിയുന്നീലൊന്നു-
            മവരേപ്പററി...
'ഗെററിസ് ബെർഗ്ഗി'ലും, 'യീപ്രസ്സി'ലും 'വെർഡൂൺ'
തൊട്ട പേരെഴും യുദ്ധക്കളങ്ങളിൽ;
ആഹുതി ചെയ്യതില്ലെത്ര ധന്യമാം
ജീവിതങ്ങൾ, ഹോമ ദ്രവ്യങ്ങളെന്നപോൽ...
സുന്ദരങ്ങളാമെത്ര വാഗ്ദാനങ്ങൾ
മണ്ണടിഞ്ഞീലവരോടു കൂടവേ!
ഞങ്ങളല്ലാതവരുടെ യോർമ്മതൻ
മുന്നിലാരുമൊരു പൂവിടാനില്ല...
      നിറതോക്കിനിരയായോ,-
      രവരുടെ യപദാനം
      മറവിതൻ മഞ്ഞിൽ
            മറഞ്ഞുപോയി...
വത്സരങ്ങൾ പറന്നു, വിമാനംപോൽ
വ്യഗ്രതയോടു രാവിയെക്കാണുവാൻ

സംഗരങ്ങൾ നടന്നോരിടങ്ങളിൽ
സംഗതി വശാലെത്തിടും യാത്രികർ
'ഈ സ്ഥലമേത'വരു ചോദിച്ചിടാം,
ഇല്ലിവിടെ ത്തൃണങ്ങളൊഴിഞ്ഞൊന്നും
അസ്ഥിപഞ്ജരമില്ല, പടക്കള-
ലക്ഷണങ്ങളിവിടില്ലൊരെണ്ണവും...

നിങ്ങൾ ചൊന്നതു വാസ്തവ, മൊക്കെയും
ഞങ്ങൾ മായ്ച്ചീഹരിത പടോപരി
ഒന്നിരിക്കിൻ, പ്രതിജ്ഞയെടുക്കുവിൻ:
ഭിന്നരാഷ്ട്ര വരമ്പു പൊളിക്കുവാൻ
മാനുഷപ്രശ്നരോഗങ്ങൾ മാറ്റുവാൻ
ത്രാണിയില്ല സമരത്തിനൊന്നുമേ!
രോഗലക്ഷണമൊന്നു മാറുമ്പോൾ, വ-
ന്നേറിടും വേദനകൾ പുതിയതായ്...

പുതുമണ്ണിൻ പുളകങ്ങൾ,
ഞങ്ങളീപ്പുല്ലുകൾ,
പറയുന്നതു ദൃഢം
കേട്ടുവെങ്കിൽ!

ഈശ്വരൻ നമസ്കരിക്കുന്നു

ഒളപ്പമണ്ണ

പായലും കുററിക്കാടും
    മരുഭൂമിയും മേടും
കായലുമായങ്ങനെ
    നീണ്ടു നീണ്ടുപോം പാരിൽ
ഉച്ചത്തിലലറിക്കൊ-
    ണ്ടുദ്ധത പ്രഭാവനാ-
മുച്ചണ്ഡാനിലനെന്യേ
    മററൊന്നും ചരിപ്പീല.
അബ്ധിവിട്ടുയർന്നൊരീ-
    മണ്ണിന്റെ മെയ്യിൽ കട-
ലുപ്പുപാടുകൾ ഭസ്മ-
    ക്കുറി പോൽക്കിടക്കുന്നു;
പാറിനില്ക്കുന്നു സൂര്യ-
    ഗോളത്തിൻ വലയത്തിൽ-
പ്പാരിടം തീനാളത്തി-
    ലീയാമ്പാററയെപ്പോലെ.
പ്രാണികൾ—മണ്ണട്ടയും
    പുഴുവും—ചരിച്ചതിൻ
പാദമുദ്രയും കൂടി-
    ക്കാണുവാനില്ലീ മണ്ണിൽ.
പറന്നു നടക്കുന്നു
    വാരിദം മാത്രം വാനിൽ-
പ്പരന്നു കിടക്കുന്നു
    മൂടൽ മഞ്ഞൊന്നേ പാരിൽ.
വായുവും മഴക്കാറു-
    മാഴിയും വക്കാണിച്ചു

വാഴുമിജ്ജഗത്തിൻെറ
തരിശാം ഹൃദയത്തിൽ,
ചളികൾ മലരിട്ടു
പൊയ്കയായ്ത്തെളിയുന്നു;
ചെടികൾ തളിരിട്ടു
കാടായിപ്പടരുന്നു.
കാനനവൃക്ഷങ്ങളിൽ-
ക്കനെക്കെത്തൂങ്ങീടുന്നു
തേനണിപ്പഴം തേനെ-
ത്തിന്നുവാനാളില്ലാതെ;
തുററു തുറെറല്ലാടത്തും
പൂമരം പുഷ്പിക്കുന്നു,
പൊട്ടിച്ചു ചൂടാൻ, മാല
കെട്ടുവാ, നാളില്ലാതെ!
ജീവചൈതന്യം കണ്ണു—
മിഴിച്ചിട്ടില്ലാത്തൊരു
ഭൂവിലേയ്ക്കൊററയ്ക്കിപ്പോൾ-
ക്കടക്കാൻ ഭയം തോന്നും.
എങ്കിലും തളം കെട്ടി
നില്ക്കുമത്തടാകത്തിൽ
പങ്കത്തിലൊററയ്ക്കൊരു
നീരട്ട ജനിക്കുന്നു.
കരയിൽ പ്പുഴുവായി
നടന്നു; പിന്നീടതു
ചിറകാർന്നാകാശത്തിൽ-
പ്പറന്നു ശലഭമായ്.
അട്ടയും പുഴുവും പൂ-
മ്പാററയും പെററിട്ടേറെ
കുട്ടികളുണ്ടാകുന്നു
ജീവിതം വളരുന്നു.

സാഗരവക്ഷസ്സിലെ
മുത്തുമാലയായ് സ്സാന്ധ്യ-
രാഗത്തിൽ പ്പൊന്മീനുക-
ളൊലിച്ചു കിടക്കുന്നു;
ആനയും കുറുക്കനു-
മേണവും നിറയുന്ന
കാനനം മുഖരിത-
മാകുവാൻ തുടങ്ങുന്നു.
യക്ഷകന്യകമാർ തൻ
പട്ടുറുമാലെന്നോണം
പക്ഷികളാകാശത്തു
പറന്നു നടക്കുന്നു,
മഴവെള്ളത്തിൽ മുങ്ങി-
ക്കുളിച്ചും തെളിവെള്ള
വെയിലാൽ തുവർത്തിയും
തെളിഞ്ഞു വസുന്ധര.
നീലത്താമര പോലെ
വിടർന്നു നില്ക്കും ദ്യോവിൽ
നീരുതിർന്ന പോൽ ത്താരം
ചിന്നിട്ടുമൊരുരാവിൽ,
വാനിലെപ്പാലാറുപോ-
ലൊലിച്ചുകിടക്കുന്ന
വാസന്തീനികുഞ്ജങ്ങൾ
താരിട്ട താഴ്‌വാരത്തിൽ,
പാടിനാനൊററയ്ക്കൊരു
ഗന്ധർവ്വൻ, മറുപടി
പാടിനാളപ്പോളൊരു
വനദേവത ദൂരേ,
സ്വാദ്ര നോക്കിയതന്നാ-
ണന്യോന്യമേവം ശൈല-

സാനശയ്യയിലാദ്യ-
മാനുഷ മിഥുനങ്ങൾ.
കുട്ടിതൻ കരച്ചിലാൽ,
യുവാവിൻ ഗാനങ്ങളാൽ,
മുത്തശ്ശിക്കഥകളാൽ,
നിറഞ്ഞു ദിഗന്തങ്ങൾ;
വെട്ടുപാതയും തോപ്പും
കെട്ടിടങ്ങളും കൊച്ചു-
പട്ടണങ്ങളും ചുററു
നികന്നു വനാന്തങ്ങൾ.
പാരിന്റെ നിയാമക-
ശക്തിയായ് ത്തീർന്നുപണ്ടു
പാറകളെടുത്തിടി-
ച്ചഗ്നിപററിയ മർത്ത്യൻ,
മേശമേൽ വിളക്കായി-
ക്കത്തിനില്ക്കുന്നു കാള-
മേഘസംഘഷോൽഭൃത-
വൈദ്യുതസ്ഫുലിംഗങ്ങൾ;
ആറിനെക്കളിമുറി-
ക്കകത്തെക്കുഴലൂടെ
മാരിയായ് പെയ്യിക്കുന്നു
സർവ്വശക്തനാം മർത്ത്യൻ;
മനുഷ്യൻ നാദബ്രഹ്മ-
മടച്ചു സൂക്ഷിക്കുന്നു
മണിമച്ചകത്തൊരു
റേഡിയോ സെററിന്നുള്ളിൽ.
ഈശ്വരന്മാരേ, വീണു
നമിപ്പിൻ, നിങ്ങൾക്കുള്ള
ശാശ്വത സിംഹാസനം
കണ്ടെടുക്കുന്നു ഞങ്ങൾ.

പാവം മാനവഹൃദയം

സുഗതകുമാരി

ഒരു സാഗര ഗീത ഗഭീരത-
        യുയരുന്നു, വാനും ഭൂമിയു-
മൊരു താരകയും കേട്ടു തരിച്ചതു-
        കരളാലേററു വിറയ്ക്കുന്നു.
ഒരു നവമായ വിഷാദം മാറ്റെ-
        യുണർന്നു പഴയൊരു ഹർഷം കവിയുടെ-
യാഴം കാണാത്തിരുളുകളിൽ,

മഴനിഴലെല്ലാം നീങ്ങി വെളുത്തു-
        മിന്നത്തോരുലകിൻ കവിളി, ലൊരോണ-
പ്പൂവിൻ പുഞ്ചിരിയിതളുകളിൽ,

ഇത്തറവാടിൻ പഴകിയ മുററ-
        ത്തത്തപ്പൂക്കളെമൊളിചിന്നുന്ന
വിശാലതയിൽ, കണ്ണീരുകളിൽ,

ആകെമെലിഞ്ഞിട്ടെന്നാലും പുതു-
        കോടിയുടുത്തും തളരും മിഴികളി-
ലേതോ വിരഹത്തിൻ നനവാർന്നു-
        മിരുന്നിട്ട മംബികതൻ ചിരിയിൽ,
ഇളവെയിൽ പൊന്നുനൂലുകളായി-
        ത്തങ്ങിട്ട മോണത്തുമ്പിച്ചിറകിലൊ-
രനുരാഗത്തിന്നോർമ്മയി, ലല്ല-
        വികസ്വരമായൊരുഷസ്സിൻ മിഴിയിൽ
ഒരു നവഹർഷം തങ്ങി വിതുമ്പി-
        ച്ചിരിതൂകുന്നു, കടലും കായലു-
മുയരെപ്പീലിവിരിക്കും തെങ്ങിൻ
        നിരകള മതിലലിയുന്നാടുന്നു!

ഇരുളിൻ കാരാഗാരം മെല്ലെ-
വലിച്ചു തുറന്നു പുറത്തുള്ളഴകിൽ
പരമോത്സവമൊരു നോക്കാൽ കണ്ടു-
കുളുർക്കുന്നു നരഹൃദയം,
ആരു ചവിട്ടിത്താഴ്ത്തിലുമഴലിൻ
പാതാളത്തിലൊളിക്കിലുമേതോ
പൂർവ്വസ്മരണയിലാഹ്ലാദത്തിൻ
ലോകത്തെത്തും ഹൃദയം.
കടലലയെല്ലാം വീണക്കമ്പിക-
ളായി മുറുക്കിക്കരളാൽ പഴയൊരു-
ത്തുടികൊട്ടിപ്പുതുപാട്ടുകൾ പാടി
രസിക്കും മാനവഹൃദയം.
ഒരു താരകയെക്കാണുമ്പോളതു
രാവുമറക്കും, പുതുമഴകാൺകെ
വരൾച്ചമറക്കും, പാൽച്ചിരികണ്ടതു
മൃതിയെ മറന്നു സുഖിച്ചേപോകും
പാവം മാനവഹൃദയം.

മുഖമെവിടെ?

വിഷ്ണുനാരായണൻ നമ്പൂതിരി

ചിത്രം:

''മുഖമെവിടെ?'' ഞാൻ പകച്ചു ചോദിച്ചു:
മുനിപോൽ മൂകനായിരിപ്പൂ ചങ്ങാതി.
പനയന്നാർ കാവിലെഴുന്നള്ളത്തിന്റെ
പടമെന്നോർത്തീയാൾ വരച്ചചിത്രത്തിൽ
കൊടിയും,ജോനകം, കുടതഴകളും,
കടുനിറം ചുററിപ്പുരുഷാരങ്ങളും.
ഒരുത്തനുമെന്നാൽ മുഖമില്ലീ, വിദ്വാൻ
മുഴപ്പിരിയനോ, മഹാവേദാന്തിയോ?

ജാഥ:

ഇതെന്തതിശയം! പകലറുതിയിൽ
ഇളവേററു പടിപ്പുരയിൽ ഞാൻ നില്ക്കേ
ഒരു മഹാജാഥ കടന്നുപോയെന്നെ:
ശരായിയും കളസവു മണിഞ്ഞവർ
കമനീയമായ തലപ്പാവുള്ളവർ,
കഴൽവെയ്പിൽക്കടുക്കണിശമുള്ളവർ,
അവർ നേതാക്കന്മാർ നിമന്ത്രിപ്പൂ തമ്മിൽ-
''എവിടെ നിന്മുഖം?'' ''എവിടെ നിൻമുഖം?''

ഛായ:

ഉരുകുമെണ്ണയിൽപ്പിടയും പാററപോൽ
ഉഴലുമിപ്പാവം മഹാജനത്തോടു-
സഹതാപത്തിന്റെ യുറവു വിങ്ങുമെ-
ന്നുയിരിന്നാഴത്തിലുരുള പൊട്ടവേ,

മിഴിനീരൊപ്പാൻ ഞാനയത്ത കൈലേസ്സിൽ
തടയുന്നീലൊന്നും: ഇതെന്തു ശൂന്യത!
പിട,ഞ്ഞന്ധാളിച്ചു, വിറച്ചു ഞാൻ മണി-
യറയിൽപ്പാഞ്ഞെത്തി ച്ചുമർക്കണ്ണാടിയിൽ
ഒരു നോക്കേ നോക്കീ;—എനിക്കും കോളറിൻ
മുകളിലെ,ന്തയ്യോ! മുഖമൊന്നില്ലെന്നോ?

ദേവദൂതി

ബാലാമണി അമ്മ

കൂട്ടു കൂടുകയായ് നീയെന്നി,—ലെമ്പാടും നറും
പൂടകളതിന്നെന്റെ ശീർഷമേ വെളുത്തല്ലോ!
സ്വാഗതം വാർദ്ധക്യമേ, മാംസാശി പരുന്തല്ലാ
ശ്രീകരം പ്രാവാണു നീ,യിന്നു ഞാനറിയുന്നു.

ജീവിതക്കിനാവുകൾ വിരിയും തോപ്പിൽ, പ്പോയൊ-
രാവസന്തത്തിൽ പ്പാട്ടു പാടിയ കുയിൽപോലെ
അജ്ഞാത സനാതന മണ്ഡലങ്ങളിൽ നിന്നെ-
ന്നാത്മാവെ ത്തിരഞ്ഞെത്തീ കാലമായപ്പോൾ നീയും.

പാരിൽ വന്ന നാൾ തൊട്ടു പതമേറുമീ മണ്ണിൽ
പ്പാകിയതെല്ലാം സൂക്ഷ്മലോകത്തിൽ പ്ഫലം കൊൾകെ,
പുളിപ്പും മാധുര്യവും കയ്പുമുറ്റൊരാക്കായ്കൾ
വിളിച്ചേകുവാനാവാം ദേവദൂതി നീ വന്നു.
കാണുവാനൊക്കും നിന്നെയെന്നു താനാശിക്കുന്നു
പ്രാണനിൽ, പ്രപഞ്ചത്തിൽ, സ്നേഹമുള്ളവരാരും.
മൃദുലം, നിശ്ശബ്ദം, നീയടിവെച്ചേറുമ്പോളി-
പ്പതിവു വഴികൾക്കു വശ്യത വർദ്ധിക്കുന്നു.
വായുവിൽ സുഖാലസ്യ സൗരഭം പടരുന്നു
പോയ നാളുകൾ ചില്ലുവാതിൽക്കൽത്തിരക്കുന്നു.

കൂടു കൂട്ടുകെൻ മൂർദ്ധ്നി, യുച്ചലൽജ്ജഗച്ചക്ര
ച്ചൂടിലീ മസ്തിഷ്കത്തിന്നാവതും തണലേകൂ.
നിൻ നഖങ്ങളാലാഴമുറ്റ ചാൽ കീറൂ നീളെ-
ക്കണ്ണുനീർ പ്പാടും വറ്റി ശുഷ്കമാം കവിൾത്തട്ടിൽ.
ഉഗ്രദുർവ്വാദങ്ങളും പരദൂഷണങ്ങളു-
മുള്ളിലേശാതാം മട്ടു പൊത്തുകെൻ ചെവികളെ;
വായിൽ നിന്നടർത്തീടു കാഠിന്യപ്പൊടിപ്പെല്ലാം;
ആയാസാൽത്തളരും കൈകാൽകളെത്തടഞ്ഞീടൂ—
പുസ്തകങ്ങളിൽ, പ്പുലർ സൂര്യനിൽ, പ്പൈതങ്ങളിൽ
നിത്യത നുകരുമിക്കൺകളെ ക്കയ്യാളൊല്ലേ!

നന്ദി

ഒ. എൻ. വി. കുറുപ്പ്

നന്ദി! നീ തന്നൊരിളം നീലരാവുകൾ-
ക്കെന്നെ കുളിരണിയിച്ച നിലാവുകൾ-
ക്കെന്നെ ച്ചിരിപ്പിച്ച നക്ഷത്രമുല്ലകൾ-
ക്കെന്റെ യേകാന്തത തൻ പുഴയോരത്തു
കൊച്ചു കാറ്റിന്റെ കൊതുമ്പുവള്ളത്തിൽ നീ-
യേറ്റിയയച്ച വിശിഷ്ടഗന്ധങ്ങൾക്കു
മെല്ലാം—എനിക്കു കനിഞ്ഞു നീ തന്നതി-
നെല്ലാം പ്രിയപ്പെട്ട ജീവിതമേ! നന്ദി! നന്ദി!

*　　　*　　　*

നന്ദി! നീയേറ്റിയൊരിന്ദ്ര ധനുസ്സുക-
ളെന്നിൽ വിടർത്തി വിറപ്പിച്ച പീലികൾ-
ക്കെന്നിൽ കൊളുത്തിക്കെടുത്തിയ ദീപ്തികൾ-
ക്കെന്നിൽ നീ ചുംബിച്ചുണർത്തിയ പൂവുകൾ-
ക്കെന്നിൽ പകർന്ന പരാഗകണികകൾ-
ക്കെന്റെ ചുണ്ടിൽ നീ ചുരന്ന തേൻതുള്ളികൾ-
ക്കെല്ലാം—എനിക്കു കനിഞ്ഞു നീ തന്നതി-
നെല്ലാം പ്രിയപ്പെട്ട ജീവിതമേ! നന്ദി! നന്ദി!

*　　　*　　　*

നന്ദി! നീ നൽകാൻ മടിച്ച പൂച്ചെണ്ടുകൾ-
ക്കെന്റെ വിളക്കിലെരിയാത്ത ജ്വാലകൾ-
ക്കെൻ മണ്ണിൽ വീണൊഴുകാത്ത മുകിലുകൾ-
ക്കെന്നെ തഴുകാതെ, യെന്നിൽ തളിർക്കാതെ,
യെങ്ങോ മറഞ്ഞൊരുഷസ്സന്ധ്യകൾ, ക്കെന്റെ
കണ്ണിലുടഞ്ഞ കിനാവിൻ കുമിളകൾ—

ക്കെല്ലാം—എനിക്കു നീ നൽകാൻ മടിച്ചവ-
യെല്ലാം—പ്രിയപ്പെട്ട ജീവിതമേ! നന്ദി! നന്ദി!

* * *

നന്ദി! നിന്നാൽ മരച്ചോട്ടിലെ യിത്തിരി-
മണ്ണിനും, നീല നിഴൽ കുളിരിനു, മെൻ-
നെഞ്ഞത്തുറങ്ങുവാൻ ചായുമിക്കാറ്റിനും,
കുഞ്ഞിലത്തുമ്പികൾ മൂളുന്ന പാട്ടിനും,
ഈ വെയിലാഴി തൻ മധ്യത്തെയിത്തണൽ-
ദ്വീപിലെ യുച്ച മയക്കത്തിനും, പിന്നെ-
യീ ദിവാസ്വപ്നം പൊലിയുമ്പൊഴെന്നുള്ളിൽ
നീ ദയാർദ്രം കൊളുത്തുന്ന ദുഃഖത്തിനും നന്ദി! നന്ദി!

മോഷ്ടിക്കപ്പെട്ട ഒരു രാത്രി

എൻ. എൻ. കക്കാട്

ഇരമ്പും പകൽച്ചൂടും പൊടിയും
ദാഹങ്ങളമിരവേട്ടയും ക്രൗര്യങ്ങളുമൊഴിഞ്ഞും
ഒളിഞ്ഞും പതുങ്ങിയും നഗരം കടന്നേൻ ഞാൻ.
താന്തനായ്
നിശ്ചിന്തനായ്
നഗരപ്രാന്തത്തിലെ
ചെമ്മൺപാതയിലിറങ്ങീ ഞാൻ.
(ഭാഗ്യമാരുമേ പിൻതുടരുന്നീലിപ്പോളെന്നെ!)
പാതിവററിയ ജീവനാഡികൾതോറും
ആ തിരമണം ചേർന്ന
വെൺ—
കുളിർ —
തെന്നൽ
നിറഞ്ഞും
ചുററിപ്പിണഞ്ഞും
തളിർത്തും തഴച്ചുവെ,
ശാന്തവുമുദാരവുമായൊരെൻ വീട്ടിൽ
അഭയം പ്രാപിച്ചു ഞാൻ!
(ഹാവൂ, പിന്നിലില്ലാരും!)
സ്വച്ഛമാമൊരു രാത്രിയുംകൂടി
മോഷ്ടിച്ചു പാതാളത്തിൽനിന്നും
സ്വത്രത്തിൽ കൊണ്ടിങ്ങു പോന്നേൻ,
വിയർപ്പും പൊടിയുമായ്
ചളികെട്ടിയ ഫയൽക്കെട്ടുകൾ
ഇപ്പടിപ്പുറതൻ ചുമർപൊത്തിൽ
ഇറക്കിസ്സൂക്ഷിക്കട്ടെ.

ഇതിലുണ്ടേറെ കദ്രുപുത്രന്മാരുറങ്ങുന്നു.
നോട്ടുകൾ
താക്കീതുകൾ
വിശദീകരണങ്ങൾ......
(ശാന്തവുമുദാരവുമായ വീടശുദ്ധപ്പെടരുതല്ലോ!)
ചുട്ട കല്പടവുകൾതോറും
മഞ്ഞുവീണുയരുന്ന ഗന്ധവും
കാട്ടുപൊന്തകളുടെ ശ്യാമഛായയും
കുളത്തിലെ
സ്വച്ഛമാം ജലത്തിന്റെ കുളിരും—
ഞാനീ ശുദ്ധിയിൽ മുഴുകട്ടെ.
കത്തുമീ നിലവിളക്കിന്റെ
ശോണച്ഛായയിൽ
തിളങ്ങുമോട്ടുകിണ്ണത്തിലെ
ചുടുകഞ്ഞിതന്നാവിയും
ചുനനീലിച്ച കണ്ണിമാങ്ങതൻസ്വാദും
ഈറനാം ചുരുൾമുടിച്ചാർത്തിലെ
കൈതപ്പൂവിൻ ഗന്ധവും
കൈത്തണ്ടകളിലെ വർണ്ണരാജിയും
നിർദ്ദന്തമാം ശിശുവിന്റെ
വളയും ചുണ്ടിൽ പൂക്കും സ്മിതവും
ഉറങ്ങും കുഞ്ഞിൻ
കൺപോളകളിൽ
വിരിയും സംശുദ്ധിയും—
ഇതല്ലെങ്കിൽ സ്വർഗ്ഗമെന്തിനി വേറെ?
(മോഷ്ടിച്ച മുതലിന്റെ വിലയിന്നറിയുന്നു ഞാൻ).

ആ വിളി

കൃഷ്ണൻ പറപ്പിള്ളി

പടിയ്ക്കൽ പാഠം നോക്കി
നിൽക്കയായിരുന്നു ഞാൻ
പഠിയ്ക്കും കാലത്തോമൽ
പ്രകൃതി വിളിയ്ക്കുവെ.
വിളികേട്ടെന്നാകില്ല-
മന്നൊന്നു മിന്നേപ്പോലെ
വിളിതൻ പൊരുളറി-
ഞ്ഞീല ഞാൻ വേണംമട്ടിൽ.
നെൽക്കതിരോരോന്നുമ-
ന്നെന്നോടായെന്തോ ചൊല്ലി
നില്പതായ്ത്തോന്നീ, ശീലും-
ശൈലിയുമറിഞ്ഞീല
ഇന്നു ഞാൻ വിദ്യാലയം
വെടിഞ്ഞെൻ വീട്ടിൽനിന്നു
മിങ്ങതി ദൂരത്തെത്തി;
ഇന്നുമാവിളി കേൾപ്പൂ.
എൻ കർമ്മരംഗം മാറീ;
കാഴ്ചകൾ മാറീ ചുറ്റും
എങ്കിലും കരളമായ്
പൊൽക്കതിരുരുമ്മുന്നു
കതിരിന്നുരുമ്മലിൽ
നിന്നുദിച്ചീടുന്നൊരു
കനകദ്യുതിയിലാ-
പ്പൊരുളും തെളിയുന്നു:—
'നിത്യത നിൽപ്പൂ ചാരെ-
ജ്ജീവിത കേദാരത്തിൽ
വിത്തിടാൻ, വിളനില-
മൊരുക്കു കളപോക്കി'.

മൗലികം

എം. ഗോവിന്ദൻ

മണ്ണിന്റെ കണ്ണിലുറങ്ങി വിത്തായ്
മഞ്ഞവെയിലിന്റെ പാടചൂടി
കരുവായ് വെള്ളയായ് ത്തോടിനുള്ളിൽ
കളകാഞ്ചി പാടാതെ കാത്തിരുന്നു.
വിരിയാത്ത മൊട്ടിനു വെട്ടമേകാൻ
ഉയരാത്ത ചിറകിനുയിർ കൊടുപ്പാൻ.

വേലിയ്ക്കൽ തത്തമ്മപോലെ ജന്മ-
വേളവന്നപ്പോൾ വിളിച്ചുരച്ചു:
''വിരിയാത്ത മൊട്ടേ, വിരിഞ്ഞുകൊള്ളൂ;
വീശാത്ത തൂവലേ, നീയുയരൂ.''

വിത്തിനകത്തു ഞരക്കമപ്പോൾ
''വിടരുന്നതെന്തിനു വീഴുവാനോ!''
മുട്ടയിൽനിന്നൊരു മൂളക്കം
''മൊട്ടയിൽനിന്നും ചുടലയോളം
കോട്ടുവായിട്ടു കുടഞ്ഞെണീക്കാൻ
പുത്തനാം തൂവലിതെന്തിനാവോ!''

വേലിയ്ക്കൽ തത്തമ്മപോലെ മൃത്യു-
വേദന വന്നേവം വേദമോതി.

''പുഞ്ചിരി ചുണ്ടിന്റെ പുണ്യമെങ്കിൽ
പുന്നെല്ലി നെല്ലിലുറങ്ങണങ്കിൽ
പൂവിന്റെ മോക്ഷം വികാസമത്രേ;
തൂവലിൻ ലക്ഷ്യം പറക്കലല്ലീ?''

മൂകസംഗീതം

പി. നാരായണക്കുറുപ്പ്

അല്ലിൻ പകുതി കഴിഞ്ഞിട്ടും ചെ-
റ്റില്ലൊരുറക്കമെനി,ക്കിത്താരകൾ
മുല്ലക്കാട്ടിലെ യക്ഷിക്കോവിലി-
ലെന്തിനു വന്നു തുണയില്ലാതെ?
അമ്പലനടയിൽ പ്പടരുമൊരാൽമര-
മല്ലീ വനം? അതിന്റെ ചുവട്ടിൽ
പണ്ടു മുതല്ലേ പാർത്തു വരുന്നു
ഗന്ധർവ്വരു മറുകൊലകളുമൊപ്പം!
പാതിരതൻ മൃദുമധുരക്കമ്പിയി-
ലേതൊരു കൈവിരൽ മുട്ടീ, മുഗ്ദ്ധം-
കാതിലൊരത്ഭുത സംഗീതത്തി-
ന്നലകളലിഞ്ഞു മൂകം മൂകം.
തെരുവു വിളക്കുകൾ കെട്ടു; നിശ്ചല-
ഗാംഭീര്യം പോൽ പാത കിടന്നു,
കടലിലലിഞ്ഞു ലോകം; കരളിലെ-
ഗാനം മാത്ര മുണർന്നുവരുന്നോ?
പച്ചക്കല്ലണി ഗോപുരനടയി-
ലുറക്കംതൂങ്ങീ പവമാനനു, മൊരു
നിശ്ചലനിർവ്വൃതിയെങ്ങും; പാതിര
പാടുന്നല്ലോ മധുരം മധുരം!
ഭാവനയല്ലാ, നാദം, കാതിൽ
പതിയുമനശ്വര ജീവിതഗാനം
പാതിര വെൽവൂ പകലിൻ ചൂടേ-
റ്റുരുകും ജീവനു കുളിർ പകരാനായ്

തള്ളം ജീവിത യാന്ത്രിക ഘർഗ്ഘര-
തരമാം ധ്വനി കേട്ടഴലേണ്ടാ; പര-
മുള്ളിലുറങ്ങു മുദാരമഹസ്സിൽ
സർവ്വാശ്ലേഷപരം സംഗീതം!

* * *

പിറേറന്നെൻെറ സുഹൃത്തു പറഞ്ഞു,
രാത്രിയിലിങ്ങുണ്ടണ്ടർ ഗ്രൗണ്ടിൽ
നോട്ടടി, സേട്ടിൻ കൈത്തൊഴിലാണതു്;
കോടക്കാമച്ചടിയുടെ മൂളക്കം.

ചുവപ്പിന്റെ ലോകം

ജി. കുമാരപ്പിള്ള

വെററില തിന്നു ചുവന്നൊരു ചുണ്ടുകൾ;
തെററിപ്പൂവുകൾ: കാടുകൾ തോറും
പട്ടുപുതച്ച കടച്ചച്ചക്കകൾ;
വെട്ടിവിളങ്ങും കമ്മൽക്കല്ലുകൾ,
കാനന വഹ്നിജ്വാലകൾ; അടിമുടി
പൂവിൽ പൊതിഞ്ഞൊരു വാകകൾ;
പാലൊളി വീശും പശുവിൻ പള്ളയിൽ
ശോണിമ കത്തിയൊരോമൽ പുള്ളികൾ;
കുങ്കുമതിലകം ചാർത്തിയൊരുങ്ങിയൊ-
രമ്പിളി നെററികൾ, ആതിരരാവിൽ
കിങ്ങിണി കെട്ടിയിണങ്ങിയ കന്യകൾ
ചെങ്കഴൽ വെച്ചു കളിക്കുന്നളവിൽ;
കങ്കണമിളകിത്താളമടിക്കും
ചെമ്പഞ്ഞിച്ചാറണിയും കയ്യുകൾ;
ചെന്തെങ്ങിന്റെ കരിക്കുകൾ; തത്ത-
ച്ചുണ്ടുകൾ; വിടരും ചെന്താർമൊട്ടുകൾ;
മൃദുലസുഗന്ധദ്രവ്യം പൂശിയ
വദനത്തളിരുകൾ; പൂങ്കുലയാലൊരു-
നിറപറവെയ്ക്കുന്നരളിക്കാടുകൾ;
അരുണോദയ നവദീപ്തിജ്ജ്വാലകൾ;
തരുണവസന്തം തൊട്ടതലോടും
കവിളിൻ കാവ്യമദാലസഭംഗികൾ;
തളിരണി മാവിൻ ചില്ലുകൾ; മാമര-
വലയിലുടക്കിയ സായംസന്ധ്യകൾ;

അമ്മ കറുത്തും മകള് വെളുത്തും
വന്നൊരു വീട്ടിൽ പൊട്ടിവിടർന്നൊരു
മകളുടെ മകളാം സുന്ദരിയാളുടെ
മലരൊളി മേനി വഴിഞ്ഞൊരു ശോഭകൾ;

മഞ്ഞിൻ കണികകൾ വീണുനനഞ്ഞൊരു
ചെമ്പനി നീരലർ; കണ്ടാലാർക്കുമൊ-
രുമ്മ കൊടുക്കാൻ കൊതിതോന്നുന്നൊരു
കുഞ്ഞിക്കണ്ണൻ കന്നിക്കരുവുകൾ
മാണിക്യദ്യുതി തിങ്ങിയിയങ്ങിയ
മാലകൾ ചാർത്തും കൊച്ചു കവുങ്ങുകൾ
പുതുമഴ വീണൊരു ചെങ്കൽ പാതകൾ
പൂവരശിന്റെ മരുങ്ങിയ കുടകൾ;

അറ്റമെഴാതൊരു മണലിൻ കടലിൽ
കൊച്ചുതുരുത്താം ശാദ്വലഭൂവിൽ
പച്ചപ്പട്ടു വിരിപ്പിന്നിടയിടെ-
യെത്തി വിളിക്കും മാതളമൊട്ടുകൾ,
തൂവെള്ള പ്പുതുപുടവ വിളമ്പിൽ
വീതിയിലിട്ട ചുവന്നൊരു കരകൾ;
നറുമുന്തിരി നീരകമേ പതയും
സ്ഫടിക മനോഹര ചഷകശതങ്ങൾ;

ഞാനറിയാതെൻ കണ്ണിനെയനുദിന-
മാവാഹിക്കും ഗോപുരവാതിലിൽ
ആകെ നിറഞ്ഞു പൊതിഞ്ഞു കവിഞ്ഞൊരു
ശോണോജ്ജ്വലമാം ബൂഗയ്ൻ വില്ലകൾ.

കാണെക്കാണെ ക്കണ്ണു വിടർത്തും
കേവലകൗതുക മെന്റെ കിനാവിൽ
പ്രതി നവശോണ വിചിത്രോജ്ജ്വലമാം
പ്രിയതരമിവയെ ത്താലോലിപ്പൂ.

ആദിയുഷസ്സിൻ ചെന്താമരയിതൾ
പാതിവിടർന്നു തുടുത്തൊരുനാൾ മുതൽ

മഴയും മഞ്ഞും വേനലുമൊഴിയാ-
തിരവുമുഷസ്സും പകലുമെഴാതെ
ആർദ്രതയോലും വിരലാൽ നൂറ്റൊരു
നേർത്തു മിനുത്ത കിനാവിന്നിഴയാൽ
മഴവില്ലൊളികളെ നെയ്തു മഴിച്ചും
വിഹരിക്കുന്നൊരനശ്വര ചേതന.
അവളുടെ നിത്യവസന്തോജ്ജ്വലമാം
കരളിൻ രാഗപരാഗം പൂശിയ
മാന്ത്രിക നൂലാൽ നെയ്യുന്നിവകളെ
മാന്ത്രികമിവയുടെ വർണ്ണവിലാസം.
കാണെ ക്കാണെ ക്കണ്ണു വിടർത്തും
കേവല കൗതുകമെന്റെ കിനാവിൽ
പ്രതി നവ ശോണ വിചിത്രോജ്ജ്വലമാം
പ്രിയതരമിവയെ ത്താലോലിപ്പൂ.

പ്രഭാതവന്ദനം

എൻ. എൻ. പാലൂര്

1

ഉഷസ്സേ, മനുഷ്യന്റെ
സൗന്ദര്യ സങ്കല്പ-
മാകെ കുഴച്ചൊരു
നിർമ്മിച്ചു നിന്നെ?
വെളുക്കുന്നതിൻ മു-
മ്പെഴുന്നേറ്റു മുങ്ങി-
ക്കുളിച്ചെത്തിടും നിത്യ-
ചൈതന്യമേ, സത്യ-
സൗന്ദര്യമേ, സാര-
സർവ്വസ്വമേ, കത്തു-
മഗ്നിക്കു തുല്യം ജ്വലിക്കുന്ന നിൻ
രാഗപൂരങ്ങളിജ്ജീവ-
ജാലങ്ങളിൽ രോമ-
ഹർഷങ്ങളെന്നും
വളർത്തുന്നു, നീ
ധർമ്മ പത്നിക്കു തുല്യം!

2

ഇരുട്ടെങ്ങു പോ-
യെങ്ങുപോയ്? പായയെല്ലാം
ചുരുട്ടുന്നു, ചുറ്റും
വെളിച്ചം വെളിച്ചം വെളിച്ചം!
കിഴക്കും വടക്കും
പടിഞ്ഞാറു മത്തെക്കു-

ദിക്കും മുകറമ്പഭോ-
ഗവും ചോട്ട, മെങ്ങും!
പശുക്കുട്ടി പോലെന്ന-
പോലേ പശുതാം
വെളിച്ചം കുടിക്കുന്നു,
കർമ്മങ്ങളോരോ-
ന്നനുഷ്ഠിച്ചിടുന്നു
നരൻ, തിന്നു വീക്കാൻ
കുടിക്കാൻ, രമിക്കാൻ
മരിയ്ക്കാനൊടുക്കം!

3

വിഹായസ്സിലേയ്ക്കുള്ള
കോണിപ്പടിക്കൽ
വിളംബം വരുത്തില്ല ഞാ,-
നൊന്നു നിൽക്കൂ.
ഇരക്കുന്നു ഞാ-
നത്രയുണ്ടെന്റെ മോഹം
ശരിയ്ക്കൊന്നു കാണ-
ട്ടെ ഞാൻ പൊന്നുഷസ്സേ.
മഹാഭാഗ്യശാലിയ്ക്കു-
പോലും ലഭിയ്ക്കാൻ
മഹാ ദുർഘടം നിൻ
മുഖം ദർശനീയം.

4

കുറച്ചൊന്നു ദൂരത്തു
മാറു കൊടും ദുഃഖ-
സത്യങ്ങളേ നിങ്ങ-
ളെന്നോടുകൂടി-

ക്കളിയ്ക്കാനിനി ക്കോ-
പ്പിടേണ്ടാ, വെളിച്ച-
ത്തിരുട്ടിന്നു ജീവി-
യ്ക്കുവാൻ സാദ്ധ്യമാമോ?
ഒരമ്മയ്ക്കുപത്തുണ്ടു-
പെൺമക്കളെന്നാ-
ലൊരച്ഛന്നു പത്താണു-
മുണ്ടായിരിക്കും

5

കളിച്ചും ചിരിച്ചും
ജനിച്ചും മരിച്ചും
നിനച്ചും നിനയ്ക്കാതെ
'കുന്തി'ച്ചിരുന്നും,
കൊടുത്തും കുറച്ചൊക്കെ
വാങ്ങിച്ചുമൊക്കെ-
സ്സഹിച്ചും ചരിയ്ക്കുന്നു
കാലംക്രമത്തിൽ
അഹോ കാലമേ
നിന്നിൽ നിന്നെന്തു തൊട്ടം-
ണഹം വന്നതെന്നൊന്നു
ചൊല്ലിത്തരാമോ?

6

നിറുത്തട്ടെ ഞാനെൻ
മഹാമോഹഭംഗ-
സ്വരം പൊന്നുഷസ്സേ
വരൂ, നിന്നിൽനിന്നും
കൊളുത്തട്ടെ പത്തല്ല
നൂറല്ല കത്തി-

ജ്ജ്വലിക്കുന്ന പന്തങ്ങ-
ളെൻ പിൻമുറക്കാർ.
വരും ഞാനവക്ക്വെയ്-
വഴിയ്ല്ലൊക്കെ യോരോ-
വെറും മൺചിരാതെ-
ങ്കിലും വെച്ചുപോകാം.
അതാണെൻെറ മോഹം
അതാണെൻെറ ദാഹം
അതാണെൻെറ ജീവൻെറ
ശക്തിപ്രവാഹം.

അമാവാസി രാത്രിയിൽ

ടി. ആർ. ശ്രീനിവാസ്

ആരെ പ്രതീക്ഷിച്ചു വന്നു നീ? താമസ-
ഭീകര വിശ്വവനാന്തര ഗൂഢതേ?
കാരിരുമ്പിന്റെ ഹൃദയം തുരന്നെട-
ത്താരെ കുരിശിൽ തറയ്ക്കാനണഞ്ഞു നീ?
പേക്കിനാവിന്റെ ഉമിത്തീയിലാരുടെ-
നാക്കറുത്തിട്ടു ഹോമിക്കാനണഞ്ഞു നീ?
പോക്കുവെയ്‌ലിന്റെ ചളിപ്പാടമാകെയും
പാഴ്ക്കൂണുയർന്നു കുട നീർത്തി നില്ക്കവേ,
ഏതു് വൃക്ഷത്തെ കടപുഴക്കുന്നു നീ,
ഏതു കൊടുങ്കാറ്റു നിശ്വസിക്കുന്നു നീ
ആരെ പ്രതീക്ഷിച്ചു വന്നു നീ? എന്നെയോ?
ആരുടെ രക്തം കുടിക്കാനണഞ്ഞു നീ?
എന്നെയാ, ണെന്നെയാണെങ്കിൽ നീയാരെന്നു-
മെങ്ങനിന്നെന്നും തമസ്വിനീ ചൊല്ലുകിൽ
കിന്നരി, എന്നെ യർപ്പിച്ചേൻ നിനക്കു ഞാൻ
വന്നെന്റെ മജ്ജയു മൂറ്റിക്കുടിക്കുക!
എന്റെ രക്തത്തിൻ ചുമപ്പാൽ വരയ്ക്കുക
വിൺ ചുമരിന്മേലുഷസ്സൊന്നു കൂടി നീ
വാരിയെല്ലൂരിയെറിയൂ, നിഷാദിനീ
ഊറിയുണരാതിരിക്കട്ടൊരവ്വയും-
കൂടി—ഉരിച്ചുരിച്ചെന്റെ തൊലിയൊരു
ചെണ്ടയ്ക്കു തോലാക്കു,കിന്നിമേൽ വേണ്ടറെ-
ജന്മാന്തരങ്ങ, ളൂരിഞ്ഞുയരേണ്ട, വജ്ര,
എന്നെയർപ്പിച്ചേൻ നിനക്കായ്, സ്മൃതിയിലെ
ച്ചെന്തീയിലെന്നിലെ കണ്ണീർക്കടലുകൾ
ആവിയായ് ധൂപം കൊളുത്തുമിപ്രാകൃത-
മൂഢവികൃത നിമിഷത്തിലംബികേ,

പോരൂ! തുറിയ്ക്കു മിഴികൾ, താരങ്ങളി-
ച്ചേരുവയില്ലാത്ത നേരുംനുണകളും
പാതയിൽക്കണ്ണു പൊത്തുന്ന പുകകളും
ചായവും ചാടിക്കുതിക്കും ചതികളും
എല്ലാം മറക്കാം, മറന്നുനിന്മാറിലെ
ശൂന്യതയായി ത്തളിർക്കാം, വരൂ! വരൂ!

ഒന്നുണ്ടു പക്ഷേ: പറയൂ-ഇമ്മണ്ണിന്റെ
പുണ്ണിൽനിന്നോടി കുതറി ഞാനി ന്നിലെ
വന്യത പൂകിയാൽ കാണുമോ വീണ്ടുമീ-
ച്ചുണ്ണാമ്പുപൂശിയ കൽച്ചുമരങ്ങു മി-
ക്കാസരോഗത്തിൽ പിടയുമുയിരിന്റെ-
കാററും? പുഴുക്കുത്തു വീണ കനികളും
മൂക്കൊലിയ്ക്കുന്ന മുരടിച്ച ശൈശവം,
മൂടിപ്പുതന്ന കബന്ധങ്ങ,ളിന്ധന-
മാളിപ്പടരും വിശപ്പുക? ളെങ്കിൽ ഞാ-
നില്ല വരുന്നില്ല, ഞാൻ വരുന്നില്ല ഞാൻ.
അന്യന്റെ പുണ്ണിലുരച്ചു പൊങ്ങുന്നതീ-
തന്നിലൊരു തരിച്ചാരമാം ബീഡി-
കൊളുത്തുന്ന രാക്ഷസരങ്ങുമുണ്ടോ?, എങ്കി
ലില്ല വരുന്നില്ല ഞാൻ, വരുന്നില്ല ഞാൻ...
സോപ്പുപതയാൽ വിമാനം പണിഞ്ഞൊരാ-
യുസ്സിൻ ഞരമ്പു പിഴുതു, പിരി ച്ചൊരു
ജീനിയും കണ്ണുതുരന്ന വെളിച്ചവും
കണ്ണുരന്ധ്രങ്ങൾ തുളച്ചു ഭൂമ്യന്തര-
'മെട്രോ' വഴികളും നിർമ്മിച്ചു; മൂക്കിലെ
പെട്രോൾപ്പുക മണം കൊണ്ടു ജനസ്സിന്റെ
താരുണ്യമാകെയും കാൻസർ പരത്തിടും
രാക്ഷസ ബാധതൻ രഥ്യകളങ്ങുമു-
ണ്ടെങ്കിൽ വരുന്നില്ല ഞാ-
നെങ്കിൽ, വരുന്നില്ല ഞാൻ...

ഞാൻ വരുന്നില്ലാ,യുസ്സിനെക്കരുവാളിച്ച-
മേശവിരിയാൽ പ്പുത,ച്ചന്യരക്തമാം-
വീഞ്ഞു കുടിക്കു മതിഥികളെന്നെയും
കുഞ്ഞാടു പോലാക്കിയേതോ അദൃശ്യമാം
ചമ്മട്ടി വീശിച്ചിരിച്ചട്ടഹാസമാർ-
ന്നമ്മറത്തിങ്കലെ ത്തൂണുപിളന്നൊരു
പച്ചനുണയാല വതാരമാണെന്നു,
മുക്തിയാണെന്നു ഗർജ്ജിക്കുമെങ്കിൽ
എങ്കിൽ വരുന്നില്ല ഞാൻ...
ഇല്ല നീ, യങ്ങുനിന്ന,ല്ലെങ്ങുവാടക-
വീടുകൾ പല്ലിളിക്കുന്നു, കുടിശ്ശിക-
ട്ടാക്സിനായ് ക്കോടതി ലാത്തിയുയർത്തുന്നു;
എങ്ങുപൊടിയിൽ പൊതിഞ്ഞകവിതകൾ-
തൻ കളരിംഖണം വീർപ്പുമുട്ടുന്നു.
എങ്ങു ചരിത്രമാമമ്മ,മ്മ വററിയ-
നെഞ്ചിൽ മനുഷ്യക്കിടാവിനെപ്പേടിയാം-
എല്ലുവിരലാൽ ബ്ബലാൽ ചേത്തുശ്ശൂന്യത-
യീമ്പാൻ വിരട്ടുന്നു; കണ്ണുരുട്ടും ഭാവി
കൊമ്പാൽ വയറുപിളർന്നു ചാപിള്ളയാ-
'മിന്നിനെ' ബ്ഭൂതകാലത്തിന്റെ കുണ്ടിലേ-
ക്കാഞ്ഞെറിയുന്നു, അങ്ങുനിന്നല്ല നീ,
അല്ല നീ, മുക്തി സ്വരൂപിണീ, സംശയ-
പ്പുല്ലുചവക്കും പുലികളീ മർത്ത്യർ,
വെറുപ്പിന്റെ തേററ ത്തുടക്കുവോർ, നീ-
നിത്യപ്രപഞ്ചദയിതയല്ലോ; നിന്റെ-
ഗർഭത്തിലെ ഭ്രൂണമല്ലി ഞാൻ? നിന്മാറി-
ലൊട്ടിപ്പിടക്കും തമസ്സല്ലി ഞാൻ?
എന്റെ കറുപ്പാലെഴുതിയ ചിത്രമേ,
എന്റെ വൈരൂപ്യം പിളർന്ന കൃപാണമേ,
കൈനീട്ടി വന്നു ഞാൻ കൈവരിച്ചാലുമെൻ-
കൈവല്യരൂപിണീ, കാനനദേവതേ!
കൈവരിച്ചാലും വരുന്നു ഞാൻ, വന്നു ഞാൻ!

ഓണപ്പുടവ

കെ. വി. രാമകൃഷ്ണൻ

ഒരു തെച്ചിപ്പൂങ്കുല കത്തിയ-
കരളിനകത്ത വിരാമം
നിറയുന്നൊരു നറുതേന്തൂറിയ
നെയ്യട നേദിച്ചീടാൻ
ഒരു നീല നിലാവിൽ നേരിയ
ഞാണുമുറുക്കിയ വില്ലിൻ
തരളിത മൃദുനാദമെഴും മമ
ചേതനയർപ്പിച്ചീടാൻ,
കതിർ വിതറും കുളിർ മന്ദസ്മിത-
മിതളവിടർത്തിട്ടു മോണ-
പ്പുത്തുപൂവാം ചെഞ്ചൊടികളിൽ നി-
ന്നുള്ളിലിറുത്തു നിറയ്ക്കാൻ,
ഇലനിറയെ വിളമ്പിയ വിഭവ
സമൃദ്ധി ചുരത്തിയ ഗന്ധ-
ത്തെളിനീരുമൊരുക്കി വിളിച്ചിട്ടു-
മാതിഥ്യത്തെ രുചിക്കാൻ,
ചുഴലവു, മതി സൗഹൃദവായ്പിൻ-
നെയ്ത്തിരി നാളം തെളിയും
മിഴികളുമായ് തോഴികൾ സാമ്യമ-
കന്നൊരു താളമുതിർക്കെ
നിറപറതൻ മീതെയൊരുക്കിയ
പൂക്കുല പോൽ നിന്നുള്ളം
വിറകൊൾകെ, പ്പാതിവിടർന്നൊരു
പനിനീർക്കയ്യുകൾ നീട്ടി
മിഴികൂമ്പിയ നാണവുമായ് നീ-
നിൽക്കെ, കൈക്കുളിലോണ

പ്പുടവതരാൻ വന്നേൻ ഞാൻ, സഖി!
പൂവിളിയാർപ്പുകൾ കേട്ടേൻ!

ii

സഖിയെവിടെ? തോഴികളെവിടെ?
പ്പുമുഖ വാതിലിൽ നിൽപൂ-
പുകയേററു കലങ്ങിയ, മിഴിനീർ-
മുററിയ വേദനമാത്രം!
പൂവിളിയില്ലിവിടെ, വരമ്പിൻ-
ചരിവിൽ വിരിഞ്ഞിടുമോണ-
പ്പൂ, വിളറീ പൊൻവെയിൽ മാഞ്ഞു.
നിഴലുകൾ നീളെയിഴഞ്ഞു.
കരൾ നിറയെ, ച്ചുണ്ടുവിടർത്തും
പ്രണയ സുഗന്ധവുമാ,യി-
പ്പുരയുടെ മണിദീപികപോലെ
വളർന്നവളെവിടെപ്പോയി?
ശ്രീലകമിന്നേതോ വാതിൽ മ-
ലർന്നു തുറന്നു കിടപ്പൂ?
ശൂന്യതയുടെ തുപ്പടിയിന്നേ-
ലാരുടെ കാലടി കാൺമൂ?
ചുടുചോര തുളുമ്പിയ ഹൃദയ-
മിന്നൊരു വേദിയിലിപ്പോൾ
കടലാസ്സിൻ ചുരുളുനിവർത്തിയ
പൂങ്കുല കത്തിയിരിപ്പൂ!
ഒളിമങ്ങിയൊരോണപ്പൂവിൻ
ചുണ്ടിനു ചായം തേയ്ക്കാൻ
തെളിതേറലുണങ്ങിയ കരളിൻ-
മദാന്ധത കോരിയൊഴിക്കാൻ.
തുനിയുവതിന്നെങ്ങനെ, സങ്ക-
ല്പങ്ങളുടെ സിരകളൊഴിക്കാൻ?
ഇനിയാക്കിളിമരുതിൽക്കരുതിയൊ-
[illegible]

അമൃതം കടയുന്നു

കെ. ജി. മേനോൻ

കടൽ

മാനവപ്രഭാവമേ! നിഷ്പ്രഭം നീയെൻ മുന്നിൽ
ഞാനിളകിയാൽപ്പിന്നെ ക്കഴിഞ്ഞു ലോകംതന്നെ

തീമല

എന്നുള്ളിലെന്നും കത്തിജ്ജ്വലിക്കും തീക്കുണ്ഡത്തിൽ
കുന്നുകൾ, കരകളും, കടലും ദഹിച്ചുപോം!

കാററ്

ഞാനൊരു വലുതായ നെടുവീർപ്പിട്ടാലുടൻ
ഹാ! നിലം പതിച്ചീടും ജീവരാശികളെല്ലാം.

മിന്നൽ

തിട്ടമിക്കൈയ്‌വാൾമതി ചക്രവാളത്തെപ്പററി
വെട്ടിയീ പ്രപഞ്ചത്തിൻ ചുടലക്കളം തീർക്കാൻ

മനുഷ്യൻ

അരനാഴികവേണ്ടെൻ മാരകായുധം പോരും
തരിയായ് മാററാൻ സർവ്വം; തീർപ്പു ഞാനെടുത്തെന്നാൽ

കുട്ടി

ഹന്ത! നാമെല്ലാം തന്നെ നാശമായ്പ്പോയാൽ ലോക-
മെന്തിനെന്നെന്നോടൊന്നു ചൊല്ലണേ മഹാകവേ !

കവി

അറിഞ്ഞുമറിയാഞ്ഞുമെൻറയീലോകത്തിൽ ഞാൻ
നുണഞ്ഞിങ്ങിറക്കാനായമൃതം കടയുന്നു.

ആത്മാഹുതി

സച്ചിദാനന്ദൻ

ദിക്കുകൾ നാലും പിളർന്നു മാന്തി-
പ്പിടഞ്ഞാളും കുരിശിൽ
പടർന്നു കത്തുന്നു നിൻ രൂപം!
വിരാട്പുമാൻ രൂപം.
പഞ്ചക്ഷതങ്ങളിൽ
പഞ്ചഭൂതങ്ങളുരുകിയൊലിച്ചും
വർത്തമാനത്തിലുടലു കൊളുത്തിയും
കാലുകൾ ഭൂതത്തിലാഴ്ത്തിയും
ഭാവിയിൽ സായാഹ്നസൂര്യനെരിയും
ശിരസ്സു പരത്തിയും
ഉള്ളുകൾ വീണു തണുത്ത മന്ദാരങ്ങൾ
പൂത്തു കൊഴിഞ്ഞൊരു ചെംചരൽ പാതയിൽ
ശംഖുകൾ മുത്തുവിഴുങ്ങും കടലിനെ നോക്കി-
യിരുണ്ട മന്വന്തര ഗഹ്വരമൊക്കെയും
ദുഃഖത്തിനെ മുറിവേല്പിച്ചുദാരനായ്
മൂകഗംഭീരനായ്, സ്നേഹമായ്
നിന്നു നീ.
പിന്നെപ്പിടഞ്ഞടഞ്ഞപ്പോൾ
നിൻ പഞ്ചേന്ദ്രിയങ്ങൾ!
നിൻ കണ്ണുകൾ വാനിന്നു നീലിമ
നിൻ കാതെന്റെ സൂര്യന്നു ഗാനം
നിൻസ്പർശ മീശ്ശുശ്രൂഷിച്ച മണ്ണിനു സ്നിഗ്ദ്ധത
ഘ്രാണമിപ്പൂവിനു സൗരഭമുഗ്ദ്ധത
നിൻ രസം വീഞ്ഞിനു വീര്യം
പിന്നെ നിൻ ശൈശവം
ഭൂവിൻ വസന്തമായ്

ബാല്യം പുതുമുള നീട്ടുന്നവർഷമായ്
കൗമാരമല്ലി വിളയും ശിശിരമായ്
യൗവന മത്യുഗ്രഗ്രീഷ്മവും.
അല്ലെങ്കിൽ ഞാൻ
പഞ്ചേന്ദ്രിയങ്ങളിലൂടെ
ഇപ്പഞ്ചക്ഷതങ്ങളിലൂടെ
എൻപഞ്ചസൂര്യന്മാരെ യാഹുതിചെയ്യുന്ന ഞാൻ
ഞാൻ തന്നെയല്ലി നീ?

കവിപരിചയം

1. മഹാകവി ഉള്ളൂർ (പരമേശ്വരയ്യർ)

ജനനം: 1877 മരണം: 1949

പ്രധാന കൃതികൾ:

1. ഉമാകേരളം (ഒരു ചരിത്രകാവ്യം)
2. ഇരുപത്തിയഞ്ചിലേറെ ഖണ്ഡകാവ്യങ്ങളും കാവ്യസമാഹാരങ്ങളും.
3. കേരള സാഹിത്യചരിത്രം — 7 വാല്യങ്ങളിൽ.

മലയാളത്തിൽ പുരോഗമന സാഹിത്യത്തിലെ മൂന്നു മഹാകവികളിൽ ഒരാൾ.

ബഹുമതികൾ:

കവിതിലകൻ, മഹാകവി, സാഹിത്യ നിപുണൻ — കേരള സാഹിത്യപരിഷത്തിന്റെ അദ്ധ്യക്ഷൻ — പരിഷദ് മാസികയുടെ പത്രാധിപത്യം.

2. മഹാകവി വള്ളത്തോൾ (നാരായണമേനോൻ)

ജനനം: 1879 മരണം: 1958

പ്രധാന കൃതികൾ:

1. ചിത്രയോഗം (മഹാകാവ്യം)
2. സാഹിത്യമഞ്ജരി (10 ഭാഗങ്ങളായി പ്രസിദ്ധീകരിച്ച കവിതാ സമാഹാരം)
3. പന്ത്രണ്ടിലേറെ ഖണ്ഡകാവ്യങ്ങൾ: ഉദാ: ബന്ധനസ്ഥനായ അനിരുദ്ധൻ? മഗ്ദലനമറിയം, കൊച്ചുസീത.

തർജ്ജമകൾ:

a) ഋക്‌വേദം (4 ഭാഗങ്ങൾ)
b) വാത്മീകി രാമായണം
c) അഭിജ്ഞാനശാകുന്തളം

പുരോഗമന സാഹിത്യത്തിലെ ഏററവും കേമംവിപ്പെട്ട കവി — മലയാള സാഹിത്യത്തിലെ തികഞ്ഞ ദേശാഭിമാനി — കേരള കലാമണ്ഡലത്തിന്റെ ജനയിതാവ് — പുരാതന കലയായ കഥകളിക്ക് ഒരു നവോത്ഥാനം നൽകി.

ബഹുമതികൾ:

കവി സാർവ്വഭൗമൻ — കവി തിലകൻ — പത്മഭൂഷണം — മലയാളത്തിലെ മഹാകവി പദം മദിരാശി ഗവൺമെണ്ട് കല്പിച്ചു കൊടുത്തു — സാഹിത്യ അക്കാദമിയുടെ ഉപാദ്ധ്യക്ഷൻ — കേരള സാഹിത്യപരിഷത്തിന്റെ അദ്ധ്യക്ഷൻ.

3 ചങ്ങമ്പുഴ കൃഷ്ണപിള്ള

ജനനം: 1912 മരണം: 1948

പ്രധാന കൃതികൾ:

1. രമണൻ (മലയാള സാഹിത്യത്തിലെ ഒന്നാമത്തെ വിലാപ കാവ്യം)
2. ബാഷ്പാഞ്ജലി
3. സ്പന്ദിക്കുന്ന അസ്ഥിമാടം
4. സ്വരരാഗസുധ

നാല്പതിലേറെ കവിതാ സമാഹാരങ്ങൾ — ചുരുക്കം ഗദ്യകാവ്യങ്ങളും. മലയാള സാഹിത്യത്തിലെ ഏററവും ജനസമ്മതി നേടിയ സ്നേഹഗായകൻ.

4. ജി. ശങ്കരക്കുറുപ്പ്: ജനനം: 1901

പ്രധാന കൃതികൾ:

1. സൂര്യകാന്തി
2. അന്തർദ്ദാഹം
3. വിശ്വദർശനം
4. ജീവനസംഗീതം

6. ഓടക്കുഴൽ

ഇരുപതിലേറെ പദ്യ സമാഹാരങ്ങൾ — നാലു ഭാഗങ്ങളിലായി ഗദ്യകാവ്യങ്ങളും.

തർജ്ജമകൾ:

1. കാളിദാസന്റെ മേഘസന്ദേശം

2. ഒമാർഖയ്യാം

3. ടാഗോറിന്റെ 'ഏകോദരസതി'യും 'ഗീതാഞ്ജലി'യും

ജ്ഞാനപീഠം വക തർജ്ജമകൾ:

1. ബാൻസുരി (ഓടക്കുഴൽ)

2. ഏക് ഓർ നചികേത്

റഷ്യൻ ഭാഷയിൽ:

ഉഷാതാര (ഉത്രണ്ണ സ്വേസ്ദാ)

ബഹുമതികളും ബിരുദങ്ങളും:

ബിരുദങ്ങൾ: സാഹിത്യ നിപുണൻ, കവിതിലകൻ, പത്മഭൂഷൺ.

ബഹുമതികൾ: 1. കേന്ദ്രീയ സാഹിത്യ അക്കാദമി അവാർഡ്

2. കേരള സാഹിത്യഅക്കാദമി അവാഡ്

3. ജ്ഞാനപീഠം: ഒന്നാമത്തെ അവാർഡ്

4. സോവിയററ് ലാൻറ് നെഹ്റു അവാർഡ്

രാജ്യസഭയിലെ നോമിനേററഡ് മെമ്പർ (1968-1972) കേരള സാഹിത്യ അക്കാദമി, കേരള സാഹിത്യ പരിഷത്ത്, ഭാരതീയ സാഹിത്യ പരിഷത്ത് എന്നിവയുടെ അദ്ധ്യക്ഷപദവി, പി. ഇ. എൻ. (ഇന്ത്യാ വിഭാഗം) ന്റെ ഓണററി മെമ്പർ — 14 കൊല്ലം പരിഷദ് മാസികയുടെ പത്രാധിപസ്ഥാനം വഹിച്ചു. ''തിലകം'' മാസികയുടെ പത്രാധിപർ.

5. നാലാപ്പാട്ട് ബാലാമണിയമ്മ: ജനനം: 1909

പ്രധാന കൃതികൾ:

1. അമ്മ
2. കുടുംബിനി
3. മുത്തശ്ശി
4. ലോകാന്തരങ്ങളിൽ
5. സോപാനം—തുടങ്ങിയവ

(പത്തിൽ കൂടുതൽ കവിതാ സമാഹാരങ്ങൾ)

30 പദ്യങ്ങൾ ഇംഗ്ലീഷിൽ തർജ്ജമ ചെയ്യപ്പെട്ടു. ഒരു കവിതാ സമാഹാരം ഹിന്ദിയിൽ തർജ്ജമ ചെയ്യപ്പെട്ടു.

അവാർഡുകൾ:

കേരള സാഹിത്യ അക്കാദമി അവാർഡ്

കേന്ദ്രീയ സാഹിത്യ അക്കാദമി അവാർഡ്

'സാഹിത്യനിപുണ' എന്ന ബിരുദം

(പദ്യങ്ങളുടെ മേന്മ: ആശയാവിഷ്കരണം)

6. വെണ്ണിക്കുളം ഗോപാലക്കുറുപ്പ്: ജനനം: 1902

പ്രധാന കൃതികൾ:

1. മാണിക്യവീണ
2. കദളീവനം
3. സൌന്ദര്യപൂജ
4. വസന്തോത്സവം — തുടങ്ങിയവ

തർജ്ജമകൾ:

1. തിരുക്കുറൾ
2. തുളസീദാസ രാമായണം
3. ഭാരതിയാരുടെ പദ്യങ്ങൾ

അവാർഡുകൾ:

1. കേരള സാഹിത്യ അക്കാദമി അവാർഡ്
2. ''ഓടക്കുഴൽ'' അവാർഡ്

3. സാഹിത്യനിപുണൻ എന്ന ബഹുമതി
4. തമിഴ് എഴുത്തുകാരുടെ വക സ്വർണ്ണമെഡൽ.

7. പി. കുഞ്ഞിരാമൻ നായർ: ജനനം: 1906

പ്രധാനകൃതികൾ:

1. കളിയച്ഛൻ
2. താമരത്തോണി
3. താരത്തേൻ
4. പൂക്കളം — തുടങ്ങിയവ

(ഇരുപതിലേറെ കവിതാസമാഹാരങ്ങൾ)

അവാർഡുകൾ:

1. കേന്ദ്രീയ സാഹിത്യ അക്കാദമി അവാർഡ്
2. കേരള സാഹിത്യ അക്കാദമി അവാർഡ്

ബിരുദങ്ങൾ:

1. സാഹിത്യനിപുണൻ

ഒരു ഭക്തകവി

8. വൈലോപ്പിള്ളി ശ്രീധരമേനോൻ: ജനനം: 1911

പ്രധാന കൃതികൾ:

1. കന്നിക്കൊയ്ത്ത്
2. ശ്രീരേഖ
3. കടൽക്കാക്കകൾ
4. കുടിയൊഴിക്കൽ
5. വിട —തുടങ്ങിയവ

പത്തിൽ കൂടുതൽ കവിതാസമാഹാരങ്ങൾ

ബിരുദങ്ങളും അവാർഡുകളും:

1. സാഹിത്യനിപുണൻ
2. സോവിയററ്ലാൻറ് നെഹ്റു അവാർഡ്

3. കേരള സാഹിത്യഅക്കാദമി അവാർഡ്

4. കേന്ദ്രീയ സാഹിത്യഅക്കാദമി അവാർഡ്

5. ''ഓടക്കുഴൽ'' അവാർഡ്

ശാസ്ത്രീയവീക്ഷണവും സ്നേഹഗായകനുമായ ഒരു കവി.

9. എടശ്ശേരി ഗോവിന്ദൻ നായർ: ജനനം: 1906

പ്രധാന കൃതികൾ:

1. അളകാവലി
2. കാവിലെ പാട്ട്
3. കറുത്ത ചെട്ടിച്ചികൾ
4. തെരഞ്ഞെടുത്ത കഥകൾ

13-ൽ കൂടുതൽ കവിതാസമാഹാരങ്ങളും ചുരുക്കം നാടകങ്ങളും.

അവാർഡുകൾ:

1. കേന്ദ്രീയ സാഹിത്യഅക്കാദമി അവാർഡ്
2. കേരള സാഹിത്യഅക്കാദമി അവാർഡ്

ബിരുദങ്ങൾ:

1. സാഹിത്യനിപുണൻ

ഗഹനമായ രീതി കൈക്കൊണ്ടിട്ടുള്ള ഒരു കവി — ചിലപ്പോൾ വിപ്ലവകാരിയായിത്തോന്നും; മറ്റു ചിലപ്പോൾ ഒരു യാഥാർത്ഥികനും.

10. കെ. കെ. രാജാ

ജനനം: 1893 മരണം: 1969

പ്രധാന കൃതികൾ:

1. ബാഷ്പാഞ്ജലി
2. നടക്കാത്ത ഞാൻ
3. തുളസീദാമം — തുടങ്ങിയവ

12-ൽ കൂടുതൽ കവിതാസമാഹാരങ്ങൾ.

ബിരുദങ്ങളും അവാർഡുകളും:

1. കേരള സാഹിത്യഅക്കാദമി അവാർഡ്
2. സാഹിത്യനിപുണൻ

ഒരു മിസ്റ്റിക്ക കവി.

11. എൻ. വി. കൃഷ്ണവാരിയർ: ജനനം: 1917

പ്രധാന കൃതികൾ:

1. നീണ്ട കവിതകൾ
2. വിദ്യാപതി
3. ഗാന്ധിയും ഗോഡ്സേയും
4. ഗദ്യസമാഹാരങ്ങൾ
5. സഞ്ചാരകഥകൾ

വളരെക്കാലം ''മാതൃഭൂമി ആഴ്ചപ്പതിപ്പി''ന്റെ പത്രാധിപ രായിരുന്നു. ഇപ്പോൾ സംസ്ഥാന (കേരള) ഭാഷാഇൻ സ്റ്റിട്ട്യൂട്ടിന്റെ ഡയരക്ടർ.

അവാർഡുകൾ:

1. സോവിയററ്ലാൻറ്-നെഹ്റു അവാർഡ്
2. കേരള സാഹിത്യഅക്കാദമി അവാർഡ്

പുരോഗമന സാഹിത്യകാരൻ: യാഥാസ്ഥിതികൻ; ചില പ്പോൾ ഒരു സററയറിസ്ററു കൂടിയാണ്.

12. പാലാ നാരായണൻ നായർ: ജനനം: ഡിസംബർ 1911

പ്രധാന കൃതികൾ:

1. പൗർണ്ണമി
2. അമൃതകല
3. ജീവിതകാഹളം
4. കേരളം വളരുന്നു — മുതലായവ

മുപ്പതിൽപരം കവിതാസമാഹാരങ്ങൾ

പ്രൈസുകൾ:

1. എം. പി. പോൾ പ്രൈസ്

2. കല്യാണി കൃഷ്ണമേനോൻ പ്രൈസ്

13. **എം. പി. അപ്പൻ:** ജനനം: 1913

പ്രധാന കൃതികൾ:

1. വെള്ളിനക്ഷത്രം
2. സൗന്ദര്യധാര
3. അമൃതബിന്ദുക്കൾ (ഗദ്യം) മുതലായവ

ഇരുപതിൽപരം പദ്യ-ഗദ്യ സമാഹാരങ്ങൾ

14. **നാലാങ്കൽ കൃഷ്ണപിള്ള:** ജനനം: 1910

പ്രധാന കൃതികൾ:

1. രാഗതരംഗം
2. ശോകമുദ്ര
3. രത്നകങ്കണം
4. സിന്ദൂരരേഖ —മുതലായവ

   ഗദ്യം—''മഹാക്ഷേത്രങ്ങൾക്ക മുന്നിൽ''

15. **സിസ്റ്റർ ബെനീഞ്ഞ:** ജനനം: 1901

പ്രധാന കൃതികൾ:

1. കാവ്യമേള
2. മധുമഞ്ജരി
3. ഇലഞ്ഞിപ്പൂക്കൾ

സാഹിത്യസോപാനം ഗണിച്ച് പോൾ മാർപ്പാപ്പ അവക്ക് ഇയ്യിടെ ഒരു ബഹുമതി നൽകുകയുണ്ടായി.

16. ഒളപ്പമണ്ണ: ജനനം: 1923

പ്രധാനകൃതികൾ:

1. കിലുങ്ങുന്ന കയ്യാമം
2 പാഞ്ചാലി
3. നങ്ങേമക്കുട്ടി
4. എഹി സുനരി—തുടങ്ങിയവ

അവാർഡ്:

കേരള സാഹിത്യ അക്കാദമി അവാഡ്. ഇന്നു ജീവിച്ചിരിക്കുന്ന പ്രധാന കവികളിൽ ഒരാൾ.

17. അക്കിത്തം: ജനനം: 1926

പ്രധാന കൃതികൾ:

1. ഇരുപതാം നൂററാണ്ടിലെ ഇതിഹാസം
2. ബാലിദർശനം
3. കരതലാമലകം
4. പഞ്ചവർണ്ണക്കിളികൾ—മുതലായവ.

തർജ്ജമ:

സി. ആർ. ദാസിന്റെ "സാഗര സംഗീതം"

അവാർഡ്:

കേരള സാഹിത്യ അക്കാദമി അവാഡ്.

18. കടത്തനാട്ട് മാധവി അമ്മ: ജനനം: 1909

പ്രധാന കൃതികൾ:

1. കാല്യോപഹാരം
2. ഗ്രാമശ്രീകൾ
3. കണിക്കൊന്ന—തുടങ്ങിയവ.

19. സി. എ. ജോസഫ്: ജനനം: 1910

പ്രധാന കൃതികൾ:

1. മാതൃസ്മരണ
2. പുൽക്കൊടികൾ
3. കാവേരി—മുതലായവ.

20. ഒ. എൻ. വി. കുറുപ്പ്: ജനനം: 1931

പ്രധാന കൃതികൾ:

1. ദാഹിക്കുന്ന പാനപാത്രം
2. മരുഭൂമി
3. അഗ്നിശലഭങ്ങൾ
4. മയിൽപ്പീലി

പത്തിൽപ്പരം കവിതാസമാഹാരങ്ങൾ എഴുതിയിട്ടുണ്ട്.

അവാർഡ്:

കേരള സാഹിത്യ അക്കാദമി അവാർഡ്. ഒരു പ്രധാന യുവകവി. അദ്ദേഹത്തിന്റെ സിനിമാപാട്ടുകൾ ജനസമ്മതി നേടിയവയാണ്.

21. വയലാർ രാമവർമ്മ: ജനനം: 1928

പ്രധാന കൃതികൾ:

1. ആയിഷ
2. മുളങ്കാടുകൾ
3. സർഗ്ഗസംഗീതം—മുതലായവ.

ഏതാണ്ട് പതിനഞ്ച് പദ്യസമാഹാരങ്ങൾ രചിച്ചിട്ടുണ്ട്. സിനിമാപടങ്ങൾക്ക് അനവധി ഗാനങ്ങൾ രചിട്ടുണ്ട്.

22. പി. ഭാസ്കരൻ: ജനനം: 1924

പ്രധാന കൃതികൾ:

1. വയലാർ ഗർജ്ജിക്കുന്നു
2. ഓർക്കുക വല്ലപ്പോഴും
3. സത്രത്തിൽ ഒരു രാത്രി
4. മുറ്റക്കിരീടം മുതലായവ.

സിനിമാ സംവിധായകനും ഗാനരചയിതാവും. ഒരു അനുഗൃഹീത കവി. സിനിമാലോകത്തുനിന്നും അനവധി അവാർഡുകൾ നേടിയിട്ടുണ്ട്.

23. സുഗതകുമാരി: ജനനം: 1934

പ്രധാനകൃതികൾ:

1. പാവം മാനവഹൃദയം
2. പാതിരാപ്പൂക്കൾ
3. മുത്തുച്ചിപ്പി
4. സ്വപ്നഭൂമി.

അവാർഡ്:

കേരള സാഹിത്യ അക്കാദമി അവാർഡ്. വളർന്നു വരുന്ന ഒരു യുവ കവയത്രി—ആശയാവിഷ്കരണത്തിൽ മേന്മ.

24. എൻ. എൻ. കക്കാട്: ജനനം: 1927

പ്രധാന കൃതികൾ:

1. തീർത്ഥാടനം
2. നിശാമുഖം
3. 1963
4. പാതാളത്തിന്റെ മുഴക്കം—തുടങ്ങിയവ.

ആധുനികകവിതയിൽ അദ്ദേഹത്തിന്റെ പരീക്ഷണങ്ങൾ ശ്രദ്ധേയങ്ങളാണ്.

25. എം. ഗോവിന്ദൻ: ജനനം: 1919

പ്രധാന കൃതികൾ:

1. ജ്ഞാനസ്നാനം
2. റാണിയുടെ പട്ടി (ഗദ്യം)
3. മേനക
4. സമസ്യകൾ—മുതലായവ

പദ്യങ്ങളിലും ഗദ്യങ്ങളിലുമായി പതിമൂന്നിൽപ്പരം കൃതികൾ രചിച്ചിട്ടുണ്ട്.

ആധുനികകവികളിൽ ഒരു പ്രധാന സ്ഥാനം. ''സമീക്ഷ'' പത്രാധിപരാണ്.

26. അയ്യപ്പപ്പണിക്കർ: ജനനം: 1930

''കേരളകവിത''യുടെ പത്രാധിപർ. മലയാളകവിതയിലെ ആധുനിക നവോത്ഥാനത്തിന്റെ നേതാക്കളിൽ ഒരാൾ.

27. വിഷ്ണുനാരായണൻ നമ്പൂതിരി: ജനനം: 1939

പ്രധാന കൃതികൾ:

1. സ്വാതന്ത്ര്യത്തെക്കുറിച്ച് ഒരു ഗീതം
2. പ്രേമഗീതങ്ങൾ

വളർന്നുവരുന്ന ആധുനിക യുവകവികളിൽ ഒരാൾ.

28. കൃഷ്ണൻ പാറപ്പള്ളി: ജനനം: 1921

പ്രധാന കൃതികൾ:

1. നവരേഖ
2. കണ്ണീരും പുഞ്ചിരിയും (ഖലീൽ ഗിബ്രാന്റെ കവിതകളുടെ തർജ്ജമ)

3. യുഗശില്പികൾ

"വിശാല കേരള"ത്തിന്റെ പത്രാധിപർ.

ശ്രദ്ധയാകർഷിക്കുന്ന വളർന്നുവരുന്ന ഒരു കവി.

29. പി. നാരായണക്കുറുപ്പ്: ജനനം: 1934

പ്രധാന കൃതികൾ:

1. ഗീതാനവനീതം
2. അശ്രുമാല്യം
3. ഗെഥെയുടെ "ഫോസ്റ്റസ്" മലയാളത്തിലേയ്ക്കു വിവർത്തനം ചെയ്തു.

ആധുനികകവി.

30. ജി. കുമാരപിള്ള: ജനനം: 1923

പ്രധാന കൃതികൾ:

1. അരളിപ്പൂക്കൾ
2. മരുഭൂമിയുടെ കിനാവുകൾ

സംഗീതാത്മകമായ കവിതകൾ ഒരു വിശേഷം.

31. ഒ. എം. അനുജൻ: ജനനം: 1928

പ്രധാന കൃതികൾ:

1. അഗാധ നീലിമകൾ
2. സൃഷ്ടി
3. വൈശാഖം — മുതലായവ.

ഉയർന്നുവരുന്ന ഒരു കവി.

32. എൻ. എൻ. പാലൂർ: ജനനം: 1932

പ്രധാന കൃതികൾ:

പേടിത്തൊണ്ടൻ

ഇന്ത്യൻ എയർലൈൻസിൽ ഒരു ഡ്രൈവർ. കവിതകൾ ഇന്നത്തെ പട്ടണജീവിതത്തെ പരാമർശിച്ചുള്ളവയാണ്.

33. ടി. ആർ. ശ്രീനിവാസ് ഉദ്ദേശം മുപ്പതു വയസ്സ്. ഉയർന്നുവരുന്ന ഒരു കവി.

34. കെ വി. രാമകൃഷ്ണൻ: ജനനം: 1935

പ്രധാന കൃതികൾ:

1. വാല്മീകി
2. സഹയാത്രികയോട്
3. ഡ്രാക്കുള (തർജ്ജമ) മുതലായവ.

കവിതയിൽ പരീക്ഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു.

35. കെ. ജി. മേനോൻ: ജനനം: 1922

അന്വേഷണത്തിന്റെ പത്രാധിപർ.
വേനനിർമ്മാണം തൊഴിലായെടുത്തിരിക്കുന്നു.

36. സച്ചിദാനന്ദൻ: ജനനം: 1946

ഉയർന്നുവരുന്ന കവി.

ആധുനികകവികളിൽ ഏററവും ആധുനികം. പരീക്ഷണങ്ങൾ ശ്രദ്ധേയമാണ്.